# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ജൂൺ വോള്യം: 9 ലക്കം: 10

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള


17 രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബജറ്റ്







06 സിഐടിയുവിന്റെ 51-ാമത് വാർഷികത്തിൽ സ. തപൻ സെന്നിന്റെ പ്രസംഗം

19 നൂറുദിന കർമ്മ പരിപാടി

09 രാജാവിന്റെ നഗ്നത സംവിധാനങ്ങളുടെ പരാജയം



21 ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു

36 പ്രായമേറുന്ന ജനസമൂഹം പുതിയ വെല്ലുവിളി
ജോസ് ടി എബ്രഹാം




40 എളമരം കരീം എം.പി.
ലക്ഷദ്വീപിൽ സംഭവിക്കുന്നത്

15 ഗവർണറുടെ നയപ്രഖ്യാപനം



45 മുഖമെത്ര മിനുക്കിയിട്ടും
എ. സിയാവുദീൻ

47 ഐടി പ്ലാറ്റ്ഫോംസ്
ദിനേശ് വർമ്മ


അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് &
പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# പലസ്തീന് പിന്നിൽ അണിചേരുക

പലസ്തീൻ ഗാസ മുനമ്പിൽ ഇസ്രായേൽ നടത്തിയ 11 ദിവസം നീണ്ടുനിന്ന പൈശാചിക ആക്രമണം മേയ് 21ന് താൽക്കാലികമായി അവസാനിപ്പിച്ചു. അടുത്ത കാലത്ത് അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്ത ആയുധങ്ങൾ ഉപയോഗിച്ചാണ് ഇസ്രായേൽ സേന നിരായുധരായ പലസ്തീൻ ജനതയെ ചുട്ടുകരിച്ചത്. ഹമാസിന്റെ തിരിച്ചടിയിൽ ഇസ്രായേൽ പ്രദേശത്തുണ്ടായ മരണങ്ങളുടെ 20 ഇരട്ടിയാണ് പലസ്തീൻ ഗാസയിൽ ഉണ്ടായത്.

ഇതിനുമുമ്പ് ഇസ്രായേൽ പലസ്തീന് നേരെ ആക്രമണം നടത്തിയത് ഏഴു വർഷം മുമ്പാണ്. 2014ൽ പ്രസ്തുത ആക്രമണം 51 ദിവസം നീണ്ടുനിന്നു. രണ്ടായിരത്തിലധികം പലസ്തീൻ പൗരന്മാർ ഈ ആക്രമണത്തിൽ കൊല്ലപ്പെടുകയുണ്ടായി. ഇതിൽ മഹാഭൂരിപക്ഷവും നിരപരാധികളായ പൗരന്മാരായിരുന്നു. ഐക്യരാഷ്ട്ര സഭയുടെ റിപ്പോർട്ട് അനുസരിച്ച് 142 കുടുംബങ്ങൾ പൂർണമായും തകർന്നടിഞ്ഞു. 2014ലെ ഇസ്രായേൽ ആക്രമണത്തിൽ 547 കുട്ടികളാണ് കൊല്ലപ്പെട്ടത്.

2014ലെ പോലെ ഇത്തവണയും ഇസ്രായേൽ സേന ആക്രമണം ലക്ഷ്യമാക്കിയത് ജനവാസകേന്ദ്രങ്ങൾ, ആശുപത്രികൾ, അഭയാർഥി ക്യാമ്പുകൾ തുടങ്ങിയവയാണ്. അന്ന് തകർക്കപ്പെട്ട വീടുകളും ആശുപത്രികളും ഇപ്പോഴും പൂർണമായി പുനർനിർമ്മിക്കപ്പെട്ടിട്ടില്ല. ഗാസയുടെ ഭരണം ഹമാസ് ഏറ്റെടുത്ത 2006ന് ശേഷം ഗാസക്ക് നേരെ ഇസ്രായേൽ ഉപരോധം ആരംഭിച്ചിരിക്കുകയാണ്. ജനങ്ങൾക്ക് താങ്ങാനാകാത്ത ദുരിതമാണ് ഇതുമൂലം ഉണ്ടായത്. ഇതിന് പുറമെയാണ് ഇടയ്ക്കിടെ നടക്കുന്ന സായുധ ആക്രമണം. 2008-09 ലും 2012ലും ഗാസയിൽ ഇസ്രായേൽ നടത്തിയ ആക്രമണങ്ങളിൽ ആയിരങ്ങളാണ് കൊല്ലപ്പെട്ടത്. ഹമാസിന് ഗാസയിലെ ജനങ്ങൾക്ക് സുരക്ഷിത ജീവിതം ഉറപ്പ് വരുത്താൻ ആവില്ലെന്ന് സ്ഥാപിക്കാനാണ് ഇസ്രായേലിന്റെ ലക്ഷ്യം. 2014ലെ യുദ്ധത്തിൽ പലസ്തീൻ വംശജരായ ജനതയുടെ നിരവധി വീടുകളാണ് തരിപ്പണമാക്കപ്പെട്ടത്. ഇപ്രാവശ്യവും അതെല്ലാം ആവർത്തിക്കപ്പെട്ടു. മേയ് മാസത്തിലെ ആക്രമണത്തിൽ 15,000 വീടുകൾ തകർക്കപ്പെട്ടു എന്നാണ് ഗാസയിലെ ഔദ്യോഗിക വൃത്തങ്ങൾ പറയുന്നത്. ഗാസയിലെ വ്യാവസായിക മേഖലയിലുള്ള ഭൂരിപക്ഷം വ്യവസായ ശാലകളും നാല് മുസ്ലീം പള്ളികളും തകർപ്പെടുകയുണ്ടായി. ഗാസയിലെ കുടിവെള്ള വിതരണ പദ്ധതിയുടെ പകുതിയും ഇസ്രായേൽ ആക്രമണത്തിൽ തകർന്നു എന്നാണ് യുഎൻ ഉദ്യോഗ്സ്ഥന്റെ വെളിപ്പെടുത്തൽ. ഇസ്രായേൽ വ്യോമസേനയുടെ  ബോംബാക്രമണത്തിൽ 50 കുട്ടികൾ ഉൾപ്പെടെ 248 പേർ കൊല്ലപ്പെട്ടു. 2000ഓളം സിവിലിയന്മാർക്ക് പരിക്കേറ്റു.

ഗാസയിൽ നിന്നുള്ള തിരിച്ചടിയിൽ, മിസൈൽ ആക്രമണത്തിലാണ് ഇസ്രായേൽ പ്രദേശത്ത് 12 പേർ കൊല്ലപ്പെട്ടത്. കേരളത്തിൽ നിന്നുള്ള സൗമ്യ എന്ന നേഴ്സ്, രണ്ട് തായ്‌ലന്റ് സ്വദേശികളും ഉൾപ്പെടുന്നു മരണപ്പെട്ടവരിൽ. ആക്രമണത്തിൽ ഇസ്രായേലിന്റെ ആയുധശേഷിയും സൈനിക മികവും വ്യക്തമാക്കുന്നതാണ് പലസ്തീനികൾ നേരിട്ട അനുഭവം. ഇസ്രായേലിന്റെ പിൻവശത്തുള്ള 'പുല്ലുചെത്തി കളഞ്ഞു' എന്നാണ് ഗാസ ആക്രമണത്തെ കുറിച്ച് ഇസ്രായേൽ വിശേഷിപ്പിച്ചത്. ഇത്തരം കൂട്ടക്കൊലയിലൂടെ ഇസ്രായേൽ അവരുടെ ആയുധശേഷി പരീക്ഷിക്കുകയും വലിയ ആയുധ കച്ചവടത്തിനുള്ള അവസരം നേടുകയും ചെയ്യുന്നു.

2019ൽ ഇസ്രായേൽ ആയുധ കയറ്റുമതിയിലൂടെ സമ്പാദിച്ചത് 9 ബില്യൺ ഡോളർ (68400 കോടി രൂപ) ആണ്. ഇത് ഇസ്രായേലിന്റെ ജിഡിപിയുടെ പ്രധാന ഭാഗമാണ്. അടുത്ത കാലത്ത് നടന്ന അസർബൈജാനും അർമിനിയയും തമ്മിലുള്ള യുദ്ധത്തിൽ ഇസ്രായേലിന്റെ ആളില്ലാ വിമാനങ്ങൾ (ഡ്രോൺ) മുൻപന്തിയിലുണ്ടായിരുന്നു. അർമിനീയക്ക് മേൽ അസർബൈജാന് ഉണ്ടായ വിജയത്തിന്റെ മുഖ്യപങ്ക് ഇസ്രായേൽ ഡ്രോണുകളുടേതാണ്. ഗാസയിലെ ജനവാസ കേന്ദ്രങ്ങളിലും പട്ടാള ആസ്ഥാനങ്ങളിലും രാഷ്ട്രീയ നേതാക്കൾക്ക് നേരെയും ബോംബാക്രമണം നടത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചത് ഡ്രോണുകളായിരുന്നു.

ഇസ്രായേൽ സൈനിക വിദഗ്ധന്മാർ അഭിപ്രായപ്പെട്ടത് ഇടയ്ക്കിടക്ക് പുല്ല് ചെത്തിക്കളയൽ ഒഴിച്ചുകൂടാനാവാത്തതെന്നായിരുന്നു. ഇത്തരം ശക്തിപരീക്ഷണങ്ങൾ ഇനിയും തുടരുമെന്നും അവർ പറയുന്നു. ഒരു വീപ്പയ്ക്കകത്തെ മത്സ്യത്തെ വെടിവച്ച് കൊല്ലുന്നതിന് സമാനമാണ് ഗാസയ്ക്ക് നേരെയുള്ള ഇസ്രായേൽ ആക്രമണങ്ങൾ. മേഖലയിലെ സുശക്തമായ ഒരു സൈന്യം താരതമ്യേന ദുർബലരായ പലസ്തീൻ ജനതയ്ക്ക് നേരെ നടത്തുന്നത് മനുഷ്യവേട്ടയാണ്.

ഇത്തവണത്തെ ആക്രമണത്തിൽ ഒരു സമയത്ത് 60 ഇസ്രായേലി സൈനിക വിമാനങ്ങളാണ് ഗാസയിലെ ഒരു കേന്ദ്രത്തിന് നേരെ ബോംബാക്രമണം നടത്തിയത്. 9 ദിവസത്തെ ബോംബാക്രമണം അമേരിക്കയുടെ അനുഗ്രഹാശിസുകളോടെയാണ് നടന്നത്. അമേരിക്കയിലെ അസോസിയേറ്റ് പ്രസ് , ഖത്തറിലെ അൽ ജസീറ എന്നീ മാധ്യമങ്ങൾ പ്രവർത്തിച്ചിരുന്ന ഗാസയിലെ ബഹുനില കെട്ടിടം പോലും വ്യോമാക്രമണത്തിൽ തകർക്കപ്പെട്ടു. ലോകം മുഴുവൻ ജനാധിപത്യ സംരക്ഷണത്തിന് കരാർ എടുത്ത അമേരിക്കയ്ക്ക് ഇതിലൊന്നും യാതൊരു എതിർപ്പുമില്ല. നിരായുധരായ ജനങ്ങളെ കൂട്ടക്കശാപ്പ് നടത്താൻ സാമ്രാജ്യത്വ ശക്തികൾ ഇസ്രായേലിന് കൂട്ടുനിൽക്കുകയായിരുന്നു. ബോംബാക്രമണത്തിൽ തകർക്കപ്പെട്ട 184 കെട്ടിടങ്ങളിൽ 33 എണ്ണം മാധ്യമപ്രവർത്തകർ താമസിക്കുന്നതായിരുന്നു. പത്രപ്രവർത്തകരെ പ്രത്യേക ലക്ഷ്യം വച്ചിരുന്നു. ഇസ്രായേൽ കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകരെ നിശബ്ദമാക്കലായിരുന്നു അവരുടെ ലക്ഷ്യം.

ഇസ്രായേലിന് പ്രതിരോധിക്കാൻ അവകാശമുണ്ട് എന്ന പ്രസ്താവനയിലൂടെ ആക്രമണത്തിന് പച്ചക്കൊടി കാണിക്കുകയായിരുന്നു അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ. ജനവാസ കേന്ദ്രങ്ങൾക്ക് നേരെയുള്ള ആക്രമണം മുമ്പത്തേക്കാൾ രൂക്ഷമായിരുന്നു.

ബോംബാക്രമണത്തിന് മുമ്പ് ജനങ്ങളോട് ഒഴിഞ്ഞു പോകാനുള്ള മുന്നറിയിപ്പുകൾ പോലും നൽകിയില്ല. ബഹുനില കെട്ടിടങ്ങൾ ബോംബാക്രമണങ്ങളിൽ തകർന്നുവീഴുന്നത് ഇസ്രായേൽ ടെലിവിഷൻ ആവർത്തിച്ചുകാണിച്ചു കൊണ്ട് ഇസ്രായേൽ സൈനിക ശേഷിയെ സംബന്ധിച്ച് വീമ്പ് പറയുകയായിരുന്നു വാർത്താ അവതാരകർ. ഈ ആക്രമണം നടക്കുന്ന ഘട്ടത്തിൽ ഇസ്രായേലിന് 735 മില്യൺ ഡോളർ വില വരുന്ന ആയുധങ്ങൾ വിൽപ്പന നടത്തുന്ന കാര്യം അമേരിക്ക പ്രഖ്യാപിച്ചു. വർഷം പ്രതി അമേരിക്ക 3.8 ബില്യൺ ഡോളർ (ഒരു ബില്യൺ = 100 കോടി) സൈനിക സഹായം ഇസ്രായേലിന് നൽകിവരുന്നു.  വർഷം തോറും നൽകിവരുന്ന സൈനിക സഹായം പശ്ചിമേഷ്യയിൽ അമേരിക്കയുടെ ഏറ്റവും വിലപ്പെട്ട നിക്ഷേപമാണെന്നും അതിൽ ഖേദിക്കേണ്ട സാഹചര്യമില്ലെന്നുമാണ് പ്രസിഡന്റാവുന്നതിന് മുമ്പ് ജോ ബൈഡൻ പറഞ്ഞത്. ഗാസയിൽ നിരായുധരായ പലസ്തീൻ ജനത മരിച്ചുവീഴുമ്പോൾ ജോ ബൈഡൻ ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിന് വിളിച്ച പിന്തുണ അറിയിക്കുകയാണ് ചെയ്തത്. വെടിനിർത്തൽ ആവശ്യപ്പെടുന്ന ഒരു പ്രമേയം യുഎൻ രക്ഷാസമിതിയിൽ അവതരിപ്പിക്കാൻ ചൈനയും റഷ്യയും നടത്തിയ ശ്രമത്തെ അമേരിക്ക വീറ്റോ ചെയ്തു. കഴിഞ്ഞ 70 വർഷത്തിനിടയിൽ ഇസ്രായേലിന് എതിരായ പ്രമേയങ്ങൾ പാസാകാതിരിക്കാൻ 42 തവണ യുഎൻ രക്ഷാസമിതിയിൽ അമേരിക്ക വീറ്റോ ചെയ്യുകയുണ്ടായി.

140 ചതുരശ്ര മൈൽ (363 ച.കി.മീ) വിസ്തീർണമുള്ള ദരിദ്രരായ 20 ലക്ഷത്തിലധികം ജനങ്ങൾ ജീവിക്കുന്ന ജനനിബിഡമായ ഗാസക്ക് നേരെ തങ്ങൾ ആക്രമണം നടത്തിയത് ഗാസയിൽ നിന്ന് ഇസ്രായേലിന് നേരെ നടന്ന റോക്കറ്റാക്രമണത്തിന് തിരിച്ചടിയായിട്ടാണ് എന്നാണ് ഇസ്രായേലി സർക്കാരും പാശ്ചാത്യ മാധ്യമങ്ങളും പ്രചരിപ്പിച്ചത്. ഗാസയിലെ മൂന്നിൽ രണ്ട് ഭാഗം ജനങ്ങൾ അഭയാർഥികൾ എന്ന് രജിസ്റ്റർ ചെയ്യപ്പെട്ടവരാണ്. 6 ലക്ഷം പേർ ജീവിക്കുന്നത് അഭയാർഥി ക്യാമ്പുകളിലാണ്. ഗാസയിലെ ജനസംഖ്യയിൽ പകുതി പേർ കുട്ടികളാണ്. അഭയാർഥി ക്യാമ്പുകൾ പോലും ഇത്തവണ ഇസ്രായേൽ ആക്രമണത്തിൽ നിന്ന് ഒഴിവാക്കിയില്ല.

ഗാസയിലെ തൊഴിലില്ലായ്മ നിരക്ക് 50 ശതമാനമാണ്. ഇത് ലോകത്തിലെ ഏറ്റവും ഉയർന്ന നിരക്കാണ്.  പുറത്ത് നിന്നുള്ള ഭക്ഷ്യസഹായം കൊണ്ടാണ് പകുതിയിലധികം പേരും ജീവിക്കുന്നത്. ഒരു തുറന്ന ജയിലിന് സമാനമായ വിധത്തിൽ ഗാസയെ ഉപരോധത്തിലാക്കിയ ഇസ്രായേൽ നടപടിയാണ് ജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

കോവിഡ് മഹാമാരിക്കെതിരെ ലോകം മുഴുവൻ പോരാടുന്ന സമയത്താണ് ഇസ്രായേൽ ഗാസക്ക് നേരെ ആക്രമണം അഴിച്ചുവിട്ടത്. ആ മേഖലയിലെ ഏക കോവിഡ് ടെസ്റ്റിങ്ങ് കേന്ദ്രവും ബോംബാക്രമണത്തിൽ തകർന്നു. ഇസ്രായേൽ അധീനതയിലുള്ള പ്രദേശങ്ങളിൽ വാക്സിൻ നൽകാൻ അവർ കൂട്ടാക്കുന്നില്ല. നിരന്തരമായ ബോംബാക്രമണത്തിൽ നിന്ന് രക്ഷ നേടാൻ കൂട്ടം കൂട്ടമായി രക്ഷാകേന്ദ്രങ്ങളിൽ അഭയം തേടേണ്ടി വന്നു. ബോംബാക്രമണത്തിൽ തകർന്ന കെട്ടിടങ്ങളും റോഡുകളും പുതുക്കിപ്പണിയുക, പരിക്കേറ്റവരെ ചികിത്സിക്കുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്തങ്ങൾക്കിടയിൽ കോവിഡ് പടർന്ന് പിടിക്കുമോ എന്ന ആശങ്കയിലാണ് ഗാസാ അധികൃതർ. ഐക്യ രാഷ്ട്രസഭയുടെ പാലസ്തീൻ കോഓർഡിനേറ്റർ ലിൻ ഹേസ്റ്റിങ്സ് പറയുന്നത് പലസ്തീനിൽ നിന്ന് വേർപെടുത്തി ഗാസയെ ഉപരോധത്തിലാക്കിയ ഇസ്രായേൽ നടപടി ഉടൻ അവസാനിപ്പിക്കണമെന്നാണ്. ഗാസയിൽ സംഭവിച്ച നാശനഷ്ടങ്ങൾ നേരിൽ കണ്ട ശേഷമാണ് അദ്ദേഹം ഈ അഭിപ്രായം പ്രകടിപ്പിച്ചത്. ജറുസലേം, ഇസ്രായേൽ തുടങ്ങിയ പ്രദേശങ്ങളിലെ പലസ്തീൻ വംശജർക്ക് നേരെ ഇസ്രായേൽ ഭരണകൂടം നിരന്തരമായി ആക്രമണം നടത്തിയ സാഹചര്യത്തിലാണ് മേയ് പത്തിന് ഗാസയിലെ മിലിട്ടറി ഗ്രൂപ്പുകൾ അവരുടെ കൈവശമുള്ള പഴക്കം ചെന്ന ഏതാനും റോക്കറ്റുകൾ ജറുസലേമിലേക്ക് തൊടുത്തുവിട്ടത്. ഹമാസ് സൈനികർ തൊടുത്തുവിട്ട മിസൈലുകൾ അധികവും മരുഭൂമിയിൽ പതിച്ചു. ചിലതിനെ ഇസ്രായേൽ പ്രതിരോധ സംവിധാനം തകർത്തു. ഈ അവസരം ഉപയോഗിച്ച് ഗാസയിൽ ബോംബാക്രമണം നടത്താൻ ഇസ്രായേൽ പ്രധാനമന്ത്രി നെതാന്യാഹു ഉത്തരവിട്ടു. പട്ടാളത്തോട് മുന്നേറാൻ നിർദേശിച്ചതുമില്ല. കരയുദ്ധത്തിൽ ഇസ്രായേലി സൈനികർ മരണപ്പെടുന്നത് ഒഴിവാക്കാനാണ് ഈ കൗശലം പ്രയോഗിച്ചത്.

വിശുദ്ധ റംസാൻ മാസത്തിൽ ജറുസലേമിലെ അൽ അഖ്സാ പള്ളിയിൽ പ്രാർഥന നടത്തുന്നത് തടസപ്പെടുത്തിയാൽ തങ്ങൾ നിശബ്ദരായി നോക്കിനിൽക്കില്ലെന്ന് ഹമാസ് ഇസ്രായേൽ സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നു. കിഴക്കൻ ജറുസലേമിലും മറ്റും പലസ്തീനികളെ കുടിയൊഴിപ്പിക്കുന്നത് നിർത്തിവയ്ക്കണമെന്നും ഹമാസ് ആവശ്യപ്പെട്ടിരുന്നു.

ലോക മുസ്ലീങ്ങളുടെ മൂന്നാമത്തെ വിശിഷ്ട ദേവാലയമായ അൽ അഖ്സാ പള്ളിയിൽ റംസാൻ മാസം ഒന്നിന് രാത്രിയിൽ (ഏപ്രിൽ 13ന്)  ഇസ്രായേൽ സൈന്യം കടന്നുകയറി അതിക്രമം നടത്തി. പ്രാർഥന പുറത്തുള്ളവരെ കേൾപ്പിക്കാൻ ഉപയോഗിക്കുന്ന സംവിധാനങ്ങൾ തകർത്തു. പള്ളി പരിപാലകരെ ബലമായി പിടിച്ചു പുറത്താക്കി. പ്രധാനമന്ത്രി നെതാന്യാഹുവന്റെ അനുമതിയില്ലാതെ ഇത്തരം ഒരു അതിക്രമം ഇസ്രായേൽ സേന ചെയ്യുമെന്ന് കരുതാനാവില്ല. തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കാതെ രാഷ്ട്രീയ പ്രതിസന്ധി നേരിടുകയായിരുന്ന നെതന്യാഹുവിന്റെ സൃഷ്ടിയാണ് അടുത്ത കാലത്ത് നടന്ന ഇസ്രായേൽ ആക്രമണം. സ്വന്തം രാഷ്ട്രീയ നേട്ടത്തിന് വേണ്ടി മാത്രമാണ് ഈ മനുഷ്യക്കുരുതി നടത്തിയത്. അഴിമതി ആരോപണം നേരിടുന്ന നെതാന്യാഹുവും പ്രധാനമന്ത്രി പദത്തിൽ നിന്ന് പുറത്തായാൽ വിചാരണയും തടവുശിക്ഷയും ലഭിക്കമെന്ന് ഭയപ്പെടുന്നുണ്ടായിരുന്നു (നെതാന്യാഹു മാറി ഇസ്രായേലിൽ പുതിയ പ്രധാനമന്ത്രി അധികാരമേറ്റിട്ടുണ്ട്).

സാമ്രാജ്യത്വ പിന്തുണയോടെ പലസ്തീൻ ഭൂപ്രദേശം കയ്യടക്കി ജൂതരാഷ്ട്രം സ്ഥാപിച്ച ഇസ്രായേൽ പലസ്തീനികളെ പൂർണമായും ആ നാട്ടിൽനിന്ന് പുറത്താക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സോവിയറ്റ്  യൂണിയന്റെ തകർച്ചക്ക് ശേഷമാണ് പലസ്തീൻ ഒറ്റപ്പെട്ടത്. ഒരു ജനതയുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനായി നടത്തുന്ന പോരാട്ടത്തിന്  പിന്നിൽ അണിനിരക്കാൻ എല്ലാ മനുഷ്യസ്നേഹികൾക്കും ഉത്തരവാദിത്തമുണ്ട്.

സിഐടിയുവിന്റെ 51-ാമത് വാർഷികത്തിൽ
സ. തപൻ സെൻ ചെയ്ത പ്രസംഗം

## അധ്വാനിക്കുന്നവരെ യോജിപ്പിച്ച്

# പോരാട്ടത്തിന്റെ പാതയിൽ എത്തിക്കുക



**CITUവിന്റെ 51-ാമത് സ്ഥാപക ദിനം ആചരിക്കുന്ന ഈ അവസരത്തിൽ സ്ഥാപക സമ്മേളനത്തിൽ ഏറ്റെടുത്തതും CITUവിന്റെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളതുമായ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി നമുക്ക് ഒരിക്കൽകൂടി ആത്മസമർപ്പണം ചെയ്യാം. ഇതുവരെ എത്തിച്ചേരാനാകാത്ത തൊഴിലാളികളിലേയ്ക്കും അധ്വാനിക്കുന്ന ജനങ്ങളിലേയ്ക്കും നമുക്ക് എത്തിച്ചേരാം. നമ്മുടെ ഗ്രാമ/ബ്ലോക്ക്/മൊഹല്ല തല ഏകോപന സമിതികളിലൂടെ നമുക്ക് താഴെത്തട്ടിലെ ഇടപെടൽ ശക്തമാക്കാം.**

പ്രിയ സഖാക്കളെ, സുഹൃത്തുക്കളെ,

കോവിഡ് മഹാമാരിയും അതിനെ തുടർന്ന് നിരവധി സംസ്ഥാനങ്ങളിൽനടപ്പിലാക്കിയ അടച്ചുപൂട്ടൽ/കർഫ്യൂ/നിയന്ത്രണങ്ങൾ എന്നിവയും കാരണം തുടർച്ചയായ രണ്ടാം വർഷവും സിഐടിയുവിന്റെ സ്ഥാപക ദിനമായ മേയ് 30 വളരെ പരിമിതമായ രീതിയിൽ ആചരിക്കുന്നതിന് നാം നിർബന്ധിതരായിരിക്കുകയാണ്.

CITUവിന്റെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് ഒരു കൊല്ലം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളാണ് നാം ആസൂത്രണം ചെയ്തിരുന്നത്. 2020 മേയ് 30ന് കൊൽകൊത്തയിൽ വച്ച് വിപുലമായ സമാപന ചടങ്ങ് നടത്തുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിയിൽ എല്ലാം തകിടംമറിക്കപ്പെട്ടു. കഴിഞ്ഞ കൊല്ലത്തെ സ്ഥാപക ദിനം വീടുകളിലും തൊഴിലിടങ്ങളിലും മറ്റു സ്ഥലങ്ങളിലും CITUവിന്റെ പതാക ഉയർത്തിക്കൊണ്ടും പ്രതിജ്ഞ എടുത്തുകൊണ്ടും വളരെ കുറച്ച് മാത്രം പങ്കാളിത്തത്തോടെയാണ് ആചരിച്ചത്.

ഇക്കൊല്ലം സ്ഥിതിഗതികൾ സാധാരണ നിലയിൽ ആകുമെന്നും അതിനാൽ നമ്മുടെ സംഘടനയുടെ സ്ഥാപക ദിനം ഉചിതമായി ആചരിക്കുവാൻ കഴിയുമെന്നുമാണ് നാം പ്രതീക്ഷിച്ചത്. എന്നാൽ ആ പ്രതീക്ഷയും സഫലമായില്ല. കഴിഞ്ഞ സെപ്തംബറോടെ കോവിഡിന്റെ വ്യാപനത്തിൽ കുറവുണ്ടായി എങ്കിലും മഹാമാരി ഇന്ന് ഇരട്ടി ശക്തിയോടെ തിരിച്ചു വന്നിരിക്കുകയാണ്. രാജ്യത്താകെ രോഗബാധയും മരണവും ക്രമാതീതമായി വർധിക്കുകയാണ്. രണ്ടാം തരംഗത്തെക്കുറിച്ച് ശാസ്ത്രജ്ഞരും വിദഗ്ധരും മുൻകൂട്ടി പ്രവചിച്ചിരുന്നു. കേന്ദ്ര സർക്കാരിന് മുന്നറിയിപ്പ് നല്കുകയും ചെയ്തു. എന്നാൽ മോദി സർക്കാർ ഇതെല്ലാം അവഗണിക്കുകയാണുണ്ടായത്. ആരോഗ്യ സംവിധാനത്തെ സർക്കാർ വേണ്ടവിധം ശക്തിപ്പെടുത്തണമായിരുന്നു. ഇതിന് അനിവാര്യമായും വേണ്ട ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചില്ല. ആശുപത്രി കിടക്കകളും, പ്രാണവായുവും, വെൻറിലറ്ററുകളും, അടിയന്തര ചികിൽസാ സൗകര്യങ്ങളും മെച്ചപ്പെടുത്താനും ശ്രമിച്ചില്ല. മറിച്ച് രോഗവ്യാപനം നിയന്ത്രണവിധേയമാകും മുന്നേ വൈ

റസ്സിനുമേലെ വിജയം നേടിയെന്ന് പ്രഖ്യാപനം നടത്തുകയാണ് ചെയ്തത്. രോഗത്തിനെ ഫലപ്രദമായി തടഞ്ഞുകൊണ്ട് 'മാനവരാശിയെ തന്നെ രക്ഷിച്ചുവെന്ന്' അന്താരാഷ്ട്ര വേദികളിൽ മേനി പറയുകയുമുണ്ടായി. ലക്ഷക്കണക്കിന് ജനങ്ങളാണ് രണ്ടാം തരംഗത്തിൽ മരണപ്പെട്ടത്. നിരവധി മരണങ്ങൾ കോവിഡ് കാരണമല്ല നടന്നത്. മറിച്ച് യഥാസമയം ചികിൽസ ലഭിക്കാത്തതിനാലാണ്. ആശുപത്രി കിടക്കകൾ, ഓക്സിജൻ, മരുന്നുകൾ വെൻറിലേറ്ററുകൾ ഇവ ഒന്നും തന്നെ ലഭ്യമല്ലായിരുന്നു. കിടക്ക കിട്ടാത്തതിനാൽ ആശുപത്രി പരിസരത്ത് രോഗികൾ മരിച്ചു വീഴുകയും ഒന്നിലധികം രോഗികൾ ആശുപത്രികൾക്ക് പുറത്ത് ഒരു ഓക്സിജൻ സിലണ്ടർ പങ്കുവെക്കുകയും ചെയ്യുന്ന ദയനീയമായ അവസ്ഥയായിരുന്നു രാജ്യത്തിന്റെ പല ഭാഗത്തും. മോദി സർക്കാരിന്റെ കുറ്റകരമായ അനാസ്ഥയും ജനങ്ങളുടെ ജീവനെക്കുറിച്ച് പൂർണ്ണമായ വ്യാകുലതയില്ലായ്മയുമാണ് ഇത് വരുത്തിവച്ചത്. വാക്സിൻ ഉത്പ്പാദനത്തിന്റെ കാര്യത്തിൽ പ്രഥമ സ്ഥാനമാണ് ഇന്ത്യ അലങ്കരിക്കുന്നത്.

എന്നാൽ രാജ്യത്തെ ജനസംഖ്യയുടെ ആവശ്യകതയ്ക്ക് അനുസൃതമായി വാക്സിൻ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിൽ മോദി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായ വീഴ്ച കാരണം വലിയ വാക്സിൻ ദൌർലഭ്യതയെയാണ് നാം അഭിമുഖീകരിക്കുന്നത്. മഹാമാരിയുടെ ഇപ്പോഴത്തെയും ഭാവിയിലെയും തരംഗങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഏക മാർഗം എത്രയും പെട്ടെന്ന് ഭൂരിപക്ഷത്തെയും കുത്തിവെയ്പ്പിന് വിധേയമാക്കുക എന്നതാണ്. എന്നാൽ BJP സർക്കാരിന് ജനങ്ങളുടെ ജീവനെ സംരക്ഷിക്കുന്നതിനെക്കാൾ പ്രധാനം മോദിയുടെ പ്രതിശ്ചായ നിർമ്മിതിയാണ്. ഇതുവരെ കുത്തിവയ്പ്പ് നടത്തീട്ടുള്ളത് മൊത്തം ജനസംഖ്യയുടെ 10%ൽ താഴെയുള്ളവർക്ക് മാത്രമാണ്.

ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ സംരക്ഷിക്കുന്നതിലും മോദി സർക്കാർ തികഞ്ഞ അലംഭാവമാണ് കാട്ടിയത്. മഹാമാരിയുടെ ആദ്യ ഘട്ടത്തിൽ തന്നെ കോടിക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും നഷ്ടമായി. ദിവസ വേതന തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ, ചെറുകിട സ്ഥാപനങ്ങളിലെ ജീവനക്കാർ, ചില്ലറ വ്യാപാരികൾ എന്നീ വിഭാഗങ്ങൾ ഉൾപ്പെടെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന 80% ത്തോളം പേർക്ക് കഴിഞ്ഞ വർഷത്തെ അടച്ചുപൂട്ടൽ കാരണം തൊഴിലില്ലാതായി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ ആഘാതത്തിൽ നിന്ന് മുക്തരാകും മുന്നേ മഹാമാരിയുടെ രണ്ടാം തരംഗം അവരെ വീണ്ടും ശക്തമായി പ്രഹരിച്ചിരിക്കുകയാണ്. ദശലക്ഷക്കണക്കിന് തൊഴിലാളികൾക്ക് വീണ്ടും തൊഴിൽ/വരുമാന നഷ്ടം സംഭവിച്ചിരിക്കുന്നു. ലക്ഷക്കണക്കിന് ചെറുകിട/ഇടത്തരം സംരംഭങ്ങൾ തകർച്ചയെ നേരിടുന്നു. രണ്ടാം ഘട്ടത്തിൽ 74 ലക്ഷം പേർക്ക് തൊഴിലില്ലാതായി എന്നാണ് സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നത്. 23 കോടിയോളം ആൾക്കാർ ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടപ്പെട്ടിരിക്കുകയാണ്. പട്ടിണി കൂടുതൽ വ്യാപകമായിരിക്കുന്നു.

ഇതേ കാലട്ടത്തിൽ തന്നെ വൻ കോർപ്പറേറ്റുകളുടെ സമ്പത്ത് വർദ്ധിക്കുകയുണ്ടായി എന്നത്




ശ്രദ്ധേയമാണ്. ഇന്ത്യയിലെ ഡോളർ ശതകോടീശ്വരന്മാരുടെ സമ്പത്തിൽ 35% വർദ്ധനവാണ് ഉണ്ടായത്. 24% ജനങ്ങൾക്ക് പ്രതിമാസം 3000 രൂപ വരുമാനം ലഭിച്ചപ്പോൾ മുകേഷ് അമ്പാനി ഒരു മണിക്കൂറിൽ 90 കോടി രൂപയാണ് വാരിക്കൂട്ടിയത്. ആഗോള തലത്തിൽ ഡോളർ ശത കോടീശ്വരന്മാരുടെ സമ്പത്ത് 32% കണ്ട് വർദ്ധിച്ചു.

മോദി സർക്കാരിന്റെ സ്വേച്ഛാധിപത്യ, ഫാസിസ്റ്റ് ഉദ്ദേശങ്ങൾ ജനങ്ങളുടെ മൌലികമായ ജനാധിപത്യ/മാനുഷിക/ഭരണഘടനാ അവകാശങ്ങൾക്ക് നേരെയുള്ള ആക്രമങ്ങളിൽ വെളിപ്പെടുകയാണ്. എതിർക്കുന്നവരെ "ദേശ വിരുദ്ധരായും", "തീവ്രവാദികളായും" മുദ്രകുത്തുകയും അറുപിന്തിരിപ്പൻ നിയമങ്ങളെ വൈരാഗ്യബുദ്ധിയോടെ ദുരുപയോഗം ചെയ്ത് ജയിലിൽ അടക്കുകയുമാണ്. CBI, NIA, IB ഉൾപ്പടെയുള്ള എല്ലാ സ്ഥാപനങ്ങളെയും എതിർപ്പുകളെ ഭീഷണിപ്പെടുത്തി അടിച്ചമർത്തുന്നതിനായുള്ള ഉപകരണങ്ങളാക്കുകയാണ്. എന്നാൽ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ പ്രതിഫലിക്കുന്നത് മുതലാളിത്ത വ്യവസ്ഥിതി ഇന്ന്നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയാണ് എന്ന വസ്തുതയും നാം

ഓർക്കേണ്ടതായിട്ടുണ്ട്. തൊഴിലാളികളുടെയും മറ്റ് അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും ചിലവിൽ കോർപ്പറേറ്റുകളുടെ ലാഭം സംരക്ഷിക്കപ്പെടുന്നതിനും കുന്നുകൂടുന്നതിനും സാഹചര്യം ഒരുക്കിക്കൊണ്ട് ഈ പ്രതിസന്ധിയെ മറികടക്കുന്നതിനായി കോവിഡ് മഹാമാരിയുടെ വരവിന് മുൻപേ തന്നെ നടന്നുവന്നിരുന്ന ശ്രമങ്ങളുടെ അനന്തരഫലം കൂടിയാണ് തൊഴിലാളി വർഗ്ഗത്തിന് നേരെ അഴിച്ചുവിടപ്പെടുന്ന ആക്രമണങ്ങൾ.

ഒരു ഭാഗത്ത് കോവിഡ് മഹാമാരിയും മറുഭാഗത്ത് മോദി സർക്കാരിന്റെ കോർപ്പറേറ്റ് അനുകൂല നയങ്ങളും തൊഴിലാളി വർഗ്ഗത്തിനും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും കനത്ത പ്രഹരം ഏൽപ്പിക്കുന്ന ഈ സാഹചര്യത്തിലാണ് നമ്മൾ CITUവി ന്റെ 51-ാം സ്ഥാപക ദിനം ആചരിക്കുന്നത്. 51 വർഷങ്ങൾക്ക് മുൻപ്, 1971ൽ, ചൂഷണത്തിൽ നിന്ന് തൊഴിലാളി വർഗ്ഗത്തെയും സമൂഹത്തെയാകെയുംമോചിപ്പിക്കുന്നതിനായുള്ള പോരാട്ടങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ചരിത്രപരമായ അനിവാര്യതയാണ് CITUവിന്റെ രൂപീകരണത്തിന് വഴിയൊരുക്കിയത്. ഈ ലക്ഷ്യത്തെ പൂർണ്ണമായും ഉൾക്കൊണ്ടു തന്നെയാണ് സ്ഥാപക സമ്മേളനം ‘ഐക്യവും പോരാട്ടവും’ എന്ന മുദ്രാവാക്യത്തിന് രൂപം നൽകിയത്. സംഘടന ഏറ്റെടുക്കേണ്ട ദൌത്യം വളരെ വ്യക്തമായിരുന്നു. എല്ലാ മേഖലകളിലെയും എല്ലാ തലങ്ങളിലെയും തൊഴിലാളികളെ ഒരു വർഗ്ഗമായി ഐക്യപ്പെടുത്തുക. തൊഴിലാളികളും, കർഷകരും, കാർഷിക തൊഴിലാളികളും ഉൾപ്പടെയുള്ള എല്ലാ അദ്ധ്വാനിക്കുന്ന വിഭാഗങ്ങളേയും ഒന്നിപ്പിക്കുക. തുടർന്ന് അവരെ നയങ്ങളെയും വ്യവസ്ഥിതിയേയും മാറ്റുന്നതിനായുള്ള പോരാട്ടങ്ങളിൽ അണിനിരത്തുക. പിന്നിട്ട 5 ദശകങ്ങളായി CITU തൊഴിലാളി വർഗ്ഗത്തേയും അദ്ധ്വാനിക്കുന്ന എല്ലാ വിഭാഗങ്ങളേയും ഒന്നിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള ഐക്യ പോരാട്ടങ്ങൾ സംഘടിപ്പിക്കുന്നതിനും നിരന്തരം പരിശ്രമിച്ചു വരികയാണ്. സംയുക്ത തൊഴിലാളി ഐക്യവേദികൾ രൂപീകരിച്ച് യോജിച്ച പോരാട്ടങ്ങൾ യഥാർത്ഥ്യമാക്കുന്നതിനും കർഷക പോരാട്ടങ്ങളെ പിന്തുണക്കുന്നതിനായി ഐക്യദാർഢ്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുൻകൈ എടുക്കുന്നതിനും തൊഴിലാളി വർഗ്ഗത്തിന്റെയും കർഷകരുടെയും സമരങ്ങളെ ഏകോപിപ്പിക്കുന്നതിനും CITU വഹിച്ചുവരുന്ന പങ്കിന് നല്ല അംഗീകാരമാണ് ലഭിച്ചുവരുന്നത്.

കാർഷിക നിയമങ്ങൾക്കെതിരായി സമരം ചെയ്യുന്ന കർഷകർക്ക് നാം ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെ കൂടുതൽ വിപുലപ്പെടുത്തി ഗ്രാമങ്ങളിൽ എത്തിക്കണം. പരസ്പര ഐക്യത്തിനും യോജിച്ച പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള തൊഴിലാളികളുടെയും കർഷകരുടെയും ആവേശം അവരുടെ ഒത്തുചേരലിന്റെ അവസരത്തിൽ ഇന്ന് സ്ഥിരമായി മുഴക്കപ്പെടുന്ന ”തൊഴിലാളി കർഷക ഐക്യം സിന്ദാബാദ്” എന്ന മുദ്രാവാക്യത്തിൽ തെളിഞ്ഞു നിൽപ്പുണ്ട്. കോടിക്കണക്കിന് അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ചിലവിൽ അതിസമ്പന്ന കോർപ്പറേറ്റുകളെ പ്രീണിപ്പിക്കുന്ന രാഷ്ട്രീയ ക്രമത്തെക്കുറിച്ചും അവരെ ബോധവത്ക്കരിക്കണം. ഈ പരിശ്രമങ്ങളിലൂടെ തൊഴിലാളികളേയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും ഇന്നത്തെ വ്യവസ്ഥിതിയുടെ പാപ്പരത്തത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് പ്രാപ്തരാകണം. പോരാട്ടങ്ങളെ ഇന്ന് നാം നേരിടുന്ന അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നതിനായുള്ള മാർഗ്ഗം എന്ന നിലയിൽനിന്ന് ജനങ്ങളെ ജാതിയുടെയും മതത്തിന്റെയും പ്രദേശികതയുടെയും എല്ലാം അടിസ്ഥാനത്തിൽ വേർതിരിച്ചുനിർത്തി സമൂഹത്തെ ധ്രുവീകരണത്തിന് വിധേയമാക്കുന്ന കുതന്ത്രങ്ങളെ അതിജീവിച്ചുകൊണ്ട് BJP സർക്കാരിന്റെ തൊഴിലാളി/ജന വിരുദ്ധ നയങ്ങൾക്കെതിരായുള്ള എതിർപ്പിന്റെയും ചെറുത്തുനിൽപ്പിന്റെയും ഉയർന്ന തലങ്ങളിലേക്ക് കൊണ്ടുപോകണം.

സംയുക്ത പോരാട്ടങ്ങളെ വ്യവസ്ഥിതിയിൽ മാറ്റങ്ങൾ വരുത്തുന്നതിന് ലക്ഷ്യമിടുന്ന സമരങ്ങളായി രൂപപ്പെടുത്തണം. CITUവിന്റെ 51-മത് സ്ഥാപക ദിനം ആചരിക്കുന്ന ഈ അവസരത്തിൽ സ്ഥാപക സമ്മേളനത്തിൽ ഏറ്റെടുത്തതും CITUവിന്റെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളതുമായ ലക്ഷ്യങ്ങൾ യാഥാർഥ്യമാക്കുന്നതിനായി നമുക്ക് ഒരിക്കൽകൂടി ആത്മസമർപ്പണം ചെയ്യാം. ഇതുവരെ എത്തിച്ചേരാനാകാത്ത തൊഴിലാളികളിലേയ്ക്കും അദ്ധ്വാനിക്കുന്ന ജനങ്ങളിലേയ്ക്കും നമുക്ക് എത്തിച്ചേരാം. നമ്മുടെ ഗ്രാമ/ബ്ളോക്ക്/മൊഹല്ല തല ഏകോപന സമിതികളിലൂടെ നമുക്ക് താഴെത്തട്ടിലെ ഇടപെടൽ ശക്തമാക്കാം.

കർഷകരുടെയും കാർഷിക തൊഴിലാളികളുടെയും സംഘടനകളുമായുള്ള ഏകോപനം മെച്ചപ്പെടുത്താം. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെയെല്ലാം അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങളിലൂടെ യോജിപ്പിച്ച് പോരാട്ടത്തിന്റെ പാതയിലെത്തിക്കുക എന്ന നമ്മുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി നമുക്ക് ഈ പ്രചരണത്തെ രാജ്യമെമ്പാടും എത്തിക്കുന്നതിനുള്ള ദൌത്യം ഉടൻതന്നെ ഏറ്റെടുക്കാം.

**CITU നീണാൾ വാഴട്ടെ**
**അദ്ധ്വാനിക്കുന്നവരുടെ ഐക്യം നീണാൾ വാഴട്ടെ**
**ഐക്യ പോരാട്ടങ്ങൾ നീണാൾ വാഴട്ടെ**

കോവിഡ് രണ്ടാം തരംഗത്തിൽ
വെളിപ്പെടുന്നു

# രാജാവിന്റെ നഗ്നത, സംവിധാനങ്ങളുടെ പരാജയം



ഡോ. കെ. ഹേമലത

**കോവിഡിന്റെ രണ്ടാം തരംഗം സൃഷ്ടിച്ച ദുരിതങ്ങളും സഹനങ്ങളും ജീവനാശവും ഒരു സുപ്രധാന ചോദ്യം ഉയർത്തുന്നുണ്ട്. ഇത് അനിവാര്യമായിരുന്നോ? ഇത് ഒഴിവാക്കാവുന്നതായിരുന്നോ? ഈ ദുരന്തങ്ങളെ തടയാൻ കഴിയുമായിരുന്നില്ലേ? തീർച്ചയായും അത് സാധ്യമായിരുന്നു. രണ്ടാം തരംഗം പ്രവചിക്കപ്പെട്ടതായിരുന്നു.കേന്ദ്രസർക്കാരിനു കൃത്യമായ മുന്നറിയിപ്പ് ലഭിക്കുകയും ചെയ്തിരുന്നു. പല ലോക രാജ്യങ്ങളും ഇതിനകം രണ്ടാം തരംഗവും മൂന്നാം തരംഗവും നേരിടുകയും ചെയ്തു. എന്നാൽ മോഡി സർക്കാരിനെ ഇതൊന്നും അലട്ടുന്നില്ല. കോവിഡിന്റെ ആദ്യതരംഗമുണ്ടായ കഴിഞ്ഞ വർഷം അത് വളരെ പ്രകടമായിരുന്നു.**

രാജ്യത്ത് നാശം വിതച്ച കോവിഡ് 19ന്റെ രണ്ടാം തരംഗത്തിന്റെ രൂക്ഷത കുറയുന്ന ഒരു പ്രവണതയുണ്ടായേക്കാം.നാലു ലക്ഷത്തിലേറെ കേസുകളും 4500ലേറെ മരണങ്ങളും റിപ്പോർട്ട് ചെയ്യുന്ന അവസ്ഥയിൽനിന്ന് കേസുകളും മരണങ്ങളും ക്രമേണ കുറവു വന്നുവെങ്കിലും രാജ്യത്തെല്ലായിടത്തും ഒരു പോലെയല്ല ഈ കുറവ്. രണ്ടാം തരംഗത്തിന്റെ സമയത്ത് ഒരു ദിവസത്തിൽ 4529 മരണം വരെ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ മഹാമാരിയുടെ കാലത്ത് മറ്റൊരു രാജ്യത്തും ഇത്രയും മരണം സംഭവിച്ചിട്ടില്ല. എന്തായാലും വിദഗ്ധരുടെ അഭിപ്രായത്തിൽ യഥാർഥ മരണത്തിന്റെ കണക്കുകൾ ഇന്ത്യയിൽ റിപ്പോർട്ടു ചെയ്യപ്പെടുന്നില്ല. രോഗബാധയുടെയും മരണത്തിന്റെയും യഥാർഥ കണക്ക് നിലവിൽ റിപ്പോർട്ടുചെയ്യുന്നതിന്റെ 510 ഇരട്ടിയായിരിക്കണം എന്നും പറയുന്നു.

ഇപ്പോഴിതാ ഒരു മൂന്നാം തരംഗത്തിനുള്ള സാധ്യത നമ്മെ തുറിച്ചു നോക്കുന്നു. മൂന്നാം തരംഗത്തിൽ കൂടതൽ ഇരകളും കുട്ടികളാകുമെന്നാണ് പ്രവചിക്കപ്പെടുന്നത്.

ആയിരക്കണക്കിന് തൊഴിലാളികൾ കുടുംബങ്ങളോടൊപ്പം നൂറു കണക്കിന് കിലോമീറ്റർ റോഡിലൂടെയും റെയിൽ പാളങ്ങളിലൂടെയും കാൽ നടയാത്ര ചെയ്യുന്ന ദാരുണമായ ദൃശ്യങ്ങളാണ് ഒന്നാം തരംഗം അവശേഷിപ്പിച്ചത്.അവശരായി വീണും ഭക്ഷണം കിട്ടാതെയും പലരും മരിച്ചു മണ്ണടിഞ്ഞു. ഇന്നും ആ ദൃശ്യങ്ങൾ നമ്മെ വേട്ടയാടുന്നു.

എന്നാൽ മോഡി നയിക്കുന്ന ബിജെപി സർക്കാരിനെ ഇതൊന്നും അലട്ടുന്നില്ല. രണ്ടാം തരംഗത്തെക്കുറിച്ച് നേരത്തെ തന്നെ മുന്നറിയിപ്പ് ഉണ്ടായിരുന്നിട്ടും അവയെ പൂർണമായി അവഗണിക്കുകയും ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തതോടെ രാജ്യമാകെ രൂപപ്പെട്ട അമർഷത്തിലും രോഷത്തിലും തകർന്നുപോയ നരേന്ദ്ര മോഡിയുടെ പ്രതിച്ഛായ മെച്ചപ്പെടുത്തുക എന്നത് മാത്രമാണ് സർക്കാരിനെ സംബന്ധിച്ചിടത്തോളം പ്രധാനം. ശാസ്ത്രജ്ഞരും ആരോഗ്യ വിദഗ്ധരും നൽകിയ മുന്നറിയിപ്പുകൾ പരിഗണിക്കാൻ തയ്യാറാവാതിരുന്ന മോഡി സർക്കാർ കോവിഡിനു മേൽ വിജയം നേടിയെന്ന പ്രതീതി സൃഷ്ടിച്ച് ആ മായികതയെ ആഘോഷിക്കുകയാണ് ചെയ്തത്.

ജനങ്ങളുടെ ജീവനും ഉപജീവനോപാധികളും സംരക്ഷിക്കുന്നതിൽ മോഡി സർക്കാരിനുള്ള വൈമുഖ്യം പുതിയ കാര്യമല്ല. കോവിഡിന്റെ ആദ്യ തരംഗമുണ്ടായ കഴിഞ്ഞ വർഷം അത് വളരെ പ്രകടമായിരുന്നു. 2020ൽ രാജ്യത്ത് കോവിഡ് കണ്ടെത്തിയതിനു പിന്നാലെ വിവിധ സംസ്ഥാനങ്ങളിൽ അത് പടർന്നു പിടിച്ചപ്പോഴും വ്യാപനം തടയാൻ അടിയന്തരപ്രാധാന്യത്തോടെ നടപടിയെടുക്കുന്നതിൽ സർക്കാൻ വൻ പരാജയമായിരുന്നു.

2020 മാർച്ച് 24ന് വെറും നാലു മണിക്കൂർ മാത്രം അനുവദിച്ചു കൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോഡി രാജ്യവ്യാപക ലോക്ഡൗൺ പ്രഖ്യാപിച്ചു. ജനങ്ങൾക്ക് പ്രത്യേകിച്ച പാവപ്പെട്ടവർക്ക് ലോക്ഡൗണിനു വേണ്ടി തയ്യാറെടുക്കാനുള്ള സമയം പോലും നൽകിയില്ല. തൊഴിലാളികൾക്ക്, പ്രത്യേകിച്ച് കുടിയേറ്റ-അംസഘടിത തൊഴിലാളികൾക്ക് ജോലിയോ വേതനമോ ഉറപ്പുവരുത്താനുള്ള ഒരു തയ്യാറെടുപ്പോഅവരെസംരക്ഷിക്കാനുള്ളശ്രമമോ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല. അതുവരെ താമസിച്ച വാടകവീടുകളിൽ നിന്ന് അവർ കുടിയിറക്കപ്പെട്ടു.മഹാനഗരങ്ങളിൽനിന്ന് സ്വദേശങ്ങളിലേക്ക് പോകാൻ നിർബന്ധിതരായ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് വാഹന സൗകര്യം ഏർപ്പെടുത്താൻ ബിജെപി സർക്കാർ തയ്യാറായില്ല. ഈ നിഷേധ നിലപാടുമൂലമാണ് ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് നൂറു കണക്കിന് കിലോമീറ്ററുകൾ കാൽനടയായി പോകേണ്ടി വന്നത്.

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO), ഏഷ്യൻ ഡവലപ്മെന്റ ബാങ്ക് (ADB) എന്നിവയുടെ കണക്കു പ്രകാരം 41 ലക്ഷം യുവാക്കൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഇവർ പ്രധാനമായും നിർമാണ കാർഷിക മേഖലയിൽനിന്നുള്ളവരാണ്. ഈ മഹാമാരിക്കാലത്ത് വിവിധ സ്ഥാപനങ്ങളിലെ മൂന്നിൽ രണ്ട് അപ്രന്റീസുമാരുടെയും മുക്കാൽ പങ്ക് ഇന്റേൺഷിപ്പുകാരുടെയും തൊഴിൽ മുടങ്ങി.

തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളിൽ ഭൂരിഭാഗത്തിനും ആദ്യതരംഗം കഴിഞ്ഞ് ലോക്ഡൗൺ നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞശേഷം രാജ്യത്ത് സാമ്പത്തിക പ്രക്രിയ പതുക്കെ തിരിച്ചു വന്നിട്ടും തൊഴിലും വരുമാനവും തിരിച്ചുപിടിക്കാൻ സാധ്യമായിട്ടില്ല. സ്വന്തം ഗ്രാമങ്ങളിൽ തിരിച്ചെത്തിയ കുടിയേറ്റത്തൊഴിലാളികൾക്ക് കുടുംബം പുലർത്താൻ ആവശ്യമായ വരുമാനം നേടാൻ സാധിച്ചിട്ടില്ല. നഗരങ്ങളിലേക്ക് തിരിച്ചുപോകാൻ നിർബന്ധിതരായ അവർക്ക് കഴിഞ്ഞ വർഷം നഷ്ടപ്പെട്ട ജോലി തിരിച്ചുപിടിക്കാൻ സാധിക്കുന്നുമില്ല. അതുകൊണ്ട് മിക്കവാറും തൊഴിലാളികൾ കുറഞ്ഞ വേതനത്തിനുള്ള അനൗപചാരിക തൊഴിലുകൾ ചെയ്യേണ്ടി വരുന്നു. ഒന്നാം തരംഗത്തിൽ തന്നെ ദുർബലരായ അവർക്ക് കൂടുതൽ ശക്തമായ രണ്ടാം തരംഗത്തിൽ പിടിച്ചു നിൽക്കാനാവുന്നില്ല.

കോവിഡിന്റെ രണ്ടാം തരംഗം സൃഷ്ടിച്ച ദുരിതങ്ങളും സഹനങ്ങളും ജീവനാശവും ഒരു സുപ്രധാന ചോദ്യം ഉയർത്തുന്നുണ്ട്. ഇത് അനിവാര്യമായിരുന്നോ? ഇത് ഒഴിവാക്കാവുന്നതായിരുന്നോ? ഈ ദുരന്തങ്ങളെ തടയാൻ കഴിയുമായിരുന്നില്ലേ? തീർച്ചയായും അത് സാധ്യമായിരുന്നു. രണ്ടാം തരംഗം പ്രവചിക്കപ്പെട്ടതായിരുന്നു.കേന്ദ്രസർക്കാരിനു കൃത്യമായ മുന്നറിയിപ്പ് ലഭിക്കുകയും ചെയ്തിരുന്നു. പല ലോക രാജ്യങ്ങളും ഇതിനകം രണ്ടാം തരംഗവും മൂന്നാം തരംഗവും നേരിടുകയും ചെയ്തു.

ലോക്ഡൗണിന്റെയും നിബന്ധിത അടച്ചുപൂട്ടലിന്റെയും സാമ്പത്തിക പ്രവർത്തനങ്ങൾ കുറയുന്നതിന്റെയും പശ്ചാത്തലത്തിൽ തൊഴിലും വേതനവും സംരക്ഷിക്കുന്നത് ഉറപ്പാക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് സർക്കാരിനും ഭരണസംവിധാനത്തിനും എല്ലാ അധികാരങ്ങളും നൽകുന്നുണ്ട്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി പിരിച്ചുവിടൽ, വേതനം കുറയ്ക്കൽ എന്നിവയിൽനിന്ന് മാറി നിൽക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര - തൊഴിൽ മന്ത്രാലയങ്ങൾ തൊഴിലുടമകൾക്ക് നിർദേശം നൽകിയിരുന്നു. ഈ വിഷയത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം തുടർച്ചയായ സമ്മർദങ്ങൾ ചെലുത്തിയിട്ടും നിർദേശങ്ങൾ നടപ്പാക്കാനായി കേന്ദ്രസർക്കാർ ചെറുവിരലനക്കിയില്ല. ഈ നിർദേശങ്ങൾ ഏകപക്ഷീയമായി പിൻവലിക്കുകയാണ് കേന്ദ്രസർക്കാർ പിന്നീട് ചെയ്തത്. എന്തു




**കോവിഡിന്റെ രണ്ടാം തരംഗം കാട്ടുതീ പോലെ ആളിപ്പടർന്ന് ജനങ്ങളെ കൊന്നൊടുക്കിയപ്പോൾ ബിജെപി സർക്കാർ ജനങ്ങളെ അവരുടെ വിധിക്ക് വിടുകയായിരുന്നു. ആത്മനിർഭരത എന്നതുകൊണ്ട് ജനങ്ങൾ രോഗത്തിൽനിന്ന് സ്വയം പ്രതിരോധിക്കുക എന്നും ഒരു കാര്യത്തിനും സർക്കാരിനെ ആശ്രയിക്കേണ്ട എന്നും ആണോ അർഥമാക്കേണ്ടത്? ഇന്ത്യയിൽ കോവിഡിനെ ഫലപ്രദമായി പ്രതിരോധിച്ചുകൊണ്ട് മനുഷ്യരാശിയെ രക്ഷിക്കാൻ ഇന്ത്യക്ക് സാധിച്ചുവെന്ന് അന്താരാഷ്ട്ര വേദികളിൽ പ്രധാനമന്ത്രി പൊങ്ങച്ചം പറഞ്ഞു. നമ്മുടെ രാജ്യത്ത് നിർമിച്ച 'ഭാരതീയ വാക്സിനു' വേണ്ടി മുൻകൂർ ഓർഡർ കൊടുത്ത് ജനങ്ങളെ വാക്സിനേറ്റ് ചെയ്യാൻ ശ്രമിക്കുന്ന കാര്യത്തിൽ സർക്കാർ ഒന്നും ചെയ്തില്ല.**

കൊണ്ടാണ് രണ്ടാം തരംഗത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ മോഡി സർക്കാർ സജ്ജമാകാതിരുന്നത്?

കോവിഡിന്റെ രണ്ടാം തരംഗം കാട്ടുതീ പോലെ ആളിപ്പടർന്ന് ജനങ്ങളെ കൊന്നൊടുക്കിയപ്പോൾ ബിജെപി സർക്കാർ ജനങ്ങളെ അവരുടെ വിധിക്ക് വിടുകയായിരുന്നു.(ആത്മനിർഭരത എന്നതുകൊണ്ട് ജനങ്ങൾ രോഗത്തിൽനിന്ന് സ്വയം പ്രതിരോധിക്കുക എന്നും ഒരു കാര്യത്തിനും സർക്കാരിനെ ആശ്രയിക്കേണ്ട എന്നും ആണാ അർഥമാക്കേണ്ടത്?) കൊറോണയ്ക്കെതിരെ വിജയം നേടിയെന്ന് അവകാശപ്പെടുന്ന ധൃതിയിലായിരുന്നു സർക്കാർ. ഇന്ത്യയിൽ കോവിഡിനെ ഫലപ്രദമായി പ്രതിരോധിച്ചുകൊണ്ട് മനുഷ്യരാശിയെ രക്ഷിക്കാൻ ഇന്ത്യക്ക് സാധിച്ചുവെന്ന് അന്താരാഷ്ട്ര വേദികളിൽ പ്രധാനമന്ത്രി പൊങ്ങച്ചം പറഞ്ഞു. നമ്മുടെ രാജ്യത്ത് നിർമിച്ച 'ഭാരതീയ വാക്സിനു' വേണ്ടി മുൻകൂർ ഓർഡർ കൊടുത്ത് ജനങ്ങളെ വാക്സിനേറ്റ് ചെയ്യാൻ ശ്രമിക്കുന്ന കാര്യത്തിൽ സർക്കാർ ഒന്നും ചെയ്തില്ല.

ജനങ്ങൾ പ്രാണവായു ഇല്ലാതെ ശ്വാസം മുട്ടിയപ്പോൾ ബിജെപി സർക്കാർ അതിതീവ്ര രോഗവ്യാപനത്തിന് കാരണമാകുന്ന തരത്തിലുള്ള പൊതുപരിപാടികൾ നടത്തുകയായിരുന്നു. ഹരിദ്വാർ കുംഭമേളയ്ക്ക് തീർഥാടകരെ ഉത്തരാഖണ്ഡിലേക്ക് സ്വാഗതം ചെയ്തത് പ്രധാനമന്ത്രിയുടെ ചിത്രമുള്ള ബോർഡുകളായിരുന്നു.കൊറോണയിൽനിന്ന് ജനങ്ങളെ ഗംഗാ മാതാവ് രക്ഷിച്ചുകൊള്ളും. കുംഭമേളയുടെ ഭാഗമായുള്ള പുണ്യസ്നാനത്തിൽ 49 ലക്ഷം പേർ പങ്കെടുക്കുമെന്നാണ് ഉത്തരാഖണ്ഡ് സർക്കാർ ആദ്യം അവകാശപ്പെട്ടത്.വിമർശനമുയർന്നപ്പോൾ കണക്കുകളിൽ കൃത്രിമം വരുത്തി കുറച്ചു കാണിക്കുകയായിരുന്നു.

അഞ്ചു ഘട്ടങ്ങളിലായി നടന്ന പശ്ചിമ ബംഗാൾ തെരഞ്ഞെടുപ്പിൽ എങ്ങനെയെങ്കിലും ജയിക്കുക എന്നതിലായിരുന്നു പ്രധാനമന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും മുൻഗണന. കോവിഡ് മാനദണ്ഡങ്ങളെല്ലാം കാറ്റിൽ പറത്തിയാണ് വൻ പൊതുയോഗങ്ങളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തത്.

ഇത് ഒരു പരാജയം മാത്രമല്ല. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള കുറ്റകരമായ അനാസ്ഥയാണ്. രാജ്യത്തെ ജനങ്ങളുടെ ജീവനും ജീവിക്കാനുള്ള അവരുടെ അവകാശവും സംരക്ഷിക്കുന്നതിന് ഭരണഘടനാപരമായ ഉത്തരവാദിത്തം ഉള്ള സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അതീവ ഗുരുതരമായ വീഴ്ചയാണിത്. മോഡി സർക്കാരിന്റെ നവലിബറൽ അജൻഡയുമായി ബന്ധിപ്പിച്ചുവേണം ഇതിനെ കാണാൻ. കോർപറേറ്റ് അനുകൂല സമീപനം സ്വീകരിക്കുന്ന ഈ സർക്കാരിന്റെ അടിസ്ഥാന സിദ്ധാന്തമെന്നത് ഭിന്നിപ്പിന്റെ തത്വശാസ്ത്രവും ശാസ്ത്രത്തോടും ശാസ്ത്ര സത്യങ്ങളോടുമുള്ള നിർലജ്ജമായ പുച്ഛവും അതുവഴി മിത്തുകളും അശാസ്ത്രീയ കാഴ്ചപ്പാടുകളും പ്രോത്സാഹിപ്പിക്കലുമാണ്. കോവിഡ് വിഷയത്തിലുള്ള ഈ ദയനീയാവസ്ഥയ്ക്കു കാരണം ഇതുതന്നെയാണ്.

ജനങ്ങളെ സംരക്ഷിക്കാനുള്ള ഇടപെടലോ ആസൂത്രണമോ നടത്താതെ ജനങ്ങളുടെ



**നവലിബറൽ സാമ്പത്തിക ക്രമത്തിൽ അടച്ചുപൂട്ടിപ്പോയവയാണ് പൊതുമേഖലയിൽ വാക്സിൻ നിർമാണ യൂണിറ്റുകൾ. അതു കൂടാതെ പൊതുജനാരോഗ്യ സംവിധാനവും അടിസ്ഥാന സൗകര്യങ്ങളും ഏറ്റവും കുറഞ്ഞ നിലയിലേക്ക് പരിമിതപ്പെട്ടു പോയിരിക്കുന്നു. ബോധപൂർവം നടത്തുന്ന ഈ പ്രക്രിയ സ്വകാര്യ ആരോഗ്യ ബിസിനസിനെ സഹായിക്കാനാണെന്ന് വ്യക്തം. നവലിബറൽ നയങ്ങളെ അന്ധമായി ആരാധിക്കുന്ന ബിജെപി സർക്കാർ രണ്ടു സ്വകാര്യമേഖലാ കമ്പനികളെയാണ് വാക്സിൻ നിർമാണത്തിനായി ആശ്രയിച്ചത്. വാക്സിന്റെ വിശാലമായ കമ്പോളം രാജ്യത്തിനാവശ്യമായ വാക്സിൻ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ സ്വകാര്യ കമ്പനികൾക്ക് പ്രേരണയാകുമെന്ന പ്രതീക്ഷയോടെയായിരുന്നു ഈ നടപടി.**

ആരോഗ്യം കമ്പോള ശക്തികളുടെ കാരുണ്യത്തിന് വിടുകയായിരുന്നു സർക്കാർ. പൊതുജനാരോഗ്യ സംവിധാനങ്ങൾ ശക്തമാക്കുന്നതിനു പകരം ഇൻഷുറൻസ് അധിഷ്ഠിത സ്വകാര്യ ആരോഗ്യ മേഖലയെ പ്രോത്സാഹിപ്പിച്ചതോടെ നിലവിലുള്ള പൊതു ആരോഗ്യ സംവിധാനങ്ങൾ ദുർബലമായി. 2021-22 വർഷത്തെ ബജറ്റിൽ ആരോഗ്യത്തിനുള്ള നീക്കിയിരുപ്പ് 137 ശതമാനമായി വർധിപ്പിച്ചു എന്നാണ് കേന്ദ്രം വീമ്പു പറയുന്നത്. വാസ്തവത്തിൽ ഈ വർധന 2020-21 ജിഡിപിയുടെ 0.35 ശതമാനം എന്ന വിഹിതത്തിൽനിന്നുള്ള തുച്ഛമായ 0.31 ശതമാനത്തിലേക്കുള്ള വർധന മാത്രമാണ്. ജിഡിപിയുടെ 2.5 ശതമാനം ആരോഗ്യ മേഖലയിൽ ചെലവിടണമെന്ന ദേശീയ ആരോഗ്യ നയം 2017ന്റെ ശുപാർശയിൽനിന്ന് എത്രയോ അകലെയാണ് ഈ നേർത്ത വർധന. ലോകത്തു തന്നെ പൊതുജനാരോഗ്യ മേഖലയിൽ പണം ചെലവിടുന്ന കാര്യത്തിൽ ഏറ്റവും പിന്നിലാണ് ഇന്ത്യ, അതായത് അയൽരാജ്യങ്ങളായ ശ്രീലങ്കയ്ക്കും നേപ്പാളിലും പിറകിൽ.

നവലിബറൽ സാമ്പത്തിക ക്രമത്തിൽ അടച്ചുപൂട്ടിപ്പോയവയാണ് പൊതുമേഖലയിലെ വാക്സിൻ നിർമാണ യൂണിറ്റുകൾ. അതു കൂടാതെ പൊതുജനാരോഗ്യ സംവിധാനവും അടിസ്ഥാന സൗകര്യങ്ങളും ഏറ്റവും കുറഞ്ഞ നിലയിലേക്ക് പരിമിതപ്പെട്ടു പോയിരിക്കുന്നു. ബോധപൂർവം നടത്തുന്ന ഈ പ്രക്രിയ സ്വകാര്യ ആരോഗ്യ ബിസിനസിനെ സഹായിക്കാനാണെന്ന് വ്യക്തം. നവലിബറൽ നയങ്ങളെ അന്ധമായി ആരാധിക്കുന്ന ബിജെപി സർക്കാർ രണ്ടു സ്വകാര്യമേഖലാ കമ്പനികളെയാണ് വാക്സിൻ നിർമാണത്തിനായി ആശ്രയിച്ചത്. വാക്സിന്റെ വിശാലമായ കമ്പോളം രാജ്യത്തിനാവശ്യമായ വാക്സിൻ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യാൻ സ്വകാര്യ കമ്പനികൾക്ക് പ്രേരണയാകുമെന്ന പ്രതീക്ഷയോടെയായിരുന്നു ഈ നടപടി. റഷ്യൻ വാക്സിനായ സ്പുട്നിക്കിന് ഈയിടെ മാത്രമാണ് ഇന്ത്യയിലെ ഉപയോഗത്തിന് അനുമതി ലഭിച്ചത്.

മോഡി സർക്കാരിനു കീഴിൽ ഇന്ത്യ വാക്സിൻ നിർമാണത്തിന്റെ ആഗോള ഹബ് ആയി മാറിയെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും സ്വന്തം ജനതയുടെ വാക്സിൻ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കയാണ്.

കോവിഡ് 19 ന്റെ രണ്ടാം തരംഗത്തെ കൈകാര്യം ചെയ്യതിലെ വീഴ്ചകളെക്കുറിച്ച് രാജ്യത്തുനിന്നും സാർവദേശീയ തലത്തിൽനിന്നും ഉയർന്ന രൂക്ഷവിമർശനങ്ങളുടെ പശ്ചാത്തലത്തിൽ തങ്ങളുടെ ആഖ്യാനത്തിൽ മാറ്റം വരുത്താനാണ് മോഡി സർക്കാർ ശ്രമിച്ചത്. അപ്പോഴും യാഥാർഥ്യം മാറ്റമില്ലാതെ തുടരുന്നു. സംസ്ഥാന സർക്കാരുകളെയും സർക്കാരിനെ എതിർക്കുന്ന മാധ്യമങ്ങളെയും ജനങ്ങളെത്തന്നെയും രൂക്ഷമായി വിമർശിച്ചുകൊണ്ടാണ് കേന്ദ്രത്തിന്റെ അടവുമാറ്റം. ആവശ്യമുള്ളവർക്കെല്ലാം വാക്സിൻ വിതരണം ചെ

യ്യമെന്നാണ് അവരോട് സർക്കാർ പറയുന്നത്.

മിത്തുകളും ശാസ്ത്രവിരുദ്ധമായ ആചാരങ്ങളും പ്രോത്സാഹിപ്പിക്കുന്ന ഒരു സർക്കാരിൽനിന്നും അതിന്റെ നടത്തിപ്പുകാരിൽനിന്നും അത്തരമൊരു ബോധവൽക്കരണ ശ്രമം പ്രതീക്ഷിക്കാൻ വയ്യ. ഒരു ശാസ്ത്രീയാടിത്തറയുമില്ലാതെ കൊറോണയെ 21 ദിവസത്തെ യുദ്ധത്തിൽ തുരത്തുമെന്നു പ്രഖ്യാപിച്ച പ്രാധാനമന്ത്രിയുള്ള നാടാണ് ഇന്ത്യ. ഒമ്പതു മിനിറ്റ് വിളക്കണച്ച് പിന്നെ വിളക്കു തെളിച്ചാൽ കൊറോണയെ പ്രതിരോധിക്കാമെന്നും പ്രധാനമന്ത്രി തന്നെ പറഞ്ഞു. കൊറോണയ്ക്കെതിരെ യാഗം നടത്താൻ മന്ത്രിമാരും ഭരണകക്ഷിയുടെ നേതാക്കളും മുന്നിട്ടിറങ്ങിയ നാടാണിത്. കൊറോണയ്ക്കായി ക്ഷേത്രം പണിയുകയും കൊറോണ ദേവിയോട് പ്രാർഥിക്കുകയും ചെയ്യുന്നതിന് വലിയ പ്രോത്സാഹനം ലഭിച്ചു. അത്തരമൊരു സാഹചര്യത്തിൽ മാസ്ക് ധരിക്കേണ്ടതിന്റെയും സ്വയം രോഗത്തെ പ്രതിരോധിക്കേണ്ടതിന്റെയും അനിവാര്യത ബോധ്യപ്പെടുന്ന ഒരു ജനതയെ പ്രതീക്ഷിക്കാനാകുമോ?

വൈറസ് മൂക്കിലൂടെയും വായിലൂടെയും ശരീരത്തിൽ പ്രവേശിക്കുന്നതിനെ തടയുമെന്നതാണ് മാസ്ക് ധരിക്കുന്നതിന്റെ ശാസ്ത്രീയാടിത്തറ. എന്നാൽ ഒരു ഡോക്റ്റർ തന്നെയായ കേന്ദ്ര ആരോഗ്യമന്ത്രി ഹർഷ് വർധൻ, കോവിഡ് ചികിത്സയുടെ പേരിൽ നിയമവിരുദ്ധവും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ലാത്തതുമായ മരുന്നുകൾ ഉൽപ്പാദിപ്പിച്ച് കോടികൾ ഉണ്ടാക്കുന്ന രാംദേവിനൊപ്പം നിരന്തരം വേദികൾ പങ്കിടുമ്പോൾ ശാസ്ത്രീയ ചിന്ത എങ്ങനെ മനുഷ്യരുടെ മനസ്സിലേക്കു കടത്തിവിടാനാകും?

സങ്കുചിത താൽപര്യങ്ങൾ ലക്ഷ്യമിട്ടുള്ള ഇത്തരം പരിപാടികൾ ദുരുദ്ദേശത്തോടെ സംഘടിപ്പിക്കപ്പെട്ടതാണ്. അശാസ്ത്രീയ ചിന്തയും മിത്തുകളും പ്രോത്സാഹിപ്പിക്കുന്നത് മനുഷ്യരെ സത്യത്തിൽനിന്നും യാഥാർഥ്യത്തിൽനിന്നും കൃത്യമായ വിശകലനത്തെ അടിസ്ഥാനമാക്കിയുള്ള വസ്തുതകളിൽനിന്നും അകറ്റി നിർത്തുന്നത് ചൂഷിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്ന ഭരണവർഗത്തിന് ആവശ്യമാണ്, അതിന്റെ നേട്ടം അവർ കൊയ്യും. മിത്തുകളെയും അശാസ്ത്രീയ ചിന്തയേയും പ്രോത്സാഹിപ്പിക്കുന്നത് നവലിബറൽ കാലത്ത് വല്ലാതെ വർധിച്ചിട്ടുണ്ട്. തങ്ങളുടെ വേദനകൾക്കും വ്യഥകൾക്കും യഥാർഥകാരണം മനസ്സിലാക്കി അതിനെതിരെ പൊരുതുന്നതിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിനു വേണ്ടിയുള്ളതാണ് ഈ പദ്ധതികൾ. മാസ്ക് ധരിക്കേണ്ടതിന്റെ ആവശ്യകതയും അതിന്റെ ശാസ്ത്രീയാടിത്തറയും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു പകരം ജനങ്ങളെ കുറ്റപ്പെടുത്തുന്നത് സ്വന്തം പരാജയം മൂടിവയ്ക്കാൻ മാത്രമാണ്.

ബിജെപി സർക്കാരിന്റെ ക്രൂരമായ നിസ്സംഗത ഈ മഹാമാരിക്കാലത്ത് പലമടങ്ങ് വർധിച്ചു. കോവിഡ് മഹാമാരിയുടെയും അതിന്റെ ഭാഗമായുള്ള ലോക്ഡൗണിന്റെയും ഫലമായി തൊഴിലാളിവർഗവും അധ്വാനിക്കുന്ന ജനങ്ങളും രൂക്ഷമായ പ്രതിസന്ധിയെയാണ് നേരിട്ടത്. ആ സമയത്തു തന്നെയാണ് ലേബർ കോഡും കാർഷിക നിയമവും പോലുള്ള നിയമങ്ങൾ കൊണ്ട് കേന്ദ്രസർക്കാർ ജനങ്ങളെ രാക്ഷസീയമായി നേരിട്ടത്. അപായകരമായ സ്വകാര്യവൽക്കരണ പദ്ധതികളിലൂടെ രാജ്യത്തെ വിൽക്കാൻ വച്ചതും ഈ കാലത്തു തന്നെ. അധ്വാനിക്കുന്ന മനുഷ്യരുടെ ചെലവിൽ കോർപ്പറേറ്റുകൾക്ക് ലാഭം കുന്നുകൂട്ടാൻ ഉദ്ദേശിച്ചു തന്നെയായിരുന്നു ഈ നീക്കങ്ങൾ.

ഈ കാലഘട്ടത്തിലാണ് ജനങ്ങളുടെ അടിസ്ഥാനപരമായ മാനുഷിക ഭരണഘടനാ അവകാശങ്ങൾക്കെതിരായ ആക്രമണങ്ങൾ ഭരണകൂടം ശക്തമാക്കുന്നതും. ഈ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള ചെറുത്തു നിൽപ്പിനെ ദുർബലമാക്കുന്നതിനും അടിച്ചമർത്തുന്നതിനും വേണ്ടിയുള്ള ശ്രമങ്ങളായിരുന്നു ഇവ.

പക്ഷേ ഈ പറഞ്ഞതിന് ചില ഒറ്റപ്പെട്ട അപവാദങ്ങൾ ഉണ്ട്. ആരോഗ്യത്തെ ഓരോ പൗരന്റെയും അടിസ്ഥാന അവകാശമായി പരിഗണിക്കുന്ന ആരോഗ്യത്തിനുള്ള അവകാശം ഉറപ്പുവരുത്തുന്നതിനായി ശക്തമായ പൊതുജനാരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കാനുള്ള ഉത്തരവാദിത്തം സർക്കാരുകൾ വഹിക്കുന്ന, ചില രാജ്യങ്ങളുണ്ട്. സോഷ്യലിസ്റ്റ് രാജ്യങ്ങളായ ചൈന, വിയറ്റ്നാം, ക്യൂബ, ലാവോസ്, ഉത്തര കൊറിയ തുടങ്ങിയവ അതിനുള്ള ഉദാഹരണങ്ങളാണ്. സോഷ്യലിസ്റ്റ് സംവിധാനത്തിന്റെ കീഴിൽ ജനക്ഷേമത്തിനാണ് പ്രഥമ പരിഗണന, കോർപറേറ്റുകളുടെ ലാഭത്തിനല്ല. ഈ രാജ്യങ്ങൾ കോവിഡ് മഹാമാരിയെ എങ്ങനെ അഭിസംബോധന ചെയ്തു എന്നത് മുതലാളിത്ത വ്യവസ്ഥയും സോഷ്യലിസ്റ്റ് വ്യവസ്ഥയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിതരാൻ ഉതകുന്ന തരത്തിലുള്ളതാണ്. ആദ്യം രോഗം കണ്ടെത്തിയ രാജ്യമായിരുന്നു ചൈന. വൈറസിനെക്കുറിച്ച് ഒന്നുമറിയാതിരുന്ന കാലത്തും ചൈന വളരെ കാര്യക്ഷമമായാണ് കോവിഡിനെ നേരിട്ടത്. ആകെ രോഗബാധിതരുടെ എണ്ണം ഒരു ലക്ഷത്തിൽ താഴെയും മരിച്ചവരുടെ എണ്ണം 4636 മാത്രമായും പിടിച്ചുനിർത്താൻ ചൈനക്ക് സാധിച്ചു. അതേസമയം വിയറ്റ്നാം രോഗികളുടെ എണ്ണം 4512 ആയും മരണസംഖ്യ 47 മാത്രമായും ചുരുക്കി വ്യത്യസ്തമായി. സമാനമായി, അമേരിക്കയുടെ മനുഷ്യത്വരഹിതമായ ക്രിമിനൽ ഉപരോധങ്ങളെ അഭിമുഖീകരിക്കുന്ന ക്യൂബ ഈ രോഗം ഫലപ്രദമായി നേരിടുക മാത്രമല്ല, മെ

ഡിക്കൽ ടീമുകളെ ഇറ്റലി ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയയ്ക്കുകയും രോഗത്തെ ചികിത്സിക്കാൻ സഹായിക്കുകയും ചെയ്തു. പക്ഷെ, ലോകത്തെ ഏറ്റവും സമ്പന്നമായ, ശാസ്ത്രീയമായും സാമ്പത്തികമായും വികസിതവും ശക്തവുമായ, അമേരിക്കയുടെ അവസ്ഥ നോക്കൂ. അവിടെ ഇതിനോടകം ഏകദേശം 3.3 കോടി കേസുകളും 5.9 ലക്ഷം മരണങ്ങളും റിപ്പോർട്ട് ചെയ്ത് കഴിഞ്ഞു. അതിന്റെ പ്രധാന കാരണം ഇവിടങ്ങളിൽ പൊതുജനാരോഗ്യം കേന്ദ്രീകരിച്ചിരിക്കുന്നത് സ്വകാര്യ മേഖലയിലാണ് എന്നുള്ളതാണ്, അടിസ്ഥാനപരമായി ഇൻഷുറൻസ് പരിരക്ഷയിലാണ്.

ഒരുകാലത്ത് ശക്തമായ പൊതുജനാരോഗ്യ സംവിധാനം ഉണ്ടായിരുന്ന രാജ്യമാണ് ബ്രിട്ടൻ. പക്ഷെ, നവ ഉദാരവൽക്കരണത്തിന്റെ ഭാഗമായി അത് പൂർണമായും വിഘടിക്കപ്പെട്ടു. ബ്രിട്ടനിൽ രോഗം സ്ഥിതീകരിച്ചത് ഏകദേശം 45 ലക്ഷം പേർക്കാണ്. മരണപ്പെട്ടത് 1.27 ലക്ഷത്തിലധികം പേരും.

നമ്മുടെ രാജ്യത്ത്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാർ നടത്തിയ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ലോകത്താകമാനം ശ്രദ്ധിക്കപ്പെടുകയും ലോകാരോഗ്യ സംഘടനയുടെ ഉൾപ്പെടെ പ്രശംസയ്ക്ക് പാത്രമാവുകയും ചെയ്തു. ഇത് കാണിക്കുന്നത് ഫലപ്രദമായ സർക്കാർ ഇടപെടലും ശക്തമായ പൊതുജനാരോഗ്യ സംവിധാനവും ഉണ്ടെങ്കിൽ ഏത് മഹാമാരിയെയും നേരിടാം എന്നാണ്. ശക്തമായ രണ്ടാം തരംഗത്തിൽ, ഡൽഹി അടക്കമുള്ള രാജ്യത്തെ മറ്റ് പ്രദേശങ്ങളിൽ കിടക്കയ്ക്കും ഓക്സിജനും ക്ഷാമം നേരിട്ടപ്പോഴും കേരളത്തെ അത്തരം പ്രശ്നങ്ങളൊന്നും തന്നെ ബാധിച്ചില്ല. രാജ്യത്തെ തന്നെ ഏറ്റവും കുറഞ്ഞ മരണനിരക്കുള്ള സംസ്ഥാനം കേരളമായിരുന്നു.

എന്നാൽ ബിജെപി സർക്കാർ അതിന്റെ ധാർഷ്ട്യം തുടരുകയാണ്. പരാജയം അംഗീകരിക്കാൻ സർക്കാർ തയ്യാറാവുന്നില്ല. നവലിബറൽ പാതയിൽനിന്ന് പിന്തിരിയാനും കൂട്ടാക്കുന്നില്ല. ഓരോ പ്രതിസന്ധിയെയും കോർപ്പറേറ്റുകളെയും വൻകിട ബിസിനസ് ഗ്രൂപ്പുകളെയും സേവിക്കാനുള്ള അവരമായി ഉപയോഗിക്കുന്ന അപകടരമായ പദ്ധതി പിന്തുടരുകയാണ് കേന്ദ്രസർക്കാർ. അധ്വാനിക്കുന്ന മനുഷ്യരുടെ ഐക്യത്തോടെയുള്ള വമ്പിച്ച സമരങ്ങളാണ് ഇത്തരം ധാർഷ്ട്യത്തിനും മർക്കടമുഷ്ടിക്കുമുള്ള മറുപടി. തൊഴിലാളി വർഗത്തിന്റെയും കർഷകരുടെയും മറ്റു ജനവിഭാഗങ്ങളുടെയും സംയുക്ത പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തുകയും നയങ്ങളെ മാറ്റും വിധം സമരങ്ങളെ പുതിയ ഉയരങ്ങളിലെത്തിക്കുകയും വേണം.

ഈ ലക്ഷ്യത്തോടെയാണ് തൊഴിലാളികളുടെയും കർഷകരുടെയും താഴെ പറയുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും ഉന്നയിക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ തീരുമാനിച്ചത്.

1. നിർദിഷ്ട സമയത്തിനുള്ളിൽ സാർവത്രികവു സൗജന്യവുമായ വാക്സിനേഷൻ ഉറപ്പാക്കുന്നതിനുവേണ്ടി വാക്സിൻ ഉൽപ്പാദനം വർധിപ്പിക്കുകയും പുതിയ ഉൽപ്പാദന സൗകര്യങ്ങൾക്ക് ലൈസൻസ് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
2. കോവിഡ് വ്യാപനം പ്രതിരോധിക്കാൻ ആവശ്യത്തിന് ആശുപത്രി ബെഡ്ഡുകളും ഓക്സിജനും മറ്റ് മെഡിക്കൽ സംവിധാനങ്ങളും സജ്ജമാക്കുക.
3. ജനവിരുദ്ധവും കോർപറേറ്റ് അനുകൂലവുമായ വാക്സിൻ നയം തിരുത്തുക.
4. ആരോഗ്യ മേഖലയിലെ ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതടക്കമുള്ള പൊതുജനാരോഗ്യ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുക.
5. യാത്രാനിയന്ത്രണം, കർഫ്യൂ തുടങ്ങിവ സംബന്ധിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് നിയമപ്രകാരം അധികാരികൾ നടപ്പാക്കുന്ന ഉത്തരവുകൾക്കൊപ്പം തൊഴിലാളികളെ സംബന്ധിച്ചും പിരിച്ചുവിടൽ, വേതനം വെട്ടിക്കുറയ്ക്കൽ, വീടുകളിൽനിന്ന് പുറത്താക്കൽ തുടങ്ങിയ നിരോധിക്കുന്നതും സംബന്ധിച്ച ഉത്തരവുകളും കർശനമായി പാലിക്കപ്പെടണം.
6. OSWC കോഡ് പ്രകാരം റദ്ദാക്കപ്പെട്ട അന്തർസംസ്ഥാന കുടിയേറ്റത്തൊഴിലാളി നിയമം 1979 പുനസ്ഥാപിക്കുക.
7. തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകളും ജനവിരുദ്ധമായ കാർഷിക നിയമവും വൈദ്യുതി നിയമവും റദ്ദാക്കുക.
8. സ്വകാര്യവൽക്കരണവും ഓഹരിവിൽപ്പനയും അവസാനിപ്പിക്കുക
9. ആദായനികുതി നൽകാത്ത എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 7500 രൂപ പണമായി നൽകുക.
10. അടുത്ത 6 മാസത്തേക്കു പ്രതിമാസം 10 കിലോ ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകുക.
11. മുൻനിര പോരാളികൾക്കും മഹാമാരിയെ നേരിടാൻ രംഗത്തുള്ള ആഷ, അംഗന വാഡി ജീവനക്കാർക്കും സംരക്ഷണ ഉപാധികളും ഉപകരണങ്ങളും ഉറപ്പാക്കുന്നതിനൊപ്പം എല്ലാവർക്കും സമഗ്രമായ ഇൻഷുറൻസ് കവറേജ് ഉറപ്പാക്കുക.
13. കോവിഡ് ബാധിച്ചു മരിച്ച സംഘടിത മേഖലയിലെ തൊഴിലാളികളുടെ ഉറ്റവർക്ക് ആശ്രിത നിയമനം നൽകുക. കോവിഡ് ബാധിച്ചു മരിച്ച അസംഘടിത മേഖലയിലെ തൊഴിലാളികളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുക.



## രണ്ടാം പിണറായി സർക്കാരിന്റെ

# നയപ്രഖ്യാപനം

നവകേരള സമൂഹത്തിലെ എല്ലാവർക്കും പുരോഗതിയുടെ തുല്യാവകാശം ലഭ്യമാക്കുമെന്ന ഉറപ്പുമായി എൽഡിഎഫ് സർക്കാരിന്റെ തുടർച്ചയിലെ ആദ്യ നയപ്രഖ്യാപനം. വികസനക്ഷേമ പദ്ധതികളിലൂടെ അസമത്വം ഇല്ലാതാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ പറഞ്ഞു. മുൻ സർക്കാരിന്റെ ക്ഷേമവികസന പരിപാടികൾ ഈ സർക്കാർ തുടരും. സാമ്പത്തികവളർച്ചയുടെ ഗുണഫലങ്ങൾ ലഭിക്കാത്ത ഒരാൾപോലുമുണ്ടാകില്ലെന്ന് തന്റെ സർക്കാർ ഉറപ്പാക്കുമെന്ന് ഗവർണർ പ്രഖ്യാപിച്ചു. കഴിഞ്ഞ സർക്കാരിന്റെ അധികാരത്തുടർച്ച അസാധാരണ ജനവിധിയാണ്. ജനാധിപത്യത്തിലും മതേതരത്വത്തിലും ജനക്ഷേമത്തിലും അചഞ്ചലമായ വിശ്വാസം ഈ സർക്കാരിനെയും മുന്നോട്ട് നയിക്കുന്നു. വകുപ്പുകളുടെ കാര്യക്ഷമവും ഏകോപിതവുമായ പ്രവർത്തനം കോവിഡ് മഹാമാരിയിൽ സംസ്ഥാനത്ത് മരണനിരക്ക് കുറയ്ക്കാൻ സഹായിക്കുന്നു. പ്രകടനപത്രികയിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പാക്കാൻ തുടങ്ങിയതായും ഗവർണർ പറഞ്ഞു.

## പ്രധാന പ്രഖ്യാപനങ്ങൾ

- എല്ലാവർക്കും കോവിഡ് വാക്സിൻ സൗജന്യം
- അർഹരായ എല്ലാവർക്കും പട്ടയം , ഇതിനായി 1000 കോടി രൂപ കണ്ടെത്തും
- സംസ്ഥാനത്തെ വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കും
- അഞ്ചുവർഷത്തിൽ 20 ലക്ഷം പേർക്കെങ്കിലും പുതുതായി തൊഴിൽ
- കെഎസ്ആർടിസിയിൽ റീ സ്ട്രക്ചർ 2.0
- കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴി
- ഡിജിറ്റൽ സമ്പദ് വ്യവസ്ഥയ്ക്കും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ
- കെ -ഫോൺ പദ്ധതി പൂർത്തീകരിക്കും
- പാവപ്പെട്ടവർക്കെല്ലാം സൗജന്യ ഇന്റർനെറ്റ് സൗകര്യം
- പൊതു വൈ-ഫൈ സ്പോട്ടുകൾ വ്യാപിപ്പിക്കും





- അർധ അതിവേഗ യാത്രാസൗകര്യം സാധ്യമാക്കും
- മൂലധനച്ചെലവ് വർധിപ്പിക്കും
- യുവസംരംഭകർക്കായി 25 സഹകരണ സംഘം
- സംസ്ഥാന നെല്ല് സഹകരണ സംഘവും രണ്ട് ആധുനിക റൈസ് മില്ലും
- കൃഷിഭവനുകൾ സ്മാർട്ടാകും
- വൈദ്യുതി വാങ്ങൽ കരാറുകളിൽ പുനഃപരിശോധന
- ദരിദ്രരിൽ ദരിദ്രർക്ക് മിതമായ നിരക്കിൽ വൈദ്യുതി
- ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ വർഷപാതിയിൽ പൂർത്തീകരിക്കും
- കേരള ബാങ്ക് കേരളത്തിന്റെ അത്താണിയാക്കും
- അഞ്ചുവർഷത്തിൽ കർഷകവരുമാനം 50 ശതമാനം ഉയർത്തും
- അഞ്ചുവർഷത്തിൽ പച്ചക്കറിയിൽ സ്വയംപര്യാപ്തത
- ബെയ്സ് പ്രൈസ് പ്രോഗ്രാമിൽ വിളകളുടെ വിലയിൽ വർഷാവർഷം വർധന
- നെൽക്കൃഷി വ്യാപനത്തിന് ബ്ലോക്കുതല മേൽനോട്ട സമിതി
- പിന്നോക്കവിഭാഗ വികസന കോർപറേഷനെ ശക്തിപ്പെടുത്തും
- പശ്ചിമ ദേശീയ ജലപാതയുടെ വികസനത്തിന് മൂന്നാംഘട്ടം
- കലാകാരന്മാർക്കായി സഹകരണ സംഘം
- കോപ്മാർട്ട് പദ്ധതിയിൽ സഹകരണ ഉൽപ്പന്ന വിപണനത്തിന് ഇ പ്ലാറ്റ്ഫോം
- കളമശേരിയിൽ ടെക്നോളജി ഇന്നൊവേഷൻ സോൺ
- കണ്ണൂരിൽ വില്ലേജ് നോളജ് സെന്റർ
- കളമശേരിയിൽ രാജ്യത്തെ വലിയ ഹാർഡ്വെയർ ഇക്കോ സിസ്റ്റം
- ഇ ഗവേണൻസിന് മലയാള ഭാഷാ ഗവേഷണകേന്ദ്രം
- ലഹരിമുക്ത സ്കൂളുകൾക്കായി ഉണർവ് പദ്ധതി
- പുനർഗേഹം പദ്ധതി ത്വരിതപ്പെടുത്തും
- ഉൾനാടൻ മത്സ്യോൽപ്പാദനം ഇരട്ടിയാക്കും
- ശക്തികുളങ്ങര, നീണ്ടകര, തങ്കശേരി, കായംകുളം തുറമുഖങ്ങൾ നവീകരിക്കും
- പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ തുറമുഖം
- സ്കൂൾ, കോളേജ് പരിസരങ്ങളിൽ 500 ചെറുവനം
- ന്യൂഡൽഹിയിലെ ട്രാവൻകൂർ പാലസ് നവീകരിക്കും
- സർവകലാശാലാവകുപ്പുകളും കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കും
- ഹൗസിങ് ബോർഡിനു കീഴിൽ ഗൃഹശ്രീ ഭവനപദ്ധതി
- ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം എല്ലാ പഞ്ചായത്തിലേക്കും
- കൃഷിവികസന പ്രവർത്തനങ്ങൾക്ക് തണ്ണീർത്തടം അടിസ്ഥാനമാക്കും
- ഖരമാലിന്യ സംസ്കരണത്തിന് മുൻഗണന
- താമസത്തിനുള്ള കെട്ടിടങ്ങൾ തീരപരിപാലന മേഖലാ ക്ലിയറൻസ് അപേക്ഷയ്ക്ക് ഓൺലൈൻ
- വിദേശ തൊഴിൽ തേടുന്നവർക്കായി അധിക നൈപുണ്യപരിശീലനം
- ഗോത്ര ഉൽപ്പന്നങ്ങൾക്കായി ട്രൈബൽ വില്ലേജ് മാർക്കറ്റുകൾ
- കായികമേഖലയിൽ മേനംകുളത്ത് ജി വി രാജ സെന്റർ ഫോർ എക്സലൻസ്
- ടൂറിസംകേന്ദ്രങ്ങളിൽ 12 ലോകോത്തര ടോയ്‌ലറ്റ്
- ടൂറിസത്തിന് പ്രത്യേക പ്രചാരണം
- സഞ്ചരിക്കുന്ന ജലബസ്









രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബജറ്റ്

# കൈവിടില്ല ചേർത്തുനിർത്തും

- രണ്ടാം തരംഗത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ കരകയറ്റും
- മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്തെ പൂർണസജ്ജമാക്കും
- അധികഭാരം ഏൽപ്പിക്കാതെ സാമ്പത്തിക രംഗത്തെ കൈപിടിച്ചുയർത്തും
- പുതിയ നികുതി നിർദേശങ്ങൾ ഇല്ല




**പ്രതിസന്ധിയുടെ രൂക്ഷസാഹചര്യത്തിലും ജനങ്ങളെ ചേർത്തുനിർത്തി രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബജറ്റ്. ആരോഗ്യമേഖലയിലും തീരപ്രദേശത്തും കൂടുതൽ ശ്രദ്ധ പുലർത്തി പുതിയ നികുതി നിർദേശമില്ലാതെയാണ് ജനങ്ങളോടുള്ള പ്രതിബദ്ധത സർക്കാർ വ്യക്തമാക്കിയത്. ദുരന്തങ്ങൾക്ക് മുന്നിലേക്ക് നാടിനെ എറിഞ്ഞുകൊടുക്കില്ലെന്ന ഉറപ്പാണ് ധനമന്ത്രി കെ എൻ ബാലഗോപാലിന്റെ കന്നി ബജറ്റ്. കോവിഡിനെ നേരിടാൻ 20,000 കോടി രൂപയുടെ പുതിയ പാക്കേജ്; പ്രതിസന്ധിയിലായവരെ നേരിട്ട് സഹായിക്കാൻ 8900 കോടി രൂപ. വായ്പ, സബ്സിഡി ഇനങ്ങളിൽ 8300 കോടി. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടി രൂപയുടെ പദ്ധതി. രണ്ടാം തരംഗത്തിന്റെ ആഘാതത്തിൽനിന്ന് ജനങ്ങളെ കരകയറ്റും. മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്തെ പൂർണസജ്ജമാക്കും. മുൻ ധനമന്ത്രി തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിലെ പദ്ധതികൾ പൂർണമായും നടപ്പാക്കും. പുതിയ സാഹചര്യത്തിലുള്ള കൂട്ടിച്ചേർക്കൽ മാത്രമാണ് പുതുക്കിയ ബജറ്റെന്ന് കെ എൻ ബാലഗോപാൽ പറഞ്ഞു.**




- 20,000 കോടിയുടെ രണ്ടാം കോവിഡ് പാക്കേജ്
- ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2800 കോടി
- 18 കഴിഞ്ഞവർക്ക് സൗജന്യ വാക്സിന് 1000 കോടി
- അനുബന്ധ ഉപകരണങ്ങൾക്ക് 500 കോടി
- 8900 കോടി ജനങ്ങളിൽ എത്തിക്കും
- വായ്പയ്ക്കും പലിശയിളവിനും 8300 കോടി

# പ്രധാനപ്രഖ്യാപനങ്ങൾ

- കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ്.
- ഈ പാക്കേജിൽ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപ
- ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയിലെത്തിക്കുന്നതിനായി 8900 കോടി രൂപ
- സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപ , ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനുള്ള പാക്കേജ്
- സൗജന്യ വാക്സിൻ വാങ്ങി നൽകുന്നതിനായി 1000 കോടി രൂപ. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 500 കോടി രൂപ
- കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിതിന് വർഷം 559 കോടി രൂപ ഗ്രാന്റിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതവും പ്രാദേശിക സർക്കാർ വിഹിതവും സമന്വയിപ്പിച്ച് ആരോഗ്യ സ്ഥാപനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടികൾ
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വാക്സിൻ ഗവേഷണം, വാക്സിൻ നിർമാണം 10 കോടി രൂപ
- കാർഷിക മേഖലയ്ക്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വഴി നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള കേരള ബാങ്ക് മുഖേന പശ്ചാത്തല സൗകര്യ പുനർ വായ്പ ലഭ്യമാക്കും 2000 കോടി രൂപ
- കാർഷികവ്യാവസായികസേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവി പ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ 1600 കോടി രൂപ
- എം.എസ്.എം.ഇ. കൾക്ക് കുറഞ്ഞ നിരക്കിൽ അധിക പ്രവർത്തന മൂലധന വായ്പയും ടേം ലോണും 2000 കോടി രൂപ. പലിശ ഇളവ് നൽകുന്നതിന് 50 കോടി രൂപ
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വഴി കുറഞ്ഞ നിരക്കിലുള്ള വായ്പ 1000 കോടി രൂപ
- നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം 1000 കോടി രൂപ വായ്പ. പലിശ ഇളവ് നൽകുന്നതിന് 25 കോടി രൂപ
- 2021-22 സാമ്പത്തിക വർഷത്തിൽ 10,000 ഇലക്ട്രിക് ഇരുചക്രവാഹനങ്ങളും 5000 ഇലക്ട്രിക് ഓട്ടോറിക്ഷകളും വാങ്ങാനായി ധനകാര്യ സ്ഥാപനങ്ങൾ വഴി വായ്പ 200 കോടി രൂപ. ഇതിനായുള്ള പലിശ ഇളവ് നൽകുന്നതിന് 15 കോടി രൂപ
- കെ.എഫ്.സി വഴി കോവിഡിന്റെ രണ്ടാം തരംഗത്തിൽ ടൂറിസം മേഖലയും ചെറുകിട വ്യവസായ മേഖലയും 20 ശതമാനം അധിക വായ്പ 500 കോടി രൂപ.
- കേരള നോളെജ് സൊസൈറ്റി കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായുള്ള നൈപുണ്യ നവീകരണ പ്രോത്സാഹനം, സാങ്കേതിക പരിവർത്തനം, ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി 'നോളജ് ഇക്കണോമി ഫണ്ട്' എന്ന നിലയിൽ വകയിരിത്തിയിരിക്കുന്ന തുക 200 കോടി രൂപയിൽ നിന്ന് 300 കോടിയായി ഉയർത്തി.
- തീരദേശ സ്കൂളുകളുടെയും തീരദേശ മത്സ്യ വിപണികളുടെയും നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ ഉൾപ്പെടെ 11,000 കോടി രൂപയുടെ വികസന പദ്ധതികൾ തീരദേശ മേഖലയിൽ വരുന്ന 4 വർഷം കൊണ്ട് നടപ്പിലാക്കും
- കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ല.

## രണ്ടാം പിണറായി സർക്കാരിന്റെ

# നൂറുദിന കർമ്മ പരിപാടി




- 77,350 തൊഴിൽ
- 10,000 വീട്
- ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ് ഹബ്ബ്
- 25,000 ഹെക്ടറിൽ ജൈവകൃഷി



വൻ തൊഴിലവസരങ്ങളും അടിസ്ഥാന വികസന മേഖലയിൽ കൂടുതൽ പദ്ധതികളുമുൾപ്പെടുത്തി സംസ്ഥാന സർക്കാർ നൂറുദിന പരിപാടി പ്രഖ്യാപിച്ചു. പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനങ്ങളാണിവ. പൊതുമരാമത്ത് വകുപ്പ്, റീബിൽഡ് കേരളാ ഇനീഷ്യേറ്റീവ്, കിഫ്ബി എന്നിവയിലായി 2464.92 കോടിയുടെ പരിപാടിയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

20 ലക്ഷം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന സുപ്രധാന പദ്ധതിയുടെ രൂപരേഖ കെ ഡിസ്കിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയാക്കും. നൂറുദിനത്തിൽ പ്രത്യക്ഷമായും പരോക്ഷമായും 77,350 തൊഴിലവസരം സൃഷ്ടിക്കും. ജൂൺ 11 ന് ആരംഭിച്ച നൂറുദിന പരിപാടി സെപ്തംബർ 19 വരെയാണ്.




- ദുർബല വിഭാഗങ്ങൾക്ക് 20,000 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (എഡിഎസ്) വഴി 200 കോടി രൂപയുടെ ധനസഹായം
- 1000ൽ 5 പേർക്ക് തൊഴിലിനുള്ള പദ്ധതിയുടെ കരട് തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കും
- റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുന്ന 945.35 കോടി രൂപയുടെ 9 റോഡ് പ്രവൃത്തി

- 200.10 കോടിയുടെ കിഫ്ബി റോഡ്പാലം പദ്ധതി ഉദ്ഘാടനം
- കുട്ടനാട് ബ്രാൻഡ് അരി മിൽ
- കാഷ്യൂ ബോർഡ് 8000 മെട്രിക് ടൺ കശുവണ്ടി ലഭ്യമാക്കി 100 തൊഴിൽദിനം സൃഷ്ടിക്കും
- 100 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സ്
- ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ഭക്ഷണ ഭദ്രതാ അലവൻസ് ഭക്ഷ്യക്കിറ്റായി നൽകും
- പ്രവാസികൾക്കായി 100 കോടി രൂപയുടെ കെഎസ്ഐഡിസി വായ്പ പദ്ധതി
- പഴയന്നൂരിൽ 40 യൂണിറ്റുള്ള ഭവനസമുച്ചയം കൈമാറും
- യുവ സംരംഭകർക്കായി 25 സഹകരണ സംഘം
- 10,000 രൂപ നിരക്കിൽ സ്മാർട്ട്ഫോണിന് പലിശരഹിത വായ്പ നൽകും
- ഖരമാലിന്യ സംസ്കരണത്തിന് സംവിധാനമൊരുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് പുരസ്കാരം.
- വിശപ്പുരഹിത കേരളം ജനകീയ ഹോട്ടലുകൾക്ക് റേറ്റിങ്ങ്
- നൂറുദിനത്തിൽ 100 അർബൻ സ്ട്രീറ്റ് മാർക്കറ്റ്
- സുഭിക്ഷം, സുരക്ഷിതം കേരളം എന്ന ലക്ഷ്യത്തോടെ 25,000 ഹെക്ടറിൽ ജൈവകൃഷി ആരംഭിക്കും
- 25 ലക്ഷം പഴവർഗ വിത്തുകൾ വിതരണം ചെയ്യും
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (അമൃത് പദ്ധതിപ്രകാരം) തുടങ്ങും
- ഭൂനികുതി രജിസ്റ്റർ ഡിജിറ്റലൈസേഷൻ
- ഭൂനികുതി ഒടുക്കുന്നതിന് മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങും. തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിക്കും. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ അയക്കാൻ ഓൺലൈൻ മോഡ്യൂൾ പ്രാവർത്തികമാക്കും.
- 90 സ്കൂൾ കെട്ടിടം ഉദ്ഘാടനംചെയ്യും
- പൊതുവിദ്യാഭ്യാസ വകുപ്പിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമാണം പൂർത്തിയാക്കിയ 5 കോടി രൂപയുടെ 20 സ്കൂളും 3 കോടി രൂപയുടെ 30 സ്കൂളും പ്ലാൻ ഫണ്ട് മുഖേന നിർമാണം പൂർത്തിയായ 40 സ്കൂളുമടക്കം 90 സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്യും.43 ഹയർ സെക്കൻഡറി ലാബും 3 ലൈബ്രറിയും തുറക്കും. സ്കൂളുകളിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസുകളുടെ തുടർച്ചയായി അധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ ഓൺലൈൻ ക്ലാസുകൾ.വിദ്യാർഥികളിൽ വായനാശീലം വളർത്തുന്നതിനായി വീടുകളിൽ പുസ്തകം എത്തിക്കുന്ന 'വായനയുടെ വസന്തം' പദ്ധതി ആരംഭിക്കും.
- നിർധന വിദ്യാർഥികൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കാൻ ഒരു വിദ്യാർഥിക്ക് 10,000 രൂപ നിരക്കിൽ പലിശരഹിത വായ്പ നൽകുന്ന പദ്ധതി തുടങ്ങും.
- 308 പുനർഗേഹം വ്യക്തിഗത വീടുകൾ (30.80 കോടി രൂപ ചെലവ് ) കൈമാറും.
- 303 പുനർഗേഹം ഫ്ളാറ്റുകൾ തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ (30.30 കോടി രൂപ ചെലവ്) ഉദ്ഘാടനം ചെയ്യും.
- 250 പഞ്ചായത്തുകളിൽ മത്സ്യകൃഷി
- പട്ടികജാതി വികസന വകുപ്പ് പൂർത്തിയാകാതെ കിടക്കുന്ന 1000 വീടിന്റെ നിർമാണം പൂർത്തീകരിക്കും.

# ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു

( സിഐടിയു ആൾ ഇന്ത്യ സെന്റർ തയാറാക്കിയ കുറിപ്പുകൾ )

## വ്യവസായ ബന്ധ കോഡ്
## ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച്

**വ്യവസായ ബന്ധ കോഡിന്റെ (IR Code) കേന്ദ്ര കരടു റൂളിൽ ട്രേഡ് യൂണിയൻ 'അംഗീകാരം 'സംബന്ധിച്ച കുറിപ്പ്**

ട്രേഡ് യൂണിയൻ ആക്റ്റ് 1926, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റ് 1947, ഇൻഡസ്ട്രിയൽ എസ്റ്റാബ്ളിഷ്മെന്റ് ( സ്റ്റാൻഡിങ്ങ് ഓർഡേഴ്സ് ) ആക്റ്റ് 1946 എന്നീ മൂന്നു സുപ്രധാന നിയമങ്ങൾക്കു പകരമായി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020 എന്ന നിയമം 2020 സെപ്റ്റംബറിലെ മൺസൂൺ കാല സമ്മേളനത്തിൽ പ്രതിപക്ഷമാകെ കർഷക നിയമങ്ങൾക്കെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കുന്നതിനിടയിൽ സർക്കാർ പാസാക്കിയെടുത്തു.എന്നിട്ട് ഒരു മാസത്തിനിടയിൽ 2020 ഒക്ടോബർ 29 ന് അതിന്റെ കരടു റൂളുകളും പ്രസിദ്ധീകരിച്ചു. ഈ കേന്ദ്ര റൂളിൽ ട്രേഡ് യൂണിയനെപ്പറ്റി ഒരു പരാമർശവുമില്ല. അപ്പോൾ ട്രേഡ് യൂണിയൻ അംഗീകാരത്തെ പറ്റി ഒന്നുമില്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.



പിന്നീട് 2021മെയ് 4ന് ഇൻഡസ്ട്രിയൽ റിലേഷൻസ് (സെൻട്രൽ) റെക്കഗ്നിഷൻ ഓഫ് നെഗോഷിയേറ്റിംഗ് യൂണിയൻ or നെഗോഷിയേറ്റിംഗ് കൗൺസിൽ അഡ്ജൂഡിക്കേഷൻ ഓഫ് ഡിസ്പ്യൂട്ട്സ് ഓഫ് ട്രേഡ് യൂണിയൻസ് റൂൾസ് 2021 എന്ന പേരിൽ കേന്ദ്ര കരടു റൂളും നോട്ടിഫൈ ചെയ്തു. എതിർപ്പോ നിർദേശങ്ങളോ ഉണ്ടെങ്കിൽ 30 ദിവസത്തിനകം അറിയിക്കണമെന്നും അതിൽ പറഞ്ഞിരുന്നു.റൂളിൽ ട്രേഡ് യൂണിയനെ പറ്റി പറയുന്നില്ല. റൂളുണ്ടാക്കാനുള്ള അവകാശം സംസ്ഥാന സർക്കാരുകൾക്ക് നൽകുമെന്ന് വ്യംഗ്യം. എന്നാൽ ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച് കേന്ദ്ര റൂളിലെ വ്യവസ്ഥകൾ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നതിലും ,കൂട്ടായി വിലപേശുന്നതിലും ചർച്ചകളിൽ പങ്കെടുക്കുന്നതിലും ട്രേഡ് യൂണിയനുള്ള അവകാശങ്ങൾ ഗണ്യമായി വെട്ടിക്കുറക്കയോ നിയന്ത്രിക്കയോ ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ അടിസ്ഥാന ട്രേഡ് യൂണിയൻ അവകാശങ്ങൾക്കാകെ വിലങ്ങു വീണിരിക്കുന്നു.

IR കോഡിൽ ട്രേഡ് യൂണിയൻ അംഗീകാരത്തിന് റൂളുകളുണ്ടാക്കാൻ 'ബന്ധപ്പെട്ട സർക്കാരിന് ' ( appropriate Govt) താഴെ പറയുന്ന കാര്യങ്ങളിൽ അധികാരം നൽകിയിട്ടുണ്ട്.

1. IRകോഡ് 2020 സെക്ഷൻ 14 (1) ന്റെ കീഴിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലുടമയുമായി ചർച്ച ചെയ്യുന്ന യൂണിയനോ അല്ലെങ്കിൽ ചർച്ച ചെയ്യുന്ന കൗൺസിലിനോ ഉന്നയിക്കാവുന്ന 'വിഷയങ്ങൾ ' നിശ്ചയിക്കാം

## ലേബർ കോഡ് 4

## ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു

2. സെക്ഷൻ 14 (2) പ്രകാരം വ്യവസായ സ്ഥാപനത്തിലെ തൊഴിലുടമ അവിടെ ഏക യൂണിയൻ മാത്രമാണുള്ളതെങ്കിൽ അതിനെ അംഗീകരിക്കാൻ സ്വീകരിക്കേണ്ട മാനദണ്ഡം
3. ഒന്നിലധികം യൂണിയനുള്ള പക്ഷം മസ്റ്റർ റോളിലുള്ള തൊഴിലാളികളുടെ 51 ശതമാനമോ അതിൽ കൂടുതലോ ഉള്ളതാർക്കാണെന്ന് സെക്ഷൻ 14(3) പ്രകാരം പരിശോധിച്ച് അംഗീകാരം നൽകാൻ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ
4. ഒന്നിലധികം യൂണിയനുണ്ടായിരിക്കയും അവയിലൊന്നിനും 51 ശതമാനമോ അതിൽ കൂടുതലോ പേരുടെ പിന്തുണയില്ലാതെ വരികയും ചെയ്യുന്ന സ്ഥിതിയിൽ 20 ശതമാനം പിന്തുണയുള്ള യൂണിയനുകൾക്ക് ഓരോന്നിനും 20 ശതമാനത്തിന് ഒന്ന് എന്ന കണക്കിൽ പ്രാതിനിധ്യം നൽകി നെഗോഷ്യേറ്റിംഗ് കൗൺസിൽ രൂപീകരിക്കാം .അത്തരം ഘട്ടത്തിൽ പിന്തുണ നൽകുന്ന തൊഴിലാളികളുടെ അനുപാതം നിശ്ചയിക്കാൻ സെക്ഷൻ 14 (4) പ്രകാരം സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ
5. സെക്ഷൻ 14 (7) പ്രകാരം നെഗോഷ്യേറ്റിംഗ് യൂണിയനോ നെഗോഷ്യേറ്റിംഗ് കൗൺസിലിനോ വ്യവസായ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ നിശ്ചയിക്കുക.
6. സെക്ഷൻ 22 (1) പ്രകാരം ട്രിബ്യൂണലിനു മുന്നിൽ അഡ്ജൂഡിക്കേഷന് അപേക്ഷിക്കാനുള്ള രീതി നിശ്ചയിക്കുക.

മുകളിൽ സൂചിപ്പിച്ച റൂളുകളുടെ പരിശോധനയിലേക്കു കടക്കും മുൻപ് TU അംഗീകാരം സംബന്ധിച്ച് IR കോഡ് 2020 ലേക്ക് ഒന്നു തിരിഞ്ഞു നോക്കാം. ഈ കോഡിൽ തന്നെ നിയമപരവും അല്ലാത്തതുമായ ന്യൂനതകൾ, സംഘടിക്കാനുള്ള അവകാശം, കൂട്ടായി വിലപേശാനുള്ള അവകാശം എന്നീ സുപ്രധാന കാര്യങ്ങൾ നില നിൽക്കുന്നു. അതു കൊണ്ടു തന്നെ ട്രേഡ് യൂണിയൻ അംഗീകാരം തുടങ്ങിയ പ്രധാന കാര്യങ്ങളിൽ ഈ നിയമത്തിൽ ഒരു തരം അറച്ചുനിൽക്കൽ, നിഷേധം, അല്ലെങ്കിൽ കഴിയുന്നത്ര നിയന്ത്രണം എന്നിവ പ്രകടമാണ്.

### ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച അവ്യക്തതകൾ

* കൂട്ടായ ചർച്ചയിൽ പരിഗണിക്കേണ്ട 'വിഷയങ്ങൾ' എന്താകണമെന്ന് മുൻകൂട്ടി തന്നെ നിയമത്തിലൂടെ വ്യവസ്ഥപ്പെടുത്തുന്നു.
* IR കോഡിൽ ഒരിടത്തും കൂട്ടായ വിലപേശൽ, ട്രേഡ് യൂണിയൻ അംഗീകാരം , അംഗീകൃത യൂണിയൻ തുടങ്ങിയ പദം പോലുമില്ല. പകരം എല്ലായിടത്തും നെഗോഷ്യേ റ്റിംഗ് യൂണിയൻ, നെഗോഷ്യേറ്റിംഗ് കൗൺസിൽ എന്നീ പ്രയോഗങ്ങൾ മാത്രമേയുള്ളൂ.
* ട്രേഡ് യൂണിയൻ അംഗീകാര നടപടികൾക്ക് രൂപം നൽകാൻ നിയമപരമായി ആരെയും അധികാരപ്പെടുത്തുന്നില്ല. ഇത് മന:പൂർവമല്ലാത്ത വീഴ്ചയായി കണക്കാക്കാവുന്നതല്ല. റൂളിലെ വ്യവസ്ഥകളിലൂടെ സംഘടനയെ അംഗീകരിക്കാനുള്ള അവകാശം ഏകപക്ഷീ യമായി തൊഴിലുടമക്ക് വിട്ടുകൊടുക്കാനുള്ള ബോധപൂർവമായ നീക്കമാണ്.
* അതുപോലെ വോട്ടറുടെ നിർവചനം വോട്ടു ചെയ്യാൻ അർഹനായ തൊഴിലാളിയുടെ അർഹത നിശ്ചയിക്കുന്ന കാര്യവും ഒഴിവാക്കി. 'മസ്റ്റർ റോളിലുള്ള തൊഴിലാളികൾ ' എന്നു വിശേഷിപ്പിക്കുമ്പോൾ കോൺട്രാക്റ്റ്, കാഷ്വൽ, ടെമ്പററി വിഭാഗത്തിൽ പെടുന്ന ബഹുഭൂരിപക്ഷം തൊഴിലാളികൾക്ക് ഏതാണ് തങ്ങൾ അംഗീകരിക്കുന്ന സംഘടനയെന്ന് രേഖപ്പെടുത്താനുള്ള അവകാശം നിഷേധിക്കുന്നു എന്നാണ് അതിനർഥം .കുപ്രസിദ്ധമായ CAA/NRC രീതി പോലെ ഈ 'മസ്റ്റർ റോൾ ' സമ്പ്രദായത്തിലൂടെ ഒരു വലിയ വിഭാഗം തൊഴിലാളികളുടെ TU അംഗീകാരം നഷ്ടമാവും
* വ്യവസായ ബന്ധത്തിന്റെ പൊതു രീതി എന്ന നിലയിൽ വ്യവസായ സ്ഥാപനം (Industrial Establishment.) എന്തെന്ന് IR കോഡ് നിർവചിക്കുന്നുണ്ടെങ്കിലും യൂണിയൻ അംഗീകാരം സംബന്ധിച്ച് അതിൽ സൂചിപ്പിക്കുന്ന സെക്ഷൻ 14, 27 അതിന് അർഥം കൽപ്പിക്കു ന്നതേയില്ല. മന:പൂർവമായ ഈ അവ്യക്തത തൊഴിലുടമക്കും ഉദ്യോഗ വർഗത്തിനും അവർക്കിഷ്ടമുള്ള

രീതിയിൽ വ്യാഖ്യാനം നൽകാൻ വഴി തുറന്നു കൊടുത്തിരിക്കുന്നു.

* നെഗോഷ്യേറ്റിംഗ് കൗൺസിലിൽ 'ഭൂരിപക്ഷ'ത്തിന് ഒരു പ്രാധാന്യവും കൽപ്പിക്കുന്നില്ല.

റൂളുകൾക്ക് അന്തിമരൂപം നൽകും മുൻപ് തീർച്ചയായും ഇതൊക്കെ പരിഗണിക്കപ്പെടേണ്ടതായിരുന്നു. എന്നാൽ 2021 മെയ് 4 ന് പ്രസിദ്ധീകരിച്ച തുടക്കത്തിൽ സൂചിപ്പിച്ച റൂളിൽ ഇവയൊന്നും പരിശോധിച്ചിട്ടില്ല. ഈ കുറവുകളെല്ലാം മുതലാളി വർഗത്തിന് നേട്ടമാകണം എന്ന ലക്ഷ്യമാണ് ഇതു തയാറാക്കിയവരുടെ ചിന്തയിലുള്ളത്.

### ആരാണ് TU അംഗീകാരം നിയന്ത്രിക്കുന്ന അധികാര കേന്ദ്രം?

TU അംഗീകാരത്തിനുള്ള കരടു റൂൾ പ്രകാരം സംഘടനയെ അംഗീകരിക്കുന്നതിനുള്ള അധികാരം നിക്ഷിപ്തമായ ഒരേ ഒരു സ്ഥാപനം 'തൊഴിലുടമ' യാണ്. കൂട്ടായി വിലപേശാനുള്ള അവകാശം ഉറപ്പു വരുത്തുന്നതിന് ട്രേഡ് യൂണിയനെ അംഗീകരിക്കണം എന്ന് തൊഴിലാളികൾ തുടർച്ചയായി ഉന്നയിച്ചു വരുന്ന ആവശ്യത്തെ കേന്ദ്ര സർക്കാർ 'സഹാനുഭൂതിയോടെ' സമീപിക്കുന്ന രീതിയാണിത്.

കരടു റൂൾ നമ്പർ 5 അനുസരിച്ച് ട്രേഡ് യൂണിയൻ വെരിഫിക്കേഷൻ നടത്താനുള്ള അധികാരം സർക്കാരിനല്ല, അത് തൊഴിലുടമക്കാണ്. റൂൾ 5-ന്റെ സബ് റൂൾ 5(1) പ്രകാരം തൊഴിലുടമ:

a) ഒരു വെരിഫിക്കേഷൻ ഓഫീസറെ നിയമിക്കുന്നു. അയാൾക്ക് ആവശ്യമെന്നു തോന്നിയാൽ അഡീഷണൽ വെരിഫിക്കേഷൻ ഓഫീസർമാരെ നിയമിക്കാം

b) വെരിഫിക്കേഷനുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ, അതിന്റെ ചിലവ് എല്ലാം തൊഴിലുടമ വഹിക്കണം.

c) ട്രേഡ് യൂണിയനുകളിൽ നിന്ന് TU അംഗീകാരത്തിനുള്ള അപേക്ഷ സ്വീകരിക്കണം.

d) വോട്ടേഴ്സ് ലിസ്റ്റ് തയാറാക്കണം

അതായത് വെരിഫിക്കേഷൻ സംബന്ധിച്ച എല്ലാ പ്രവർത്തനവും തൊഴിലുടമ നിയന്ത്രിക്കും. ഇത് മൂലധനത്തിന്റെ ഇംഗിതമനുസരിച്ച് ഈ റൂളുകളിലൂടെ തൊഴിലാളികളെ നിയമവ്യവസ്ഥകളിൽ ഉൾപ്പെടുത്തി അടിമകളാക്കാനുള്ള തന്ത്രമല്ലാതെ മറ്റൊന്നുമല്ല. പ്രത്യേകിച്ചും ഇന്നത്തെ നവ ലിബറൽ സാഹചര്യത്തിൽ ഈ ജോലികൾ ചെയ്യാൻ ഭരമേൽപ്പിക്കപ്പെടുന്ന അനുയോജ്യരാണ് തൊഴിലുടമകൾ എന്ന് കരുതാനാവില്ല. തങ്ങളുടെ സ്ഥാപനത്തിൽ ട്രേഡ് യൂണിയൻ നിലവിൽ വരുന്നതു പോലും വെറുക്കുന്ന, അതിനെ ശത്രുതയോടെ മാത്രം സമീപിക്കുന്നവർ ഏതു രീതിയിലാകും യൂണിയനെ അംഗീകരിക്കുക എന്ന് പ്രത്യേകം പറയേണ്ടതില്ല.

ട്രേഡ് യൂണിയൻ(വെസ്റ്റ് ബംഗാൾ അമൻറ് മെൻറ് ) ആക്റ്റ് 1983 ട്രേഡ് യൂണിയനെ അംഗീകരിക്കുന്ന നടപടികൾ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണി





# ലേബർ കോഡ് 4

## ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു



യൻസിനെയാണ് ഏൽപിച്ചിട്ടുള്ളത്. കേരളത്തിൽ 2010 ൽ അംഗീകരിച്ച സമാന നിയമപ്രകാരം സർക്കാർ ഈ ചുമതല ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. മഹാരാഷ്ട്ര റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻസ് ആന്റ് പ്രിവൻഷൻ ഓഫ് അൺഫെയർ ലേബർ പ്രാക്ടീസ് ആക്റ്റ് 1971 അധികാരം ഏൽപ്പിച്ചിട്ടുള്ളത് വ്യവസായ കോടതികളെയാണ്. കേന്ദ്ര സർക്കാർ തൊഴിലുടമകളെ തലോടാൻ വ്യഗ്രത കാട്ടുന്ന ഈ സന്ദർഭത്തിൽ വിഖ്യാതമായ FCI കേസിൽ സുപ്രീം കോടതി സ്വീകരിച്ച നിലപാട് ശ്രദ്ധിക്കേണ്ടതുണ്ട്. ചീഫ് ലേബർ കമ്മീഷണറാണ് (CLC) റിട്ടേണിംഗ് ഓഫീസറെ നിയമിക്കേണ്ടതെന്നും അങ്ങനെ നിയമിക്കു ന്നയാൾ സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം എന്നുമാണ് കോടതി നിർദേശിച്ചത്. സംസ്ഥാനങ്ങൾ ഫലപ്രദമെന്ന് തെളിയിച്ച നിയമ വ്യവസ്ഥകളിലോ കോടതി ഉത്തരവുകളിലോ ഇക്കാര്യത്തിൽ തൊഴിലുടമക്ക് സ്ഥാനം നൽകുന്നില്ല. കോർപ്പറേറ്റ് അനുകൂലമായ ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തിന്റെ വിധേയത്വമാണ് ഈ കരടു റൂളുകൾ പ്രതിഫലിപ്പിക്കുന്നത്.

### തൊഴിലാളിയുടെ വോട്ടു ചെയ്യാനുള്ള അർഹത

IR കോഡിലെ നിർവചനമനുസരിച്ച് 'തൊഴിലാളി' എന്നാൽ 'വ്യവസായ സ്ഥാപനത്തിലെ മസ്റ്റർ റോളിലുള്ള തൊഴിലാളി' മാത്രമാണ്. അവർക്കു മാത്രമേ വോട്ടു ചെയ്യാൻ അർഹതയുള്ളു. അതായത് കാഷ്വൽ, കോൺട്രാക്റ്റ്, ടെമ്പററി വ്യവസ്ഥയിൽ പണിയെടുക്കുന്ന വൻ ഭൂരിപക്ഷത്തിന് ട്രേഡ് യൂണിയൻ അംഗീകാരം തീരുമാനിക്കുന്നതിൽ പങ്ക് നിഷേധിച്ചിരിക്കുന്നു. ഇതിൽ സംശയം വേണ്ട എന്നു കരുതിയാകണം, കരട് റൂൾ 6(3) ൽ '(വോട്ടെടുപ്പിന്) നിശ്ചയിക്കപ്പെടുന്ന തീയതിയിൽ ഒരു വ്യവസായത്തിലെ മസ്റ്റർ റോൾ പ്രകാരം എത്ര തൊഴിലാളികളുണ്ടോ, അവർക്കു മാത്രം വോട്ടു രേഖപ്പെടുത്താം ' എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്.

പടിഞ്ഞാറൻ ബംഗാളിലെ വ്യവസ്ഥ പരമാവധി തൊഴിലാളികളെ ഉൾപ്പെടുത്തി യിട്ടുണ്ട്. അതിന്റെ പ്രസക്ത ഭാഗം നോക്കാം: 'ഈ നിയമത്തിലെ അദ്ധ്യായം III A പ്രകാരം ( ട്രേഡ് യൂണിയൻ അംഗീകാരമാണ് അതിൽ പ്രതിപാദിക്കുന്നത്) തൊഴിലാളി എന്നാൽ ഏതെങ്കിലും വ്യവസായത്തിൽ പണിയെടുക്കുന്ന സ്കിൽഡ്, അൺസ്കിൽഡ്, മാന്വൽ, സൂപ്പർവൈസറി ,ടെക്നിക്കൽ, സെയിൽസ് പ്രൊമോഷൻ ,ക്ലറിക്കൽ വിഭാഗത്തിൽ പ്രതിഫലം വാങ്ങി പണിയെടുക്കുന്ന എല്ലാവരും ഉൾപ്പെടും. അവരുടെ തൊഴിൽ വ്യവസ്ഥകൾ പ്രത്യക്ഷമോ പരോക്ഷമോ ആകാം. ഈ നിയമ വ്യവസ്ഥക്കു കീഴിൽ വരുന്ന തൊഴിൽ തർക്കത്തിൽ ഡിസ്മിസ് ചെയ്ത, ഡിസ്ചാർജ്/ റിട്രഞ്ച് ചെയ്ത , അല്ലെങ്കിൽ വ്യവസായ തർക്കത്തിന് കാരണമായ പിരിച്ചുവിടൽ, ഡിസ്ചാർജ്, റിട്രഞ്ച്മെന്റിനു വിധേയരായവർ എന്നിവരെല്ലാം ഉൾപ്പെടും. എന്നാൽ (1) ആർമി ആക്റ്റ് 1950, എയർ ഫോഴ്സ് ആക്റ്റ് 1950, നേവി ആക്റ്റ് 1957 ( II) പോലീസ് സർവീസ്, ജയിൽ സർവീസ് ഓഫീസർ (III) പ്രധാനമായും മാനേജീരിയൽ, അഡ്മിനിസ്ട്രേറ്റിവ് സർവീസിലുള്ളവർ (IV) പ്രതിമാസം 1600 രൂപയിൽ കൂടുതൽ വേതനം പറ്റുന്ന സൂപ്പർവൈസറി വിഭാഗം, ചില അധികാരങ്ങൾ നിക്ഷിപ്തപ്പെടുത്തിയ മാനേജേരിയൽ വിഭാഗം എന്നിവർ ഉൾപ്പെടില്ല.'

കേരള നിയമത്തിലെ സെക്ഷൻ 8 ഒട്ടും അവ്യക്തതയില്ലാതെ വോട്ടവകാശം നിർവചിച്ചിട്ടുണ്ട്. 18 വയസിനു മുകളിലുള്ള ,തെരഞ്ഞെടുപ്പു തീയതി പ്രഖ്യാപിക്കുന്ന തിനു തൊട്ടുമുൻപുള്ള 12 മാസത്തിൽ 120 ദിവസം ഒരു വ്യവസായ സ്ഥാപനത്തിൽ അല്ലെങ്കിൽ വ്യവസായത്തിൽ പണി ചെയ്ത തൊഴിലാളിക്ക് സെക്ഷൻ 5 പ്രകാരം വോട്ടവകാശമുണ്ടായിരിക്കും. ക്ലോഷർ, ലോക്കൗട്ട്, സ്ട്രൈക്ക്, ലേ ഓഫ് ,തൊഴിൽ ലഭ്യതയിലെ കുറവ് ,ലീവ് തുടങ്ങിയവ ഈ സെക്ഷൻ പ്രകാരം സർവീസ് തടസമായി കണക്കാക്കുന്നതല്ല.'

1958ലെ പതിനാറാം ഇൻഡ്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച കോഡ് ഓഫ് ഡിസിപ്ളിനിൽ യൂണിയൻ മെമ്പർഷിപ്പ് വെരിഫൈ ചെയ്യുന്നതിനുള്ള ചുമതല CLC പോലുള്ള തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരെയാണ് ഏൽപിച്ചിട്ടുള്ളത്.

ഈ വിധം വ്യവസ്ഥകൾ, കൂട്ടായ ബുദ്ധി, ചിന്ത എല്ലാം മോഡി ഭരണത്തിന് അന്യ മാണ്. ചുരുക്ക

ത്തിൽ അവർ ഉദ്ദേശിക്കുന്നത് ഇത്രമാത്രം. പരമാവധി തൊഴിലാളികളെ സംഘടനാ അംഗീകാര നടപടിയിൽ നിയമ പരിധിക്കു പുറത്താക്കുക.

അതിനാൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020-നൊപ്പം 2021- ലെ കരടു റൂളുകളും ചവറ്റുകുട്ടയിൽ എറിയപ്പെടേണ്ടവയാണ്. എങ്കിലും കരടു റൂളിലെ നിർദേശങ്ങളെല്ലാം പരിശോധിക്കയും അറിയിച്ച സമയപരിധിക്കുള്ളിൽ തന്നെ നമ്മുടെ പ്രതികരണം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.തൊഴിലാളികൾക്കിടയിൽ ഇത് ഒരു പ്രചരണായുധമായി മാറ്റുകയും അവർക്കിടയിൽ ഭരണവർഗത്തിന്റെ വർഗ പക്ഷപാതം തുറന്നു കാട്ടുകയുമാണ് ലക്ഷ്യം.

### 1. അംഗീകരിക്കുന്ന തൊഴിലാളി സംഘടന(കൾ) ചർച്ച ചെയ്യേണ്ട 'വിഷയങ്ങളുടെ ' തീരുമാനം : അതിനായുള്ള ചർച്ചയിൽ നെഗോഷ്യേറ്റിംഗ് യൂണിയന് / നെഗോഷ്യേറ്റിംഗ് കൗൺസിലിന് പങ്കെടുക്കാമോ?

കൂട്ടായ വിലപേശലിന്റെ ലക്ഷ്യത്തിനും തത്വത്തിനും അനുരോധമല്ല റൂൾ 3 ൽ അംഗീകാരം വിശദീകരിക്കുന്ന 'വിഷയങ്ങൾ 'മുൻകൂട്ടി നിശ്ചയിക്കുന്ന ചർച്ച. തൊഴിലുടമകളും തൊഴിലാളികളുമായുള്ള വിലപേശലിലെ മുഖ്യ ഘടകം അതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ചർച്ച ചെയ്യുക എന്നതാണ്. അതിനാൽ റൂൾ 3 ലെ സെക്ഷൻ 14 (1) എന്ന ചർച്ചയെ നിയന്ത്രിക്കുന്ന/പരിമിതപ്പെടുത്തുന്ന വകുപ്പുകൾ ഉപേക്ഷി ക്കേണ്ടതാണ്

### 2. കോഡിലെ 14(2) വകുപ്പിന്റെ പശ്ചാത്തലത്തിൽ ഏക നെഗോഷ്യേറ്റിംഗ് യൂണിയനെ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന കാര്യം:

മൊത്തം തൊഴിലാളികളുടെ 30 ശതമാനത്തിൽ താഴെയല്ലാത്ത രജിസ്റ്റേർഡ് ട്രേഡ് യൂണിയനെ (വിവിധ യൂണിയനുകൾ ഉള്ളിടത്ത് പറയുന്ന മാനദണ്ഡം = മസ്റ്റർ റോളിലുള്ളവർ = എന്ന് ഇവിടെ പറയുന്നില്ല എന്ന കാര്യം ശ്രദ്ധിക്കണം) ഏക നെഗോഷ്യേറ്റിംഗ് യൂണിയനായി അംഗീകരിക്കണം എന്നാണ് കരട് റൂൾ 4 ലെ വ്യവസ്ഥ. ഇവിടെ ജോലിയിലുള്ള മൊത്തം തൊഴിലാളികൾ ( Total Workers Employed) എന്നത് നിർവചിക്കണം. ഒരു യൂണിയൻ മാത്രം നിലവിലുള്ളിടത്ത് 30 ശതമാനം എന്ന മാനദണ്ഡം അപ്രസക്തമാണ്. ഇതെടുത്തുകളയണം.

### 3. വെരിഫിക്കേഷൻ രീതി/മാനദണ്ഡങ്ങൾ

a) വിവിധ യൂണിയനുകൾ ഉള്ളിടത്ത് ഒരു യൂണിയന് മസ്റ്റർ റോളനുസരിച് 51 ശതമാനമോ അതിൽ കൂടുതലോ അംഗങ്ങളുള്ള പക്ഷം സെക്ഷൻ 14(3) IRകോഡ് പറയുന്നതിങ്ങനെ: ഒരു വ്യവസായ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത ഒന്നിൽ കൂടുതൽ യൂണിയനുകളു ണ്ടെങ്കിൽ അവിടെ മസ്റ്റർ റോളിൽ 51 ശതമാനമോ അതിൽ കൂടുതലോ അംഗങ്ങളുണ്ടെന്ന് നിശ്ചിത പരിശോധനയിൽ കണ്ടാൽ ആ സംഘടനയെ തൊഴിലുടമ തൊഴിലാളികളുടെ ഏക നെഗോഷ്യേറ്റിംഗ് യൂണിയനായി അംഗീകരിക്കേണ്ടതാണ്. ഇവിടെ നിയമത്തിൽ തന്നെ അവ്യക്തതയുണ്ട്.

* മസ്റ്റർ റോളിലെ 51 ശതമാനമോ അതിൽ കൂടുതലോ എന്നത് തൊഴിലിലുള്ളവരിൽ 51 ശതമാനമോ അതിൽ കൂടുതലോ തൊഴിലാളികളുടെ വോട്ടു ലഭിച്ചവർ എന്നാക്കണം.

a) പരിശോധനാ രീതി :
ഇത് രഹസ്യ ബാലറ്റ് വഴിയാകണം എന്ന് നിയമത്തിൽ തന്നെ എഴുതി ചേർക്കണം. റൂളിൽ ഉൾപ്പെടുത്തുകയല്ല വേണ്ടത്.

b) വിവിധ യൂണിയനുകളുണ്ടായിരിക്കയും അതിലൊന്നിനും മസ്റ്റർ റോളിലുള്ള 51 ശതമാനം പേരുടെ പിന്തുണ ഇല്ലാതെ വരികയും ചെയ്യുമ്പോൾ :

**IR കോഡിലെ സെക്ഷൻ 14(4) ഇങ്ങനെ പറയുന്നു.**

ഒരു വ്യവസായ സ്ഥാപനത്തിൽ ഒന്നിലധികം രജിസ്റ്റേർഡ് യൂണിയനുകൾ പ്രവർത്തിക്കയും അവയിലൊന്നിനും മസ്റ്റർ റോളിലെ തൊഴിലാളികളിൽ 51 ശതമാനം പേരുടെ പിന്തുണ ഇല്ലാതിരിക്കയും ചെയ്താൽ അവിടത്തെ തൊഴിലുടമ 20 ശതമാനത്തിൽ താഴെയല്ലാത്ത അംഗങ്ങളുള്ള യൂണിയന്റെ പ്രതിനിധിയെ 20 ശതമാനത്തിന് ഒന്ന് എന്ന കണക്കിലും ബാക്കി വന്നാൽ അതിന് ഒരു പ്രതിനിധിയെയും ഉൾപ്പെടുത്തി ഒരു നെഗോഷ്യേറ്റിംഗ് കൗൺസിൽ രൂപീകരിക്കും

**ഇവിടെയും നിയമത്തിൽ താഴെ പറയുന്ന തിരുത്തൽ അനിവാര്യമാണ്.**

യൂണിയനുകളുടെ പിന്തുണ ശതമാനം നിശ്ചയിക്കേണ്ടത് രഹസ്യ ബാലറ്റിലൂടെ നടത്തിയ വോട്ടിംഗിൽ ലഭിച്ച വോട്ടിന്റെ അടിസ്ഥാനത്തിലാണ്. മസ്റ്റർ റോൾ പ്രകാരമല്ല. നെഗോഷ്യേറ്റിംഗ് കൗൺസിലിലെ പ്രാതിനിധ്യത്തിന് 20 ശതമാനമെന്നത് 10 ശതമാനം പിന്തുണ വോട്ടിംഗിൽ ലഭിക്കുന്നവർക്ക് പ്രാതിനിധ്യം എന്നാക്കണം .പൊതുമേഖലാ യൂണിറ്റുകളിലടക്കം മിക്ക സ്ഥാപനങ്ങളിലും സർക്കാർ ഡിപ്പാർട്ടുമെൻറുകളിലും ദീർഘകാലമായി വെരിഫിക്കേഷന് രഹസ്യ ബാലറ്റും 10 ശതമാനത്തിന് പ്രാതിനിധ്യവും തുടർന്നു വരുന്നതാണ്. ചിലയിടത്ത് 10 ശതമാനത്തിന് താഴെയും പ്രാതിനിധ്യം നൽകുന്നുണ്ട്.

ഒരു സ്ഥാപനത്തിൽ വിവിധ യൂണിയനുകൾ പ്രവർത്തിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ 20 ശതമാനം എന്ന പരിധി വളരെ ഉയർന്നതാണ്. ഇത് വിവിധ യൂണിയനുകളിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം തൊ



ഴിലാളികൾക്കും നെഗോഷ്യേറ്റിംഗ് കൗൺസിലിൽ പ്രാതിനിധ്യമില്ലാതെ ഏതാനും മൈനോറിറ്റി വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവർ നെഗോഷ്യേറ്റിംഗ് കൗൺസിൽ നിയന്ത്രിക്കുന്ന സ്ഥിതിയു ണ്ടാക്കും. 20 ശതമാനം പരിധി വലിയ വിഭാഗം തൊഴിൽ ശക്തിയെ പുറത്തു നിർത്തുന്ന നെഗോഷിയേറ്റിംഗ് കൗൺസിലായി മാറും

(**കുറിപ്പ്:** പടിഞ്ഞാറൻ ബംഗാളിൽ അംഗീകാരത്തിന് = 1984ലെ ഭേദഗതിയനുസരിച്ച് = ഒരു യൂണിയൻ മാത്രമുള്ള പക്ഷം അത് ഏക ബാർഗൈനിംഗ് ഏജൻറാകും . ഒന്നിലധികം യൂണിയനുണ്ടെങ്കിൽ 50 ശതമാനത്തിൽ കൂടുതൽ വോട്ടു ലഭിക്കുന്ന യൂണിയനെ സോൾ ബാർ ഗൈനിംഗ് ഏജൻറായി അംഗീകരിക്കും. 10 മുതൽ 15 ശതമാനം വോട്ടു ലഭിക്കുന്നവരെ ജോയിന്റ് ബാർഗൈനിംഗ് കൗൺസിലിന്റെ ഭാഗമായി കണക്കാക്കും . അവരിൽ 40 ശതമാനത്തിലേറെ വോട്ടു ലഭിക്കുന്നവരെ കൗൺസിലിലെ പ്രിൻസിപ്പൽ ബാർ ഗൈനിംഗ് ഏജൻറായി അംഗീകരിക്കും.)

### 4. തീരുമാനമാകാത്ത നെഗോഷ്യേറ്റിംഗ് കൗൺസിലിലെ ഭൂരിപക്ഷം:

IR കോഡിലെ സെക്ഷൻ 14 (5) നോക്കുക.

'സബ് സെക്ഷൻ (1) ൽ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് തൊഴിലുടമയും സബ് സെക്ഷൻ 4 പ്രകാരമുള്ള നെഗോഷ്യേറ്റിംഗ് കൗൺസിലുമായി ചർച്ച നടക്കുകയും കരാറിൽ എത്താമെന്നുമായാൽ നെഗോഷ്യേറ്റിംഗ് കൗൺസിലിലെ പ്രതിനിധികളുടെ ഭൂരിപക്ഷം അംഗീകരിക്കണം . IR കോഡിൽ പറയുന്ന നെഗോഷ്യേറ്റിംഗ് കൗൺസിലിലെ ഭൂരിപക്ഷം കൊണ്ട് എന്താണ് അർഥമാക്കുന്നത് ? അതിനെ എങ്ങിനെയാണ് നിർവചിക്കുക? ഈ അവ്യക്തതയെപ്പറ്റി ഒരു വിശദീകരണവും നിയമത്തിലോ കരടു റൂളിലോ കാണാനില്ല.

ബംഗാൾ നിയമത്തിൽ ബാർഗൈനിംഗ് കൗൺസിലിലെ "ഭൂരിപക്ഷം" എങ്ങനെ എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

a) പ്രിൻസിപ്പൽ ബാർഗൈനിംഗ് ഏജന്റില്ലെങ്കിൽ ജോയിന്റ് ബാർഗൈനിംഗ് കൗൺസിലിൽ രണ്ടോ അതിലധികമോ യൂണിയനുകൾ ചേർന്ന് 50 ശതമാനത്തിലധികം വോട്ടു നേടിയാൽ കരാറൊപ്പിടാൻ അവർക്ക് അർഹതയുണ്ടായിരിക്കും

b) ബാർഗൈനിംഗ് കൗൺസിലിൽ പ്രിൻസിപ്പൽ ബാർഗൈനിംഗ് ഏജൻറുണ്ടെങ്കിൽ ആ ഏജൻറിനെ ഒഴിവാക്കി കരാർ അംഗീകരിച്ചു കൂടാ.

ഈ കുറവുകളും നിയമപരമായ അപാകതയും മാറ്റണം .അല്ലാത്ത പക്ഷം തൊഴി ലുടമ തൊഴിലാളിക്കെതിരെ അവരുടെ കുതന്ത്രങ്ങളെല്ലാം പയറ്റും

### 5. ഇനി പരിശോധനാ രീതി സംബന്ധിച്ച് റൂൾ 5 ലെ വ്യവസ്ഥകളിലേക്ക് വരാം.

വ്യവസ്ഥകൾ തൊഴിലുടമ പാലിക്കാത്ത പക്ഷം അതിന് ശിക്ഷക്ക് വകുപ്പില്ലാതെ യൂണിയനെ അം

ഗീകരിക്കാനുള്ള അധികാരം തൊഴിലുടമയെ ഏൽപിച്ചിരിക്കുന്നു . ഇത് മാറ്റുക തന്നെ വേണം. അംഗീകാര നടപടിക്ക് ചുമതല രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ പോലെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് നൽകണം. ഇതംഗീകരിച്ചാൽ റൂൾ 5 (1) a, (b), (c), വെരിഫിക്കേഷൻ ഓഫീസറുടെ നിയമനം തുടങ്ങിയവ അപ്രസക്തമാവും.

**ട്രേഡ് യൂണിയൻ അംഗീകാരത്തിന് റൂൾ 5 (3) (a) പ്രകാരം അപേക്ഷിക്കാനുള്ള അർഹത**

(i) 1926 ലെ TU ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, പ്രസ്തുത രജിസ്ട്രേഷൻ നിലവിലുള്ളതും 2020ലെ IR കോഡുപ്രകാരം (2020 ലെ നിയമം 35) രജിസ്റ്റർ ചെയ്തതുമായ സംഘടനകൾ

(ii) യൂണിയന്റെ മെമ്പർഷിപ്പ് ഓരോ വ്യവസായ സ്ഥാപനത്തിനു പ്രത്യേകം കണക്കാക്കും.

ഇതിൽ റൂൾ 5(3) (a) i അംഗീകരിക്കുന്നു. റൂൾ 5(3) (a) ii ഇപ്രകാരം മാറ്റേണ്ടതാണ്.

“ii യൂണിയന്റെ മെമ്പർഷിപ്പ് വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കോ അല്ലെങ്കിൽ ലോക്കൽ ഏരിയയിൽ ഓരോ വിഭാഗത്തിൽപെട്ട തൊഴിലാളിക്കോ ആയിരിക്കും”

റൂൾ 5 (3) (b): അംഗീകാരത്തിനുള്ള അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി, അംഗങ്ങളുടെ ലിസ്റ്റിന്റെ കോപ്പി, അംഗത്വ വരിസംഖ്യയുടെ വിവരങ്ങൾ, ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് സമർപ്പിച്ച ഏറ്റവും പുതിയ വാർഷിക റിട്ടേണിന്റെ കോപ്പി എന്നിവ ഉണ്ടായിരിക്കണം.

**കമന്റ്:** മുകളിൽ സൂചിപ്പിച്ച പോലെ അംഗത്വ വെരിഫിക്കേഷൻ രഹസ്യ ബാലറ്റിലൂടെ ട്രേഡ് യൂണിയൻ രജിസ്ട്രാർ ആണ് നടത്തേണ്ടതെന്നതിനാൽ ഈ സബ് റൂൾ അനാവശ്യമാണ്. തൊഴിലുടമ തന്നെയാണ് രഹസ്യ ബാലറ്റിലൂടെ വെരിഫിക്കേഷൻ നടത്തുന്നതെന്ന് കരുതുക. അങ്ങനെയാണെങ്കിലും എന്തിനാണ് അംഗത്വ ലിസ്റ്റും വരിസംഖ്യ വിവരവും മറ്റും നൽകേണ്ടത്? ഇത് കൂട്ടായ വിലപേശലെന്ന തത്വത്തിനു വിരുദ്ധമായ ,തൊഴിലാളികളെ ഭീഷണിപ്പെടുത്താനുള്ള സൂത്രപ്പണിയാണ്. അതിനാൽ ഈ വ്യവസ്ഥ നീക്കം ചെയ്യേണ്ടതാണ്.

റൂൾ 5 (3) (f) പറയുന്നു.

‘വ്യവസായ സ്ഥാപനത്തിലെ ട്രേഡ് യൂണിയനുമായുള്ള പരസ്പര ധാരണയിൽ തൊഴിലുടമക്ക് ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഓൺലൈൻ പ്ളാറ്റ്ഫോമിലോ അല്ലാതെയോ വോട്ടിംഗ് നടത്താവുന്നതാണ് ’

**കമന്റ്:** ഇലക്ട്രോണിക് / മെഷീൻ വോട്ടിംഗ് രീതി സാധ്യമല്ല. TU വെരിഫിക്കേഷന് പേപ്പർ ബാലറ്റ് സംവിധാനം മാത്രമേ പാടുള്ളൂ.

### 6. റൂൾ 6. ട്രേഡ് യൂണിയനിലെ അംഗത്വം രഹസ്യ ബാലറ്റിലൂടെ പരിശോധിക്കൽ

**കമന്റ്:** ഇതു സംബന്ധിച്ച വ്യവസ്ഥകളാകെ പടിഞ്ഞാറൻ ബംഗാളിലും കേരളത്തിലും ഉള്ള നിയമങ്ങൾ ,റൂളുകൾ എന്നിവയെ അടിസ്ഥാനമാക്കി രഹസ്യ ബാലറ്റിലൂടെ അംഗത്വം പരിശോധിക്കാൻ കഴിയുംവിധം മാറ്റിയെഴുതേണ്ടതാണ്.

### 7. വോട്ടുകൾ എണ്ണിക്കഴിഞ്ഞ ഉടൻ തന്നെ ഫലപ്രഖ്യാപനത്തിനും വിജയിച്ച യൂണിയനെ / യൂണിയനുകളെ അംഗീകരിച്ച് അറിയിക്കുന്നതിനും സമയപരിധി നിശ്ചയിക്കേണ്ടതാണ്. കരട് റൂളിലെ 7, 8 വകുപ്പുകളിൽ ഇതെപ്പറ്റി പരാമർശമില്ല

### 8. അംഗീകൃത യൂണിയൻ / യൂണിയനുകൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ

കരടു റൂൾ 9ൽ പറയുന്നതു കൂടാതെ താഴെ പറയുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

a) IR കോഡ് നേരിട്ടു തെരഞ്ഞെടുപ്പിനുള്ള അവകാശം നിഷേധിച്ചിരിക്കുന്നതിനാൽ വർക്ക്സ് കമ്മിറ്റി, ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി തുടങ്ങിയ നിയമപ്രകാരം രൂപീകരിക്കേണ്ട ഉഭയകക്ഷി കമ്മിറ്റികളിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യാൻ അംഗീകൃത യൂണിയന് / യൂണിയനുകൾക്ക് അവകാശമുണ്ടായിരിക്കും. കൂടാതെ പ്രൊഡക്ഷൻ കമ്മിറ്റി, വെൽഫെയർ കമ്മിറ്റി, കാന്റീൻ കമ്മിറ്റി, ഹൗസ് അലോട്ട്മെന്റ് കമ്മിറ്റി തുടങ്ങിയ നോൺ സ്റ്റാറ്റിയൂട്ടറി കമ്മിറ്റികളിലേക്ക് നോമിനേഷന് അവകാശം നൽകണം.

b) തൊഴിലുടമ, അല്ലെങ്കിൽ അയാൾ നിയമിച്ച / അധികാരപ്പെടുത്തിയ വ്യക്തിയെ കണ്ട് ചർച്ച ചെയ്യാൻ അവകാശം .

c) സ്ഥാപനത്തിൽ വേണ്ടിവന്നാൽ മുൻ തയാറെടുപ്പോടെ തൊഴിലാളികൾ പണി ചെയ്യുന്ന സ്ഥലം പരിശോധിക്കാൻ അവകാശം

### 9. കേന്ദ്ര / സംസ്ഥാന തലത്തിൽ ട്രേഡ് യൂണിയൻ / ഫെഡറേഷന്റെ അംഗീകാരം : രണ്ടു കരടുരേഖകൾ പ്രസിദ്ധീകരിച്ചെങ്കിലും അവ്യക്തത നിലനിൽക്കുന്നു.

പ്രസിദ്ധീകരിച്ച രണ്ടു റൂളുകളിലും കേന്ദ്ര സർക്കാർ, ട്രേഡ് യൂണിയന്റെയും ഫെഡറേഷന്റെയും

# ലേബർ കോഡ് 4

## ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു





അംഗീകാരം, കേന്ദ്ര തലത്തിൽ കേന്ദ്ര ട്രേഡ് യൂണിയന്റെ അംഗീകാരം എന്നിവയെപ്പറ്റി പറയുന്നില്ല. എന്നാൽ IR കോഡ് 2020 ന്റെ സെക്ഷൻ 27, സബ് സെക്ഷൻ (1) (2) എന്നിവയിൽ അതെപ്പറ്റി പറഞ്ഞിട്ടുണ്ട്. ദശാബ്ദങ്ങളായി തുടർന്നു വരുന്ന രീതികളും കീഴ് വഴക്കങ്ങളും അട്ടിമറിച്ച് മന്ത്രിമാർക്കും ബ്യൂറോക്രാറ്റുകൾക്കും തൊഴിലുടമകൾക്കും കേന്ദ്ര ട്രേഡ് യൂണിയനുകളുടെ അംഗീകാരത്തിൽ യഥേഷ്ടം കൈ കടത്തി അവരുടെ ഇംഗിതങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള കുൽസിത നീക്കമാണ് ഇവിടെ നിഴലിക്കുന്നത്. അതിനാൽ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച് താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്

a) ഇത് (അംഗീകാരം) ഒരു മിനിമം മെമ്പർഷിപ്പിന്റെഅടിസ്ഥാനത്തിലായിരിക്കണം. (മിനിമം എത്രയാകാം എന്നത് ഇപ്പോൾ തുടരുന്ന പതിവനുസരിച്ച് കേന്ദ്ര ട്രേഡ് യൂണിയനുകളും ലേബർ ആന്റ് എംപ്ലോയ്മെന്റ് മന്ത്രാലയവും സംയുക്തമായി തീരുമാനിക്കണം)

b) ഏറ്റവും കുറഞ്ഞത് നാലു സംസ്ഥാനങ്ങളിലെങ്കിലും കേന്ദ്ര ട്രേഡ് യൂണിയന് അംഗത്വമുണ്ടാകണം

c) ഏതെങ്കിലും ദേശീയ ട്രേഡ് യൂണിയൻ / ഫെഡറേഷന് കേന്ദ്ര അംഗീകാരമുണ്ടെങ്കിൽ അതിന് എല്ലാ സംസ്ഥാനങ്ങളിലും അംഗീകാരമുള്ളതായി കണക്കാക്കണം.

അതുപോലെ സംസ്ഥാന തല അംഗീകാരത്തിനും സംസ്ഥാനത്തെ അംഗ സംഖ്യക്കും മിനിമം നിശ്ചയിക്കണം.( അവിടെയും മിനിമം എത്രയെന്ന് ബന്ധപ്പെട്ട സംസ്ഥാന തൊഴിൽ വകുപ്പും സംസ്ഥാന യൂണിയനുകളും ചേർന്ന് തീരുമാനിക്കണം.) കുറഞ്ഞത് സംസ്ഥാനത്തെ നാലു സെക്ടറുകളിലെങ്കിലും ഈ മിനിമം അംഗ സംഖ്യ ഉണ്ടായിരിക്കണം.

**10. മുകളിൽ സൂചിപ്പിച്ചവ കൂടാതെ ഒരു വ്യവസായ സ്ഥാപനത്തിൽ യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ട അംഗീകാരമില്ലാത്ത യൂണിയന്റെ അവകാശവും സ്ഥാനവും, വ്യവസ്ഥാ ലംഘനം, നിഷേധം എന്നിവക്ക് തൊഴിലുടമക്കു ചുമത്താൻ കഴിയുന്ന ശിക്ഷാരീതിയും റൂളിൽ ഉൾപ്പെടുത്തേണ്ടതാണ്.**

ഇവിടെ സംഗതമായ മറ്റൊരു കാര്യം കൂടി ഓർമിപ്പിക്കട്ടെ!

### ILO അംഗീകരിച്ച രണ്ട് അടിസ്ഥാന കൺവൻഷനുകളായ സംഘടിക്കാനുള്ള സ്വാതന്ത്ര്യം (freedom of association and protection to the right to organise convention)

1948 (C87) സംഘടിക്കാനും കൂട്ടായി വിലപേശാനുമുള്ള അവകാശം( right to organise and collective bargaining convention 1949(C98) ഇന്നും ഇൻഡ്യ അംഗീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന് ഇതിനോട് പ്രതിബദ്ധതയുണ്ടായിരുന്നെങ്കിൽ ഈ രണ്ടു തത്വങ്ങളും ലേബർ കോഡു നടപടികൾക്കു മുൻപ് അംഗീകരിക്കുമായിരുന്നു. ത്രികക്ഷി സംവിധാനത്തോട്, ജനാധിപ്രത്യപരമായ കൂടിയാലോചനാരീതികളോട് ചെറു ആഭിമുഖ്യമെങ്കിലുമുണ്ടായിരുന്നെങ്കിൽ ബന്ധപ്പെട്ട എല്ലാവരുമായും, പ്രത്യേകിച്ച് കേന്ദ്ര ട്രേഡ് യൂണിയനുകളോട് മുൻകൂട്ടി നിർദ്ദേശങ്ങൾ സുതാര്യമായി ചർച്ച ചെയ്യാൻ തയാറാകുമായിരുന്നു. ഇവിടെ അങ്ങനെ ഒന്നും സംഭവിച്ചില്ല. കാരണം വ്യക്തമാണ്. അവർക്ക് തൊഴിലാളികളെ ചതിക്കണം.

ചരിത്രപരമായി എന്നും എപ്പോഴും ഫാസിസ്റ്റ് രാഷ്ട്രീയ സംവിധാനം സ്വീകരിക്കുന്ന രീതിയാണിത്. എന്നിട്ട് സാധാരണ ജനങ്ങളുടെ മുന്നിൽ തങ്ങൾ കടുത്ത ജനാധിപത്യ ഉപാസകരാണെന്ന് മേനി നടിക്കയും ചെയ്യും. നമുക്കീ മൂടുപടം വലിച്ചു കീറണം. നിഷേധത്തിലൂടെ, പ്രതിരോധ കോട്ട തീർത്ത് ഇവരുടെ വർഗക്കൂറ് ജനമധ്യത്തിൽ അനാവരണം ചെയ്യാൻ ഒന്നിച്ചു നീങ്ങാം. ●

# ഇന്ത്യൻ സമ്പദ് വ്യവസ്ഥ 2021-22ലും മെച്ചപ്പെടില്ല

2021-22 സാമ്പത്തിക വർഷം ഇന്ത്യൻ സമ്പദ് രംഗം 13.7% വളർച്ച നേടുമെന്നാണ് മൂഡീസ് റേറ്റിങ് ഏജൻസി പറഞ്ഞിരുന്നത്. എന്നാൽ കോവിഡിന്റെ രണ്ടാം തരംഗം ആഞ്ഞടിച്ചതിനാൽ സമ്പദ് രംഗത്തെ വളർച്ച 2021-22ൽ 9.3 ശതമാനം മാത്രമേ വളരൂ എന്നാണ് ഇപ്പോൾ അവരുടെ നിഗമനം. കോവിഡ് രണ്ടാം തരംഗം മൂലം ഉണ്ടാകുന്ന സാമ്പത്തിക മുരടിപ്പ് ജൂൺ മാസത്തോടെ മറികടക്കാൻ കഴിഞ്ഞില്ലെങ്കിൽ 2021-22ലെ സാമ്പത്തിക വളർച്ച വീണ്ടും താഴേക്ക് പോകുമെന്നാണ് മൂഡീസ് പ്രവചിക്കുന്നത്.



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 2021-22ലെ സാമ്പത്തിക വളർച്ച 10.4 ശതമാനം ആയിരിക്കുമെന്നാണ് നേരത്തെ പറഞ്ഞിരുന്നത്. എന്നാൽ കോവിഡിന്റെ രണ്ടാം വരവോടെ അത് 7.9 ശതമാനം ആയിരിക്കുമെന്നാണ് അവർ പറയുന്നത്. കോവിഡിന്റെ രണ്ടാം വരവിൽ ഗ്രാമീണ സമ്പദ് വ്യവസ്ഥക്കും നല്ല ആഘാതമേറ്റിട്ടുണ്ടെന്നാണ് എസ്ബിഐ പഠനം പറയുന്നത്. അതോടൊപ്പം അന്തർദേശീയ കമ്പോളത്തിൽ വിവിധ തരം ചരക്കുകളുടെ വില ഉയരുന്നതും ഇന്ത്യൻ സമ്പദ് രംഗത്തിന് തിരിച്ചടിയാവും.

## മേയ് മാസം നേരിട്ടത് വലിയ തകർച്ച

കഴിഞ്ഞ പത്തു മാസത്തിലെ ഏറ്റവും മോശം വളർച്ചയാണ് ഉൽപ്പാദനരംഗം മേയ് 2021ൽ രേഖപ്പെടുത്തിയത്. IHS Markit PMI Index ഏപ്രിൽ മാസത്തിൽ 55.5 ആയിരുന്നു. അത് മേയ് മാസത്തിൽ 50.8 ആയി കുറഞ്ഞു. പർച്ചേസിങ് മാനേജേഴ്സ് ഇൻഡക്സ് (PMI) വളർച്ചയുടെ ഒരു സൂചകമാണ്. PMI 50ൽ കുറഞ്ഞാൽ വളർച്ച ഇടിയുന്നു എന്നാണ് സൂചന. ഉൽപ്പാദന രംഗത്തെ ഈ മുരടിപ്പ് തൊഴിൽരംഗത്തും ദൃശ്യമാണ്. മേയ് മാസത്തിൽ വലിയ തോതിൽ തൊഴിൽ നഷ്ടവും ഉണ്ടായതായാണ് റിപ്പോർട്ട്. ഏപ്രിൽമേയ് മാസങ്ങളിൽ വാഹന ഉൽപ്പാദന രംഗവും വലിയ തളർച്ചയാണ് നേരിട്ടത്. മാരുതി സുസുക്കി അവരുടെ ഫാക്ടറി മേയ് 1 മുതൽ മേയ് 16 വരെ അടച്ചിടാൻ നിർബന്ധിതരായി. ഏപ്രിൽ മാസത്തിൽ 1.35 ലക്ഷം കാർ വിറ്റ സ്ഥാനത്ത് മേയ് മാസത്തിൽ വിറ്റത് 32,903 കാറുകൾ മാത്രമാണ്.

സേവന മേഖലയിൽ 2021 മേയ് മാസത്തിൽ വലിയ തിരിച്ചടിയാണ് നേരിട്ടത്. PMI ഏപ്രിൽ മാസത്തിൽ 54 ആയിരുന്നത് മേയ് മാസത്തിൽ 46.6 ആയി ചുരുങ്ങി. വലിയ രൂപത്തിൽ തൊഴിൽ വെട്ടിക്കുറയ്ക്കാൻ ഈ രംഗം നിർബന്ധിതമാകുകയും ചെയ്തു.

## മിനിമം വേതനം സംബന്ധിച്ച

# വിദഗ്ധസമിതി രൂപീകരണം ഏകപക്ഷീയം

ജൂൺ 3, 2020ന് മിനിമം വേതനം സംബന്ധിച്ച് പഠിക്കാൻ ഒരു വിദഗ്ധ സമിതിയെ കേന്ദ്ര തൊഴിൽ മന്ത്രാലയം നിയമിച്ചത് പ്രതിഷേധാത്മകമാണ്. 2018 ജനുവരിയിൽ മിനിമം വേതനം സംബന്ധിച്ച ഒരു വിദഗ്ധ സമിതിയെ നിയമിക്കുകയും അവർ 2019 ജനുവരിയിൽ വിപുലമായ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഗവൺമെന്റ് അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. എന്നുമാത്രമല്ല, ഇപ്പോൾ പുതിയൊരു സമിതിയെ മൂന്നുവർഷ കാലാവധിയിൽ നിയമിക്കുകയും ചെയ്തിരിക്കുകയാണ്. ഇതിൽ നിന്ന് മനസിലാക്കേണ്ടത് മിനിമം വേതനം സംബന്ധിച്ച തീരുമാനം 3 വർഷത്തേക്ക് ഇനിയുണ്ടാകില്ല എന്നാണ്.

ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ ത്രികക്ഷി കമ്മിറ്റിയാണ് ഇന്ത്യയിലെ മിനിമം വേതനം സംബന്ധിച്ച വിഷയത്തിലെ ഏറ്റവും ഉയർന്ന സമിതി. ഈ സമിതി മിനിമം വേതനം തീരുമാനിക്കുന്നതിന് ശാസ്ത്രീയമായ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം സുപ്രീംകോടതിയുടെ റാപ്തകോസ് ബ്രൈറ്റ് കേസിലെ വിധിയും മിനിമം വേതനം സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങളും നൽകുന്നുണ്ട്. ഗവൺമെന്റ് അത് അംഗീകരിച്ചിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മിനിമം വേതനം ശാസ്ത്രീയമായി തീരുമാനിക്കാവുന്നതാണ്. എന്നാൽ ഈസ് ഓഫ് ഡൂയിങ് ബിസിനസിനു വേണ്ടി മിനിമം വേതനം സംബന്ധിച്ച തീരുമാനം നീട്ടിക്കൊണ്ടു പോകാനാണ് കേന്ദ്ര സർക്കാർ പുതിയ സമിതിയെ നിയമിച്ചിരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും മൂലം തൊഴിലാളികളാകെ ദുരിതത്തിൽ ആയിരിക്കുമ്പൾ ന്യായമായ മിനിമം വേതനം ശാസ്ത്രീയമായി തീരുമാനിക്കേണ്ടത് അടിയന്തിരമായ വിഷയമാണ്. അത് ഇന്ത്യൻ സമ്പദ് രംഗത്തിന് ഗുണകരമാണ്. അതിനാൽ പുതിയ വിദഗ്ധ സമിതിയുടെ നിയമനം പിൻവലിക്കണമെന്ന് സിഐടിയു കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

# ടെക്സ്റ്റൈൽ മേഖലയിൽ അഭൂതപൂർവമായ പ്രതിസന്ധി

ഇന്ത്യൻ ടെക്സ്റ്റൈൽ മേഖലയാകെ നോട്ട് നിരോധനവും ജിഎസ്ടിയും മൂലം വലിയ മുരടിപ്പിലായിരുന്നു. കോവിഡ് 19 പൊട്ടിപ്പുറപ്പെട്ടതോടെ പ്രതിസന്ധി അതിരൂക്ഷമായി. കാൺപൂർ, ചെന്നൈ കാഞ്ചിപുരം, മേഖലയിലാണ് ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നത്. സിഡ്ബി (Small Industry Develpment Bank of India) ഒരു പഠനത്തിൽ കണ്ടത് കോവിഡ് 19 നോടൊപ്പം തമിഴ്നാട്, ഉത്തർപ്രദേശ്, ഹരിയാന, ഗുജറാത്ത് എന്നീ പ്രദേശങ്ങളിലെ ടെക്സ്റ്റൈൽ മേഖല അസംസ്കൃത വസ്തുക്കളുടെ വിലവർധനവ്, ജിഎസ്ടി, നികുതി റീഫണ്ട്, ഊർജത്തിന്റെ വില എല്ലാം ഈ മേഖലയെ ബാധിക്കുന്നു എന്നാണ് കണ്ടത്. ഡിസംബർ 20ൽ കാൺപൂർ മേഖലയിലെ ടെക്സ്റ്റൈലുകൾക്ക് ബാങ്കുകൾ നൽകിയ 82 ശതമാനം ലോണുകൾക്കും തിരിച്ചടവ് ഇല്ലാതായി. ചെന്നൈ കാഞ്ചിപുരം ബെൽറ്റിലെ ടെക്സ്റ്റൈലുകൾക്ക് നൽകിയ 42.6% ലോണുകളും തിരിച്ചടവ് ഇല്ലാതായി. പൂനെ കോലാപ്പൂർ ബെൽറ്റിലെ 32% ലോണുകൾക്കും തിരിച്ചടവ് ഇല്ലാതായി.

ഇത്തരത്തിൽ ലോണുകൾ പോലും തിരിച്ചടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലാണ് ടെക്സ്റ്റൈൽ മേഖല. പ്രവർത്തന മൂലധനമില്ലാതെ മിക്ക ടെക്സ്റ്റൈലുകളും വലിയ പ്രതിസന്ധിയിലാണ്. ടെക്സ്റ്റെയിൽ മേഖലയിൽ 10.5 കോടിയോളം പേർ ജോലി ചെയ്യുന്നു. ഇന്ത്യൻ ജിഡിപിയുടെ 2 ശതമാനം ഈ മേഖലയാണ് സംഭാവന ചെയ്യുന്നത്. ഇതിൽ നിന്നും ടെക്സ്റ്റൈൽ മേഖലയിൽ നിന്നുണ്ടാകുന്ന പ്രതിസന്ധിയുടെ ആഴം മനസ്സിലാകാം. കോവിഡ് 19 മഹാമാരിയുടെ രണ്ടാം തരംഗത്തോടെ 2021-22ലും ഇന്ത്യൻ സമ്പദ് മേഖല കര കയറുമെന്ന പ്രതീക്ഷയ്ക്ക് തിരിച്ചടിയേറ്റ അവസ്ഥയാണ്.

## ഇടിവ് അഞ്ചാം വർഷം

# സമ്പദ്ഘടന 7.3 ശതമാനം ചുരുങ്ങി




കോവിഡ് മഹാമാരിയാണ് ഇടിവിന് കാരണമെന്ന് കേന്ദ്ര സർക്കാരിന്റെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് കൃഷ്ണമൂർത്തി സുബ്രഹ്മണ്യൻ പറഞ്ഞു. എന്നാൽ മോഡിയുടെ ഏഴ് വർഷത്തെ ഭരണത്തിൽ തുടർച്ചയായി അഞ്ചാം വർഷമാണ് സമ്പദ്ഘടനയിൽ ഇടിവുണ്ടായത്. നോട്ട് നിരോധനത്തിനുശേഷം ഒരുവർഷം പോലും വളർച്ച കൂടിയില്ല. 2016-17 മുതൽ ഓരോ വർഷവും വളർച്ച ഇടിയുകയാണ്. 2016-17ൽ 7.1, 2017-18ൽ 6.5, 2018-19ൽ 6.15, 2019-20ൽ 4.2 വീതം ശതമാനം വളർച്ചയാണ് ഉണ്ടായത്.

കോവിഡിനു മുമ്പേ പ്രകടമായ മാന്ദ്യം ഇപ്പോൾ തീവ്രമായി. എട്ട് അടിസ്ഥാനവ്യവസായ മേഖലയിലും ഉൽപ്പാദനമിടിഞ്ഞു. കഴിഞ്ഞ സാമ്പത്തികവർഷത്തിന്റെ രണ്ടാം പകുതിയിൽ ഉണർവ് പ്രകടമായെങ്കിലും കോവിഡ് വീണ്ടും കരിനിഴൽ പടർത്തി. ഗ്രാമീണ ഇന്ത്യയിൽ വാങ്ങൽശേഷിയിൽ കാര്യമായ തളർച്ച ഉണ്ടായിട്ടില്ല. കഴിഞ്ഞവർഷം അവസാനപാദത്തിൽ കാർഷികമേഖല 3.6 ശതമാനം വളർന്നു. ഹോട്ടൽ, ഗതാഗത, ടൂറിസം മേഖലകളിലെ അടച്ചുപൂട്ടലാണ് ഇടിവിനു പ്രധാന കാരണം.

# 3.2 കോടി ഇടത്തരക്കാർ താഴേക്കുവീണു

### ദിവസവരുമാനം 150 രൂപയിൽ കുറവുള്ള ദരിദ്രരുടെ എണ്ണം 7.5 കോടി വർധിച്ച് 13.4 കോടിയായി



കോവിഡും ലോക്ക്ഡൗണും ഇന്ത്യയിലെ 3.2 കോടി പേരെ ഇടത്തരം വിഭാഗത്തിൽനിന്ന് താഴോട്ടാക്കിയെന്ന് അമേരിക്കയിലെ പ്യൂ റിസർച്ച് ഫൗണ്ടേഷൻ പഠനറിപ്പോർട്ട് . കോവിഡിനുമുമ്പ് രാജ്യത്ത് 9.9 കോടി ആളുകളാണ് ഇടത്തരക്കാരായി ഉണ്ടായിരുന്നത്. ഇതിൽ മൂന്നിലൊന്നോളം പേർ താഴ്ന്ന വരുമാനക്കാരായി മാറി. ദിവസം 150 രൂപയിൽ കുറവ് വരുമാനമുള്ള ദരിദ്രരുടെ എണ്ണം 7.5 കോടി വർധിച്ച് ഇരട്ടിയിലധികമായെന്നും റിപ്പോർട്ടിൽ വ്യക്തമാക്കി.

ദരിദ്ര വിഭാഗത്തിൽ ആറുകോടിയോളം ആളുകളുണ്ടായിരുന്നത് 13.4 കോടിയായാണ് വർധിച്ചത്. ആഗോള ദാരിദ്ര്യ വർധനയിൽ 60 ശതമാനത്തോളം വരും ഇന്ത്യയിലെ വർധന. മറ്റ് ചില രാജ്യാന്തര ഏജൻസികളുടെ കണക്കനുസരിച്ച് 25 കോടിയോളമാണ് ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം. പ്രതിദിനം 750 രൂപയ്ക്കും 1,500 രൂപയ്ക്കും മധ്യേ വരുമാനമുള്ളവരെയാണ് പ്യൂ റിപ്പോർട്ടിൽ ഇടത്തരക്കാരായി പരിഗണിച്ചത്. 2011നും 2019നും ഇടയിൽ രാജ്യത്ത് 5.7 കോടി പേർ ഇടത്തരം വരുമാനമുള്ളവരായി മാറി. ഇവരിൽ വലിയ പങ്കിനെ കോവിഡും സാമ്പത്തികമാന്ദ്യവും തകർത്തു. ചൈനയിൽ ഒരു കോടി ഇടത്തരക്കാരെയാണ് കോവിഡ് പ്രതിസന്ധി ബാധിച്ചത്.

ഇന്ധനവിലയിലെ വർധനയും തൊഴിൽനഷ്ടവും കോടിക്കണക്കിന് ഇന്ത്യക്കാരെ വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടാൻ നിർബന്ധിതരാക്കും. മഹാരാഷ്ട്ര അടക്കമുള്ള സംസ്ഥാനങ്ങളിൽ കോവിഡ് വ്യാപനം വീണ്ടും രൂക്ഷമായത് സമ്പദ്ഘടനയുടെ തിരിച്ചുവരവിനെ ബാധിക്കും.




### വരുമാനം കുറഞ്ഞു, നികുതി കൂടി

# ഉപഭോക്താക്കളുടെ പോക്കറ്റ് കാലി

കോവിഡ് പശ്ചാത്തലത്തിൽ കുറഞ്ഞ വരുമാനവും കൂടിയ നികുതിയും കാരണം ഇന്ത്യയിലെ ഉപഭോക്താക്കളുടെ പോക്കറ്റ് കാലിയായെന്ന് രാജ്യാന്തര സാമ്പത്തിക ഗവേഷണ സ്ഥാപനമായ ഫിച്ച് റേറ്റിങ്സ്.
ഒരുവശത്ത് ആരോഗ്യകാര്യങ്ങൾക്കായി കൂടുതൽ പണം ചെലവാക്കേണ്ടിവരുന്നു, മറുവശത്ത് തൊഴിലില്ലായ്മയും ശമ്പളം വെട്ടിക്കുറയ്ക്കലും തുടരുന്നു. ഇത് ഇന്ത്യൻ കുടുംബങ്ങളെ വലിയ രീതിയിൽ ബുദ്ധിമുട്ടിക്കുന്നതായി ഫിച്ചിന്റെ ഇന്ത്യൻ സ്ഥാപനമായ ഇന്ത്യ റേറ്റിങ്സ് ആൻഡ് റിസർച്ച് നടത്തിയ വിശകലനത്തിൽ പറയുന്നു. ഒപ്പം നികുതികളും. പ്രത്യേകിച്ച് പരോക്ഷ നികുതികൾ ഏറിയത് കുടുംബങ്ങളെ വലിയ സാമ്പത്തിക ഞെരുക്കത്തിലാക്കി. കുടുംബങ്ങളിൽ ചുമത്തപ്പെടുന്ന നികുതിഭാരം 2010 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ 60 ശതമാനം ആയിരുന്നെങ്കിൽ ഇപ്പോഴത് 75 ശതമാനമായി.
ഉപഭോക്തൃ ക്രയശേഷി വർധന 2016 മുതൽ 2019 വരെ ഉണ്ടായിരുന്ന 7.5 ശതമാനത്തിൽനിന്ന് 5.5 ശതമാനമായി ചുരുങ്ങി. ഇന്ധന നികുതി വർധിക്കുന്നത് കുടുംബങ്ങളുടെ ബജറ്റിനെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു.

# കോവിഡിനേക്കാൾ ദുരന്തം തൊഴിൽനഷ്ടം




രാജ്യത്തെ തൊഴിൽമേഖലയിലെ തകർച്ച പുറത്തുവരാൻ കോവിഡ് വഴിയൊരുക്കിയെന്ന് അന്വേഷണ റിപ്പോർട്ടുകൾ. മൂലധന താൽപ്പര്യത്തിൽ മാത്രം കേന്ദ്രീകരിച്ച സാമ്പത്തിക നയം തൊഴിൽമേഖലയെ മുമ്പേ ദുർബലമാക്കി. അടച്ചിടൽ പ്രഖ്യാപിച്ചതോടെ സ്ഥിതി അങ്ങേയറ്റം വഷളായെന്നും സിഎംഐഇ, ലേബർ ഫോഴ്സ് സർവേ റിപ്പോർട്ടുകൾ വെളിപ്പെടുത്തി.

കഴിഞ്ഞ ഏപ്രിൽജൂൺ കാലത്ത് നഗരങ്ങളിൽ 15 വയസ്സിനു മുകളിലുള്ളവരിൽ 20.8 ശതമാനംപേർ തൊഴിൽ രഹിതരായെന്ന് ലേബർ ഫോഴ്സ് സർവേ. സിഎംഐഇ റിപ്പോർട്ടിൽ ഇതേ കാലയളവിലെ ശരാശരി തൊഴിലില്ലായ്മ 19.9 ശതമാനം. അടച്ചിടൽ മാത്രമല്ല ഇതിനു കാരണം. 2011-12നെ അപേക്ഷിച്ച് 2017-18ൽ നഗരങ്ങളിലെ തൊഴിലില്ലായ്മ നിരക്ക് മൂന്നിരട്ടിയായി. 2016-17ൽ രാജ്യത്തെ തൊഴിൽ വളർച്ച 8.3 ശതമാനം ആയിരുന്നത് 2019-20ൽ നാലു ശതമാനത്തിൽ താഴെയായി.

നോട്ടുനിരോധനത്തിനുശേഷം അസംഘടിതമേഖലയിൽ 1.5 കോടി പേർക്ക് തൊഴിൽ നഷ്ടമായി. തൊഴിൽ മേഖലയുടെ നിലവാരത്തിനും സാമൂഹിക സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിലും വൻതോതിൽ ഇടിവുണ്ടായി. തൊഴിലാളികളെ അവഗണിച്ച് സർക്കാർ നയങ്ങൾ ആവിഷ്കരിക്കുന്ന പ്രവണതയ്ക്ക് ആക്കംകൂടി. അതിഥിത്തൊഴിലാളികളെ വിസ്മരിച്ച് കേന്ദ്ര സർക്കാർ ലോക്ഡൗൺ നടപ്പാക്കിയത് ഉദാഹരണം.

സ്ഥിരം ശമ്പളം വാങ്ങുന്നവരുടെ യഥാർഥ വരുമാനത്തിൽ (പണപ്പെരുപ്പം ഒഴിവാക്കിയുള്ള) 2017 18ൽ 2011-12നെ അപേക്ഷിച്ച് 1.7 ശതമാനം ഇടിവുണ്ടായി. ഏപ്രിൽജൂണിൽ കൂലിപ്പണിക്കാരിൽ 50 ശതമാനംപേർ തൊഴിൽരഹിതരായി. 10 ശതമാനംപേർ എന്നന്നേക്കുമായി തൊഴിൽരംഗം വിട്ടു. മാസശമ്പളക്കാരിൽ 10 ശതമാനംപേർക്ക് ജോലി നഷ്ടപ്പെട്ടു. അഞ്ചു ശതമാനം പേർക്ക് തൊഴിൽ സ്ഥിരമായി ഉപേക്ഷിക്കേണ്ടിവന്നു.




# ആസ്തികളും കേന്ദ്രം വിൽക്കുന്നു

ഓഹരിവിൽപനയിൽനിന്ന് മോഡിസർക്കാർ ആസ്തിവിൽപനയിലേക്ക് കടക്കുന്നു. വരുന്ന സാമ്പത്തിക വർഷം 250000 കോടി രൂപയ്ക്കുവേണ്ടി റോഡും പാലവും സ്റ്റേഡിയവുമെല്ലാം വിൽക്കും. വൈദ്യുതി വിതരണമേഖല, ടെലികോം ടവർ, പ്രകൃതി വാതക പൈപ്പ്ലൈൻ, റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, തുറമുഖം എന്നിവയും വിൽപനയ്ക്കുവയ്ക്കും. എട്ട് മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള വസ്തുവകകളുടെ പട്ടിക തയ്യാറാക്കി. ദേശീയ ആസ്തി സ്വകാര്യ കോർപറേറ്റുകൾ കൈയടക്കുന്നതിനും ടോൾ പിരിവും ഉയർന്ന സേവനനിരക്കും വ്യാപകമാക്കാനും ഇതുവഴിയൊരുക്കും.

മൂന്ന് വർഷത്തേക്ക് വിപുലമായ വിൽപനപദ്ധതി നിതി ആയോഗ് തയ്യാറാക്കി. വിൽപന വേഗത്തിലാക്കാൻ രൂപീകരിച്ച സെക്രട്ടറിതല കോർഗ്രൂപ്പ് യോഗം ചേർന്ന് 202122 വർഷത്തേക്കുള്ള ചുരുക്കപ്പട്ടികയ്ക്ക് അന്തിമരൂപം നൽകി. റെയിൽവേ, ടെലികോം, കായിക, യുവജനക്ഷേമ, ഉപരിതല ഗതാഗത, തുറമുഖ വകുപ്പുകളുടെ ആസ്തികളാണ് അടുത്തവർഷം വിറ്റഴിക്കുക. 7,200 കിലോമീറ്റർ ദേശീയപാത സ്വകാര്യകമ്പനികൾക്ക് കൈമാറി 30,000 കോടി സമാഹരിക്കും. ഇതോടെ ഈ റോഡുകളിൽ കനത്ത ടോൾ നൽകേണ്ടിവരും.

ബിഎസ്എൻഎൽ, എംടിഎൻഎൽ, ഭാരത് നെറ്റ് എന്നിവയുടെ ആസ്തിയും വിൽക്കും. കായികയുവജനമന്ത്രാലയത്തിന്റെ വക സ്റ്റേഡിയങ്ങളുടെ നടത്തിപ്പും പരിപാലനവും സ്വകാര്യകമ്പനികൾക്ക് നൽകും. കായികമേഖലയുടെ പൂർണമായ വാണിജ്യവൽക്കരണ ത്തിനും ഇതിടയാകും.

## 2021-22ൽ വിൽപ്പനയ്ക്ക് വയ്ക്കുന്ന ആസ്തികളുടെ പട്ടിക

| മന്ത്രാലയം | ലക്ഷ്യമിടുന്ന തുക | ആസ്തികൾ |
|---|---|---|
| റെയിൽവേ | 90,000 കോടി | 50 സ്റ്റേഷൻ, 150 ട്രെയിൻ സർവീസ് |
| ടെലികോം | 40,000 കോടി | ബിഎസ്എൻഎൽ, എംടിഎൻഎൽ, ഭാരത് നെറ്റ് വസ്തുവകകൾ |
| ഉപരിതല ഗതാഗതം | 30,000 കോടി | 7,200 കി.മീ. റോഡ് |
| ഊർജം | 27,000 കോടി | പവർഗ്രിഡ് ആസ്തി |
| കായിക, യുവജനക്ഷേമം | 20,000 കോടി | സ്റ്റേഡിയങ്ങൾ |
| സിവിൽ വ്യോമയാനം | 20,000 കോടി | 13 വിമാനത്താവളം, ദൽഹി, മുംബൈ, ബംഗളൂരു, ഹൈദരാബാദ് വിമാനത്താവളങ്ങളിലെ ഓഹരി |
| പെട്രോളിയം, പ്രകൃതിവാതകം | 17,000 കോടി | പൈപ്പ് ലൈനുകൾ |
| ഷിപ്പിങ്, തുറമുഖം | 4,000 കോടി | 30ൽപ്പരം ബെർത്ത് |

# വൻകിട കോർപറേറ്റുകൾക്ക് 15% നികുതി ജി 7 ധനമന്ത്രിമാരുടെ യോഗത്തിൽ തീരുമാനം




**നികുതിയടയ്ക്കുന്നത് ഒഴിവാക്കാൻ വൻകിട കോർപറേറ്റുകളുടെ സൂത്രപ്പണി അവസാനിപ്പിക്കാൻ 'ജി 7' രാജ്യങ്ങളിലെ ധനമന്ത്രിമാരുടെ യോഗത്തിൽ തീരുമാനം.**

ബഹുരാഷ്ട്ര കമ്പനികൾക്ക് അവ പ്രവർത്തിക്കുന്ന രാജ്യത്ത് കുറഞ്ഞത് 15 ശതമാനം നികുതി ഏർപ്പെടുത്താൻ തത്വത്തിൽ തീരുമാനം. വൻതോതിൽ നികുതി ഇളവ് നൽകുന്ന ചെറു രാജ്യങ്ങളെ ആസ്ഥാനമാക്കി മാറ്റുകയും ആഗോളതലത്തിൽ പ്രവർത്തിച്ച് വരുമാനത്തിന് ആനുപാതികമായ നികുതി അടയ്ക്കുന്നതിൽനിന്ന് 'നിയമപരമായി' ഒഴിവാകുകയും ചെയ്യുന്ന കോർപറേറ്റ് രീതി അവസാനിപ്പിക്കാൻ വർഷങ്ങളായി നടക്കുന്ന ചർച്ചയാണ് ഫലം കണ്ടതെന്ന് ബ്രിട്ടീഷ് ധനമന്ത്രി റിഷി സുനാക് പറഞ്ഞു.

വിവിധ രാജ്യങ്ങൾ നികുതി ഇളവ് നൽകി വൻകിട കമ്പനികളെ നാട്ടിലേക്ക് ആകർഷിച്ചു വരുന്നു. ഇവർക്ക് നൽകുന്ന ഇളവുകൾ പൊതു ഖജനാവിനെ സാരമായി പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. കോവിഡ് കാലത്ത് ആകെ തകിടം മറിഞ്ഞ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ മിക്ക രാജ്യങ്ങൾക്കും ഈ ഇളവുകൾ പിൻവലിച്ചേ മതിയാകൂ എന്ന നില വന്നു.

## ജി 7 ഏർപ്പെടുത്തിയ നികുതി അപര്യാപ്തം

ജി 7 ധനമന്ത്രിമാരുടെ യോഗം വൻകിട കോർപറേറ്റുകൾക്ക് ഏർപ്പെടുത്തിയ 15 ശതമാനം നികുതി തികച്ചും അപര്യാപ്തമെന്ന് അന്താരാഷ്ട്ര സന്നദ്ധ സംഘടന ഓക്സ്ഫാം. കോർപറേറ്റുകൾക്ക് നിശ്ചയിച്ച മിനിമം നികുതി വളരെ കുറഞ്ഞുപോയെന്നും, ഇതുകൊണ്ട് കാര്യമായ മാറ്റം ഇപ്പോഴുള്ള സാഹചര്യത്തിൽ വരില്ലെന്നും ഓക്സ്ഫാം എക്സിക്യൂട്ടീവ് ഡയറക്ടർ ഗബ്രിയേല ബുച്ചർ പറഞ്ഞു. ജി 7 രാഷ്ട്രങ്ങൾക്ക് ഗുണം ചെയ്യുമെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന വൻകിട കോർപറേറ്റുകൾക്ക് പുതിയ നിരക്ക് നിഷ്പ്രയാസം മറികടക്കാനാകും. പുതിയ തീരുമാനം 'നിയമപരമായ' നികുതി വെട്ടിപ്പ് തടയാൻ പര്യാപ്തമല്ല.ആഗോള കോർപറേറ്റുകൾ പ്രവർത്തിക്കുന്ന രാജ്യത്ത് 15 ശതമാനം നികുതിയടയ്ക്കണമെന്ന് ജി 7 ധനമന്ത്രിമാരുടെ യോഗം ശനിയാഴ്ച തീരുമാനിച്ചിരുന്നു. മിക്ക കോർപറേറ്റുകളും ഇതിനോട് അനുകൂലമായാണ് പ്രതികരിച്ചത്. നികുതി ഇളവ് നൽകുന്ന രാജ്യങ്ങളിൽ ശാഖ തുടങ്ങിയ ലാഭം അവിടെനിന്ന് ലഭിച്ചതായി കാണിച്ചാണ് മിക്ക കമ്പനികളും നികുതി 'തിരിമറി' നടത്തുന്നത്.,

# ആഗോളകടം പെരുകി

- 2020ൽ ആഗോള കടത്തിൽ
- 32 ലക്ഷം കോടി ഡോളറിന്റെ വർധന




കോവിഡ് ഉണ്ടാക്കിയ സാമ്പത്തിക പ്രതിസന്ധിയിൽ 2020ൽ ആഗോള കടം 260.6 ലക്ഷം കോടി ഡോളറായി ഉയർന്നെന്ന് പ്രമുഖ സാമ്പത്തിക വിശകലന ഏജൻസിയായ മൂഡീസ് ഇൻവെസ്റ്റർ സർവീസ്. മുൻ വർഷത്തേതിൽനിന്ന് 32 ലക്ഷം കോടി ഡോളറിന്റെ വർധനയാണ് ഇത്. 2021ൽ സ്ഥിതി ഇനിയും വഷളാകുമെന്നും റിപ്പോർട്ടിൽ പറയുന്നു.

വളരുന്ന മാർക്കറ്റുകളിൽ ആഫ്രിക്കയും കരീബിയനുമാകും ഏറ്റവും പ്രതിസന്ധി നേരിടുക. സർക്കാരുകളുടെ നയപരമായ പിന്തുണ നിലനിൽക്കുമ്പോൾത്തന്നെ, വളരുന്ന മാർക്കറ്റുകളുടെ കടംവീട്ടൽ കഴിവിനെ മഹാമാരി പ്രതിസന്ധിയിലാക്കും. വൻ സാമ്പത്തികശക്തികളുടെ ഉൽപ്പാദനക്ഷമതയെയും കോവിഡ് വെല്ലുവിളിക്കും. കോവിഡ് ഉയർത്തിയ സാമ്പത്തിക ഞെരുക്കത്തിൽനിന്ന് പുറത്തുകടക്കുക പ്രയാസകരമാകും. പ്രതിസന്ധിയെ ആദ്യം മറികടക്കുക അമേരിക്കയാകും. തെക്കൻ യൂറോപ്യൻ രാജ്യങ്ങൾ കൂടുതൽ സമയമെടുക്കും.

2020ന്റെ അവസാന പാദത്തോടെ സർക്കാർ കടം ആഗോള ജിഡിപിയുടെ 105 ശതമാനമായി ഉയർന്നു. കോവിഡിനുമുമ്പ് ഇത് രണ്ടാം ലോകയുദ്ധത്തിനുശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കായ 88 % ആയിരുന്നു. കോർപറേറ്റ് കടത്തിലും (നോൺ ഫിനാൻഷ്യൽ) വലിയ വർധനയുണ്ടായി. 2019 അവസാനം ജിഡിപിയുടെ 93 ശതമാനമായിരുന്നത് 102 ശതമാനത്തിലെത്തി. കോർപറേറ്റ് കടം (ഫിനാൻഷ്യൽ) 80ൽനിന്ന് 86 ശതമാനമായും കുടുംബ കടം 61ൽനിന്ന് 66 ശതമാനമായും ഉയർന്നു. 2010 മുതൽ 2020വരെ ആഗോളകടത്തിലുണ്ടായ വർധനയുടെ 65 ശതമാനവും സമ്പന്ന രാഷ്ട്രങ്ങളുടെ സംഭാവനയാണെന്നും റിപ്പോർട്ടിൽ പറഞ്ഞു.

## ഇന്ത്യൻ സൈനികമേഖലയിൽ യുഎസ് പങ്കാളിത്തം കൂട്ടും

സൈനികമേഖലയിൽ അമേരിക്കൻ പങ്കാളിത്തം ശക്തിപ്പെടുത്താൻ തീരുമാനിച്ചുവെന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിങ് പറഞ്ഞു. ഇന്ത്യ സന്ദർശിക്കുന്ന അമേരിക്കൻ പ്രതിരോധസെക്രട്ടറി ലോയ്ഡ് ജയിംസ് ഓസ്റ്റിനുമായി ചർച്ചയ്ക്കുശേഷമാണ് രാജ്നാഥ് സിങ് ഇക്കാര്യം അറിയിച്ചത്. ഇൻഡോപസിഫിക് കമാൻഡ്, സെൻട്രൽ കമാൻഡ്, ആഫ്രിക്കൻ കമാൻഡ് എന്നിവയിൽ ഉൾപ്പെടെ ഉഭയകക്ഷി സഹകരണം വിപുലമാക്കും. അമേരിക്കയുമായി ഒപ്പിട്ട ലമോവ, കോംകാസ, ബെക്ക ഉടമ്പടികളുടെ പൂർണമായ ലക്ഷ്യം നേടിയെടുക്കാനുള്ള മാർഗങ്ങൾ ചർച്ച ചെയ്തു. പ്രതിരോധമേഖലയിൽ വിദേശനിക്ഷേപം അനുവദിച്ച സാഹചര്യം പ്രയോജനപ്പെടുത്താൻ അമേരിക്കൻ വ്യവസായികളെ ക്ഷണിച്ചു.

പ്രതിരോധ വ്യവസായമേഖലയിൽ വിപുലമായ തോതിൽ ഉഭയകക്ഷി സഹകരണത്തിനു തീരുമാനമായി. ഇൻഡോ പസിഫിക് മേഖലയിൽ ഒന്നിച്ചുനീങ്ങാനുള്ള ചട്ടക്കൂടിന് ക്വാഡ് ഉച്ചകോടിയിൽ രൂപംനൽകി. മാറിവരുന്ന രാജ്യാന്തരസാഹചര്യത്തിൽ ഇന്ത്യ പ്രധാന പങ്കാളിയാണെന്ന് ഓസ്റ്റിൻ പറഞ്ഞു. പ്രതിരോധമേഖലയിൽ ഇന്ത്യയുമായി സമഗ്രപങ്കാളിത്തത്തിന് അമേരിക്ക കാത്തിരിക്കയാണെന്നും അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോഡിയെയും ഓസ്റ്റിൻ സന്ദർശിച്ചു. ഇന്ത്യയുമായുള്ള തന്ത്രപരമായ സഹകരണം ശക്തിപ്പെടുത്താനുള്ള അമേരിക്കയുടെ ആഗ്രഹം അദ്ദേഹം അറിയിച്ചു. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സേനാ തലവൻ ജനറൽ ബിപിൻ റാവത്ത് എന്നിവരും കൂടിക്കാഴ്ചയിൽ പങ്കെടുത്തു. ഇന്ത്യ പൂർണമായി അമേരിക്കയുടെ ഒരു സാമന്ത രാജ്യമായി കൊണ്ടിരിക്കുകയാണ് എന്ന് ഇതിൽനിന്നും വ്യക്തം.



# പ്രായമേറുന്ന ജനസമൂഹം പുതിയ വെല്ലുവിളി



ജോസ് ടി എബ്രഹാം

ഭൂഗോളവും മനുഷ്യനും ഇന്നേവരെ കാണാത്ത അനിശ്ചിതത്വത്തിലൂടെയും സന്നിഗ്ധാവസ്ഥയിലൂടെയുമാണ് ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഭൂഗോളത്തിന്റെയും മനുഷ്യസമൂഹത്തിന്റെയും ചരിത്രമാകെ മാറ്റത്തിന്റേതായിരുന്നു. മാറ്റം എന്നത് ഒഴിവാക്കാനാവാത്തതും അനിവാര്യവുമായ പ്രതിഭാസമാണുതാനും. എന്നാൽ ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന ചില മാറ്റങ്ങൾ ഇതേവരെ മനുഷ്യൻ നേരിടാത്തവയാണ്. പരിണാമ പ്രക്രിയയിലൂടെ മനുഷ്യൻ ഉരുത്തിരിഞ്ഞ് പിന്നീട് സമൂഹമായി ജീവിക്കാൻ തുടങ്ങിയ ശേഷം മനുഷ്യന്റെ എണ്ണം ഭൂമിയിലെന്നും ഉയർന്നു കൊണ്ടിരിക്കുകയായിരുന്നു.

1798ൽ തോമസ് റോബർട്ട് മാൽത്തൂസ് അദ്ദേഹത്തിന്റെ ജനസംഖ്യ വർധനവ് സംബന്ധിച്ച തിസീസിൽ പറഞ്ഞത് ഓരോ 25 വർഷം കൂടുമ്പോഴും ജനസംഖ്യ ഇരട്ടിക്കുമെന്നും, ഭൂമിയിൽ ഉൽപ്പാദിപ്പിക്കുന്ന ഭക്ഷണം അവന് തികയാതെ വരുന്ന അവസ്ഥ

**സമൂഹത്തിൽ പ്രായമേറുന്നവരുടെ എണ്ണം ഉയരുന്നതു സംബന്ധിച്ച് പല പഠനങ്ങളും നടക്കുന്നുണ്ട്. പ്രായമേറുന്ന സമൂഹം, ഒരു രാജ്യത്തെ ആരോഗ്യ സംവിധാനങ്ങൾ, സാമൂഹ്യ സുരക്ഷ സംവിധാനം, പെൻഷൻ തുടങ്ങിയവയ്ക്കെല്ലാം പുതിയ വെല്ലുവിളികൾ ഉയർത്തും. യൂറോപ്പിലും ലാറ്റിനമേരിക്കയിലും പ്രായമായവരുടെ ജീവിതച്ചെലവുകളും, സാമൂഹ്യ സുരക്ഷയും കൈകാര്യം ചെയ്യുന്നത് പൊതു ഖജനാവിൽ നിന്നുള്ള പണം ഉപയോഗിച്ചാണ്. പ്രായമായവരുടെ ഉപഭോഗച്ചെലവിന്റെ മൂന്നിൽ രണ്ടും വഹിക്കുന്നത് പൊതു ഖജനാവിൽ നിന്നുള്ള പണമാണ്. പ്രായമായവരുടെ എണ്ണം ഉയരുന്നത് പൊതുഖജനാവിന് വലിയ ഭാരമാണ് ഉണ്ടാക്കുന്നത്. നികുതി ഘടനയിലും മാറ്റം വരുത്താൻ ഈ രാജ്യങ്ങൾ നിർബന്ധിതമാകും.**

യുണ്ടാകുമെന്നും പട്ടിണിയും മഹാമാരികളും വ്യാപകമാകുമെന്നുമാണ്. എന്നാൽ ഇന്നിപ്പോൾ മനുഷ്യൻ നേരിടുന്നത് മറ്റൊരു വിപത്താണ്. പ്രായമേറിയവരുടെ എണ്ണം ചെറുപ്പക്കാരെ അപേക്ഷിച്ച് ഉയരുന്നത് ഇപ്പോൾ പല രാജ്യങ്ങൾക്കും പുതിയ വെല്ലുവിളികൾ ഉയർത്തുകയാണ്. വ്യാവസായിക വിപ്ലവത്തോടെ ഉയർന്നുവന്ന നഗരങ്ങളും നഗരജീവിതവും സംസ്കാരവും, അതുമായി ബന്ധപ്പെട്ട അണുകുടുംബങ്ങളും കുട്ടികളുടെ എണ്ണം നിയന്ത്രിക്കാൻ നിർബന്ധിതമായിത്തീർന്നു. ചിലർ കുട്ടികൾ തന്നെ വേണ്ട എന്ന ചിന്തയിലേക്കും എത്തി. വൈദ്യശാസ്ത്രവും സാങ്കേതിക വിദ്യകളും കുട്ടികളെ നിയന്ത്രിക്കാനുള്ള പല മാർഗങ്ങളും പ്രദാനം ചെയ്യുകയും ചെയ്തു.

വൈദ്യശാസ്ത്രം ഒരുവശത്ത് കുട്ടികളുടെ എണ്ണം നിയന്ത്രിക്കാൻ സഹായിച്ചപ്പോൾ മനുഷ്യന്റെ ആയുസ് വർധിപ്പിക്കുന്നതിനും വലിയ സംഭാവന നൽകി. ഉദാഹരണത്തിന് മാൽത്തൂസും അദ്ദേഹത്തിന്റെ തീസിസും മുന്നോട്ടുവന്ന 1800 കാലത്ത് ഇന്ത്യയിലെ മനുഷ്യരുടെ പ്രതീക്ഷിത ജീവിതദൈർഘ്യം 25.44 വയസായിരുന്നു. പ്ലേഗ് പടർന്നുപിടിച്ച 191920 മഹാമാരിക്കാലത്ത് അത് 21.16 ആയി കുറഞ്ഞു. പിന്നീട് ക്രമേണ ഉയർന്ന് 1975ൽ 49.37ഉം 2000 എത്തിയപ്പോൾ 69.27ഉം ആയി. 1860ൽ അമേരിക്കയിലെ പ്രതീക്ഷിത ജീവിതദൈർഘ്യം 39.4 ആയിരുന്നു. 2020ൽ അത് 78.9 വയസായി. ആഗോളതലത്തിൽ പരിശോധിച്ചാൽ 19ാം നൂറ്റാണ്ടിലെ ശരാശരി ആയുർദൈർഘ്യം 40 വയസായിരുന്നു. 2017 എത്തിയപ്പോൾ അത് 72.2 വയസായി.

ആയുർദൈർഘ്യം ഉയരാൻ പ്രധാന കാരണം കുട്ടികളുടെ മരണനിരക്കിൽ വന്ന കാര്യമായ കുറവും, ജീവിതനിലവാരത്തിൽ ഉണ്ടായ ഉയർച്ച, രോഗങ്ങൾക്ക് പ്രതിവിധി കണ്ടുപിടിക്കുന്നതിൽ വൈദ്യശാസ്ത്രത്തിന്റെ വിജയം തുടങ്ങിയവയാണ്. പ്രായമേറുന്ന ജനതതി നാനാതരം വെല്ലുവിളികളും, പലതരം പ്രത്യാഘാതങ്ങളുമാണ് സമൂഹത്തിൽ സൃഷ്ടിക്കുന്നത്. പണിയെടുക്കാനുള്ള കഴിവുകളുള്ള ചെറുപ്പക്കാരുടെ എണ്ണം കുറയുമ്പോൾ, ഭക്ഷിക്കാനും മറ്റു വാർധക്യകാല ശുശ്രൂഷകൾ ആവശ്യമുള്ളവരുടെ എണ്ണം ഉയരുകയാണ്.

യുണൈറ്റഡ് നേഷൻസ് 2019ൽ വേൾഡ് പോപ്പുലേഷൻ ഏജിങ് 2010 എന്ന ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ പറയുന്നത് 2050ഓടു കൂടി ആകെ ജനസംഖ്യയിലെ ആറിലൊന്ന് 65 വയസ്സിന് മുകളിലുള്ളവരായിരിക്കുമെന്നാണ്. 2019ൽ അത് പതിനൊന്നിൽ ഒന്നായിരുന്നു. വികസിത രാജ്യങ്ങളിൽ ഇപ്പോൾ തന്നെ നാലിൽ ഒന്ന് പേരും 65 വയസിനു മുകളിൽ ജീവിക്കുന്ന സ്ഥിതിയുണ്ട്. ലോകത്തെ 17 രാജ്യങ്ങളിൽ അഞ്ചിൽ ഒന്ന് പേരും ഇപ്പോൾ 65 വയസിന് മുകളിൽ ജീവിക്കുന്നവരാണ്.

### പ്രായമേറുന്ന സമൂഹം, പ്രത്യാഘാതങ്ങൾ

മേൽസൂചിപ്പിച്ചതുപോലെ ലോകത്തെ ജനസമൂഹങ്ങളിലാകെ കണ്ടുവരുന്ന ഒരു പ്രതിഭാസമാണ് പ്രായക്കൂടുതലുള്ള ജനങ്ങളുടെ എണ്ണം ഉയരുക എന്നത്. 2019ൽ ലോകത്ത് എഴുപതു കോടിയിലധികം ജനങ്ങൾ 65 വയസ്സിന് മുകളിലുള്ളവരായിരുന്നു. 2050ഓടെ അത് ഇന്നത്തെ നിലയിൽ കണക്കാക്കിയാൽ 150 കോടിയായി ഉയരും. ഇപ്പോൾ ലോക ജനസംഖ്യയുടെ ഏതാണ്ട് 9% പേരാണ് 65 വയസിന് മുകളിലുള്ളവർ. അത് 2050ൽ 16% ആയി ഉയരും. 2050ഓടെ മിക്ക രാജ്യങ്ങളിലെയും 65 വയസിന് മുകളിൽ പ്രായമുള്ളവരുടെ എണ്ണം വലിയ തോതിൽ ഉയരും. ഇപ്പോൾ സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷന്മാരേക്കാൾ 4.8 വർഷം

കൂടുതലാണ്. ഭാവിയിൽ ഈ വ്യത്യാസം കുറഞ്ഞുവരുമെന്ന് യുഎൻ റിപ്പോർട്ട് പറയുന്നു.

യൂറോപ്പ്, വടക്കൻ അമേരിക്ക, ഓസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ പ്രദേശങ്ങളിലാണ് പ്രായമേറിയവരുടെ എണ്ണം ഇപ്പോൾ ഏറ്റവും ഉയർന്നുകൊണ്ടിരിക്കുന്നതും അതിന്റെ പ്രത്യാഘാതങ്ങൾ ദൃശ്യമാകുന്നതും. ഈ പ്രദേശങ്ങളിലെ രാജ്യങ്ങളിലെ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും അതിന്റേതായ പ്രത്യേകതകൾ കാണാനുമാകും. സമൂഹത്തിൽ പ്രായമേറുന്നവരുടെ എണ്ണം ഉയരുന്നതു സംബന്ധിച്ച് ഇപ്പോൾ പല പഠനങ്ങളും നടക്കുന്നുണ്ട്.

പ്രായമേറുന്ന സമൂഹം, ഒരു രാജ്യത്തെ ആരോഗ്യ സംവിധാനങ്ങൾ, സാമൂഹ്യ സുരക്ഷ സംവിധാനം, പെൻഷൻ തുടങ്ങിയവയ്ക്കെല്ലാം പുതിയ വെല്ലുവിളികൾ ഉയർത്തും. അതു കൂടാതെ കുടുംബജീവിതത്തിലും, സാമ്പത്തിക സ്ഥിതിക്കും പുതിയ മാനങ്ങൾ ഈ സ്ഥിതി മൂലം വികസിച്ചുവരും.

യൂറോപ്പിലും ലാറ്റിനമേരിക്കയിലും പ്രായമായവരുടെ ജീവിതച്ചെലവുകളും, സാമൂഹ്യ സുരക്ഷയും കൈകാര്യം ചെയ്യുന്നത് പൊതു ഖജനാവിൽ നിന്നുള്ള പണം ഉപയോഗിച്ചാണ്. പ്രായമായവരുടെ ഉപഭോഗച്ചെലവിന്റെ മൂന്നിൽ രണ്ടും വഹിക്കുന്നത് പൊതു ഖജനാവിൽ നിന്നുള്ള പണമാണ്. പ്രായമായവരുടെ എണ്ണം ആപേക്ഷികമായി ഉയരുന്നത് പൊതുഖജനാവിന് വലിയ ഭാരമാണ് ഉണ്ടാക്കുന്നത്. നികുതി ഘടനയിലും മറ്റും മാറ്റം വരുത്താൻ ഈ രാജ്യങ്ങൾ നിർബന്ധിതമാകും. ഏഷ്യൻ രാജ്യങ്ങളിൽ പൊതുവെ പ്രായമായവരുടെ സംരക്ഷണം അവരവർ തന്നെയോ കുടുംബങ്ങളോ ആണ് നിർവഹിക്കുന്നത്. സ്വാഭാവികമായി കുടുംബത്തിൽ പ്രായമായവരുടെ എണ്ണം കൂടുന്നത് കുടുംബ സാമ്പത്തിക നിലയെ ബാധിക്കും. പ്രായമായി വരുന്നവരുടെ സുരക്ഷക്ക് സ്ഥായിയായ ദീർഘകാലത്തേക്കുള്ള പദ്ധതിയും സാമ്പത്തിക പരിപാടികളും കണ്ടെത്തേണ്ടത് ഓരോ സമൂഹത്തിനും അത്യന്താപേക്ഷിതമായി കൊണ്ടിരിക്കുകയാണ്.

## മൂന്നു മക്കളാകാം : ചൈന

ജനസംഖ്യ അനുപാതത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കൈകാര്യം ചെയ്യാൻ ചൈന മൂന്നു കുട്ടികൾ വരെയാകാമെന്ന നയത്തിലേക്ക് 2021 മേയ് 31ന് മാറി. 1980ൽ കുതിച്ചുയരുന്ന ജനസംഖ്യയെ തടഞ്ഞുനിർത്താൻ ചൈന ഒറ്റക്കുട്ടി നയം നടപ്പാക്കിയിരുന്നു. ജനസംഖ്യയിൽ പ്രായമേറിയവരുടെ എണ്ണം ഉയർന്നതോടെ 2016ൽ രണ്ട് കുട്ടികളാകാം എന്ന സമീപനമെടുത്തു. എന്നാൽ അടുത്തിടെ നടന്ന സെൻസസിൽ നിന്നും മനസിലായത് ഇരട്ടക്കുട്ടി നയം സ്വീകരിച്ച ശേഷവും ജനസംഖ്യയിൽ കാര്യമായ വർധനവുണ്ടായില്ല എന്നാണ്. ഈ സാഹചര്യത്തിൽ മൂന്ന് കുട്ടി നയത്തിലേക്ക് മാറാൻ ചൈന തീരുമാനിച്ചു. ഇപ്പോൾ ചൈനയിലെ 140 കോടിയോളം വരുന്ന ജനങ്ങളിൽ 26.4 കോടി പേർ 60 വയസിന് മുകളിലുള്ളവരാണ്. ഇത് കഴിഞ്ഞ വർഷത്തേതിൽ നിന്നും 18.7 ശതമാനം കൂടുതലാണ്. 2020ൽ 1.2 കോടി ജനനമാണ് രേഖപ്പെടുത്തിയത്. സ്ത്രീകളിലെ ഗർഭധാരണ ശേഷി കുറഞ്ഞുവരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു.

ചൈന കുട്ടികളുടെ എണ്ണം നിയന്ത്രിച്ചത് സംബന്ധിച്ച് നാനാതരം ചർച്ചകൾ നടക്കുന്നുണ്ട്. എന്നാൽ പ്രധാനമായി സംഭവിച്ചത് മനുഷ്യജീവിത രീതിയിലാകെ വന്ന മാറ്റമാണ്. ചൈന മാത്രമല്ല മനുഷ്യസമൂഹമാകെ നേരിടുന്ന പ്രശ്നാണ് ജനസംഖ്യ അനുപാതത്തിൽ അതിവേഗം വന്നുകൊണ്ടിരിക്കുന്ന മാറ്റം.

## അമേരിക്കൻ പ്രസിഡന്റ് ബിഡന്റെ ആദ്യ ബജറ്റ് പ്രായമേറുന്ന സമൂഹത്തെ കണക്കിലെടുത്ത്

അമേരിക്കൻ പ്രസിഡന്റ് ജോ ബിഡൻ അവതരിപ്പിച്ച 6 ട്രില്യൻ ഡോളറിന്റെ ആദ്യ ബജറ്റ് പ്രായമേറുന്ന ജനസമൂഹത്തെ കണക്കിലെടുത്താണ്. 2017ലെ സെൻസസ് അനുസരിച്ച് അമേരിക്കയിലെ ജനങ്ങളിൽ 20.5% 2030ഓടെ 65 വയസിന് മുകളിലുള്ളവരാകും. ഈ ദശാബ്ദം തുടങ്ങിയപ്പോൾ അത് 16.8 ശതമാനം ആയിരുന്നു. അമേരിക്കൻ സമ്പദ് വ്യവസ്ഥയിലെ തൊഴിലെടുക്കുന്നവരുടെ പങ്കാളിത്തം 1970ൽ 61.7 ആയിരുന്നു. അതിപ്പോഴും വലിയ വർധനവ് ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിലാണ് ബിഡൻ തന്റെ ആദ്യ ബജറ്റ് പ്രായമേറുന്ന സമൂഹത്തെ കണക്കിലെടുത്ത് അവതരിപ്പിച്ചത്.

ഈ രൂപത്തിൽ മനുഷ്യസമൂഹത്തിൽ അതിവേഗം വരുന്ന മാറ്റം കണക്കിലെടുക്കാതെ ഒരു രാജ്യത്തിനും മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. കേരളവും സമീപഭാവിയിൽ നേരിടാൻ പോകുന്ന പ്രശ്നമാണിത്. ●

# പിടിവിട്ട വിലക്കയറ്റം

മഹാമാരിക്ക് നടുവിൽ ജനങ്ങൾ നട്ടം തിരിയുന്നതിനിടെ രാജ്യത്ത് പൊതുവിലക്കയറ്റം രൂക്ഷമാകുന്നു. ഒരുവശത്ത് രൂക്ഷമായ സാമ്പത്തികമാന്ദ്യം. മറുവശത്ത് റോക്കറ്റ് വേഗത്തിൽ കുതിക്കുന്ന വിലകൾ. മാന്ദ്യകാലത്തും വിലക്കയറ്റമെന്ന പ്രത്യേക സ്ഥിതി. കോവിഡിനു മുന്നിൽ വിറങ്ങലിച്ച് നിൽക്കുന്ന രാജ്യം മൊത്തം സ്തംഭിച്ച അവസ്ഥ.

സാധനങ്ങൾക്ക് ആവശ്യക്കാർ വർധിച്ചതിനാലാണ് വിലക്കയറ്റമെന്ന മുതലാളിത്ത സാമ്പത്തികശാസ്ത്രം ഇവിടെ വിലപ്പോകില്ല. സാമ്പത്തികത്തകർച്ചയിൽ തൊഴിലും വരുമാനവുമില്ലാതെ ജനങ്ങൾ വലയുമ്പോൾ എങ്ങനെ ഡിമാൻഡ് വർധിക്കും. എങ്കിൽ, വിലക്കയറ്റത്തിന്റെ കാരണമെന്ത്? പെട്രോൾ, ഡീസൽ വിലവർധനതന്നെ പൊതു വിലക്കയറ്റത്തിന്റെ മുഖ്യകാരണം. അതിന് ഉത്തരവാദി കേന്ദ്രസർക്കാരും. എന്തുകൊണ്ടെന്നാൽ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവ കേന്ദ്രം അടിക്കടി വർധിപ്പിച്ചതുകൊണ്ടാണ് ഇവയുടെ വില കൂടുന്നത്. അപ്പോൾ, വർധിപ്പിച്ച എക്സൈസ് തീരുവ കേന്ദ്രം വെട്ടിക്കുറച്ചാൽ വിലക്കയറ്റം തടയാമെന്ന ലളിതമായ വസ്തുത ആദ്യംതന്നെ ചൂണ്ടിക്കാട്ടട്ടെ.




പെട്രോൾ, ഡീസൽ എന്നിവയടക്കമുള്ള ഇന്ധനങ്ങൾ, ഭക്ഷ്യസാധനങ്ങൾ, ഭക്ഷ്യഎണ്ണകൾ, ഔഷധങ്ങൾ, നിർമിത ഉൽപ്പന്നങ്ങൾ എന്നിവയുടെയെല്ലാം വില കൂടിയതുമൂലം പൊതു വിലക്കയറ്റം റെക്കോഡ് ഭേദിക്കുന്നതായാണ് കഴിഞ്ഞദിവസം പുറത്തുവന്ന ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ഒരു തരത്തിലും ജീവിക്കാൻ കഴിയാത്ത സാഹചര്യം.

മൊത്തവിലസൂചികയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം മേയിൽ 12.94 ശതമാനമായി വർധിച്ചതായി കേന്ദ്ര സ്ഥിതി വിവരകാര്യാലയം തിങ്കളാഴ്ച പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. ഏപ്രിലിൽ ഈ നിരക്ക് 10. 49 ശതമാനം. 2020 മേയിൽ 3.37 ശതമാനമായിരുന്ന മൊത്ത വിലക്കയറ്റ നിരക്കാണ് ഇപ്പോൾ 12.94 ശതമാനമായത്. ഇന്ധന വിലയിൽമാത്രം 37.61 ശതമാനം വർധന. കഴിഞ്ഞ വർഷം മാർച്ചിൽ 9. 75 ശതമാനമായിരുന്ന ഇന്ധന വിലക്കയറ്റമാണ് ഇപ്പോൾ 37.61 ശതമാനത്തിലെത്തിയത്. ഉപഭോക്തൃ വിലസൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം അഥവാ വിലക്കയറ്റവും വർധിച്ചു. വർധന 6.3 ശതമാനം. ആറു മാസത്തിനിടയിലെ ഏറ്റവും കൂടിയ നിരക്ക്. ഉപഭോക്തൃ വിലസൂചിക വരുംദിവസങ്ങളിൽ ഇനിയും കുതിക്കുമെന്ന് വിവിധ റേറ്റിങ് ഏജൻസികൾ വിലയിരുത്തിയിട്ടുണ്ട്. ഈ സൂചികയനുസരിച്ചുള്ള വിലക്കയറ്റനിരക്ക് ആറുശതമാനത്തിനപ്പുറം കടക്കാൻ പാടില്ലെന്നാണ് റിസർവ് ബാങ്ക് പണനയത്തിലെ നിലപാട്.

വിലക്കയറ്റം ലക്ഷ്യമിട്ട് അരങ്ങേറുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവയും രാജ്യത്ത് വ്യാപകമായുണ്ട്. എന്നാൽ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കൂട്ടുന്നതാണ് മുഖ്യകാരണം. ദിവസേന ഏതാനും പൈസ കൂട്ടിയാൽ ആരുമറിയില്ലെന്ന മട്ടിൽ തുടർച്ചയായി വില കൂട്ടുന്ന സ്ഥിതി. പല നഗരങ്ങളിലും പെട്രോൾ ഡീസൽ വില ലിറ്ററിന് 100 രൂപ കടന്നു. സർവ മേഖലയിലെയും വിലക്കയറ്റത്തിന്റെ കാരണം മറ്റെവിടെയും തെരയേണ്ടതില്ല. സമ്പദ് വ്യവസ്ഥയെ കരകയറ്റണമെങ്കിൽ, വളർച്ചയുണ്ടാകണമെങ്കിൽ സമ്പദ് വ്യവസ്ഥയിലേക്ക് പണം എത്തണം. സർക്കാർ കൂടുതൽ പണം ചെലവാക്കണം. ബാങ്ക് വായ്പകൾ മുഖേനയും ജനങ്ങൾക്ക് നേരിട്ട് പണം നൽകിയും ഇത് സാധിക്കാം. അപ്പോൾ, ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭിക്കും. ആ പണം കമ്പോളത്തിലെത്തും. അങ്ങനെ സമ്പദ് വ്യവസ്ഥ ചലിക്കും. മാന്ദ്യകാലത്ത് മുതലാളിത്ത രാജ്യങ്ങളിലടക്കം ചെയ്യുന്നത് ഇതാണ്. എന്നാൽ, ഇവിടെ വിലക്കയറ്റത്തിന്റെ പേര് പറഞ്ഞ് സമ്പദ് വ്യവസ്ഥയിൽ പണം എത്താനുള്ള എല്ലാ വഴിയും അടയ്ക്കുകയാണ്. വിലക്കയറ്റം പേടിച്ച് റിസർവ് ബാങ്ക് ആറു മാസത്തോളമായി പലിശനിരക്ക് കുറയ്ക്കാൻ തയ്യാറാകുന്നില്ല. പലിശ കുറഞ്ഞാൽ വായ്പ കൂടുകയും അത് വിലക്കയറ്റത്തിന് ഇടയാക്കുകയും ചെയ്യുമെന്ന് റിസർവ് ബാങ്ക് കണക്കാക്കുന്നു.



എളമരം കരീം എം.പി

# ലക്ഷദ്വീപിൽ സംഭവിക്കുന്നത്




**ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ കോഡാ പട്ടേൽ ആരംഭിച്ച ഭരണ പരിഷ്കാരങ്ങളാണ് ലക്ഷദ്വീപിൽ അശാന്തി പടർത്തിയത്. പ്രിവൻഷൻ ഓഫ് ആന്റി സോഷ്യൽ ആക്ടിവിറ്റീസ് റഗുലേഷൻ, അനിമൽ പ്രിസർവേഷൻ റഗുലേഷൻ, പഞ്ചായത്ത് റഗുലേഷൻ, ലക്ഷദ്വീപ് ഡെവലപ്പ്മെന്റ് അതോറിറ്റി റഗുലേഷൻ തുടങ്ങിയ നിയമങ്ങൾ ലക്ഷദ്വീപിലെ ജനങ്ങളെ അസ്വസ്ഥരാക്കിയിരിക്കുകയാണ്. എന്താണ്, ഈ നടപടികളുടെ ലക്ഷ്യം ? അതിമനോഹരങ്ങളായ ദ്വീപുകളെ, ടൂറിസം വികസന പദ്ധതികൾക്കായി, കോർപറേറ്റുകൾക്ക് കൈമാറുക എന്നതാണ് ഇതിന് പിന്നിലെ അജണ്ട**

അറബിക്കടലിലെ 36 ദ്വീപുകൾ അടങ്ങുന്ന സമൂഹമാണ് ലക്ഷദ്വീപ്. 10 ദ്വീപുകളിൽ മാത്രമാണ് ജനവാസമുള്ളത്. 1956ലാണ് കേന്ദ്ര ഭരണപ്രദേശം എന്ന പദവി ദ്വീപ് സമൂഹങ്ങൾക്ക് ലഭിച്ചത്. എഴുപതിനായിരത്തോളമാണ് ജനസംഖ്യ. ജനസംഖ്യയിൽ 97 ശതമാനവും മുസ്ലീങ്ങളാണ്. ദ്വീപ് ജനത, ഭരണഘടനയിലെ പട്ടികവർഗ വിഭാഗത്തിൽ പെടുന്നവരാണ്. ദ്വീപ് നിവാസികൾ മലയാള ഭാഷ സംസാരിക്കുന്നവരാണ്. ഈ ദ്വീപ് സമൂഹം കേന്ദ്ര ഭരണപ്രദേശമായി പ്രഖ്യാപിക്കുന്നതിനു മുമ്പ്,

കേരളത്തിന്റെ ഭാഗമായിരുന്നു. 1952ലെ പൊതു തെരഞ്ഞെടുപ്പിൽ, കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിന്റെയും, നിയമസഭയിൽ ചേവായൂർ അസംബ്ലി മണ്ഡലത്തിന്റെയും ഭാഗമായിരുന്നു. മലയാളിയായ മൂർക്കോത്ത് രാമുണ്ണി ആയിരുന്നു ആദ്യത്തെ അഡ്മിനിസ്ട്രേറ്റർ.

പാർലമെന്റിലെ ആദ്യത്തെ പ്രതിപക്ഷ നേതാവായിരുന്ന സ. എ.കെ.ജി.യുടെ നിരന്തരമായ ഇടപെടലിനെ തുടർന്നാണ്, ലക്ഷദ്വീപിനെ കേന്ദ്രഭരണ പ്രദേശമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത്. എ.കെ.ജി. നെഹ്റുവിന് അയച്ച കത്തിന്റെ കോപ്പി, ഇന്നും ആദരവോടെ സൂക്ഷിച്ച് വെച്ചിട്ടുണ്ട്, ദ്വീപിലെ ഏതാനും വ്യക്തികൾ.

ശാന്തമായി ജീവിതം നയിച്ചിരുന്ന ദ്വീപ് ജനതയുടെ സമാധാനവും, സുരക്ഷാബോധവും തകർത്തത്, അഡ്മിനിസ്ട്രേറ്ററുടെ ചുമതലക്കാരനായി, പ്രഫുൽ കോഡാ പട്ടേൽ എന്ന ഗുജറാത്ത് സ്വദേശിയെ നിയമിച്ചത് മുതലാണ്. നിലവിലുണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റർ മരണപ്പെട്ടതിനെ തുടർന്നാണ്, ദാദ്രനഗർ ഹവേലി കേന്ദ്ര ഭരണ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്ററായ പ്രഫുൽ കോഡാ പട്ടേലിനെ ലക്ഷദ്വീപിന്റെ ചുമതലക്കാരനായി നിയമിച്ചത്. 2020 ഡിസംബറിലായിരുന്നു ഈ നിയമനം. 2010ൽ ഗുജറാത്തിൽ, നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരുന്ന മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായിരുന്നു ഇദ്ദേഹം. കാലാവധി കഴിഞ്ഞ്, 2012ൽ നടന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. രാഷ്ട്രീയ പ്രവർത്തനത്തിൽ പ്രവേശിക്കുന്നതിനു മുമ്പ്, ഇദ്ദേഹം ഒരു കൺസ്ട്രക്ഷൻ കരാറുകാരനായിരുന്നു. മോദിയുടെയും അമിത് ഷായുടെയും വിശ്വസ്തനാണ് പ്രഫുൽ കോഡാ പട്ടേൽ.

നേരത്തെ ചുമതലയിലിരുന്ന അഡ്മിനിസ്ട്രേറ്റർ, ജനപ്രതിനിധികളുമായി ചർച്ച ചെയ്ത്, കോവിഡ് പ്രതിരോധത്തിനുള്ള പ്രതിരോധ നടപടികൾ തീരുമാനിച്ചിരുന്നു. 2020 ഡിസംബറിൽ, ദ്വീപിൽ കോവിഡ് കേസുകൾ പൂജ്യമായിരുന്നു. പുതിയ അഡ്മിനിസ്ട്രേറ്റർ, മാനദണ്ഡങ്ങളെല്ലാം കാറ്റിൽ പറത്തി. തുടർന്ന് കോവിഡ് വൻതോതിൽ പടർന്നുപിടിച്ചു. ജനങ്ങൾ പരിഭ്രാന്തിയിലായി. വിദഗ്ധന ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വളരെ പരിമിതമായ ലക്ഷദ്വീപിലെ ജനങ്ങൾ, ഇപ്പോൾ കടുത്ത ആശങ്കയിലാണ്.

പ്രഫുൽ കോഡാ പട്ടേൽ ആരംഭിച്ച ഭരണ പരിഷ്കാരങ്ങളാണ്, ലക്ഷദ്വീപിൽ അശാന്തി പടർത്തിയത്. ദ്വീപിനെ ബാധിക്കുന്ന നിയമങ്ങൾ നിർമിക്കുന്നത് കേന്ദ്ര സർക്കാരാണ്. പുതിയ അഡ്മിനിസ്ട്രേറ്ററുടെ നേതൃത്വത്തിൽ തയ്യാറാക്കിയ, നാല് പുതിയ നിയമങ്ങളുടെ കരട്, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് - ജില്ലാ പഞ്ചായത്ത് ഭരണസമിതികളുമായോ പാർലമെന്റ് മെമ്പറുമായോ ഒരു കൂടിയാലോചനയും നടത്താതെയാണ്, അഡ്മിനിസ്ട്രേറ്റർ, നിയമപരിഷ്കാരം നടത്താൻ തുനിഞ്ഞത്.

പുതിയ നിയമങ്ങളിലൊന്ന് " പ്രിവൻഷൻ ഓഫ് ആന്റി സോഷ്യൽ ആക്ടിവിറ്റീസ് റഗുലേഷൻ" (PASA) ആണ്. പൊതുതാൽപ്പര്യത്തിന് ഹാനികരമായി പ്രവർത്തിക്കുന്നവരെ, വിചാരണ കൂടാതെ ഒരു വർഷം വരെ തടവിൽ വെക്കാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഈ നിയമം. കുറ്റകൃത്യങ്ങൾ ഏറ്റവും കുറഞ്ഞ ദ്വീപിൽ ഇത്തരമൊരു നിയമത്തിന്റെ യാതൊരു ആവശ്യവുമില്ല. അഡ്മിനിസ്ട്രേറ്ററുടെ ഭരണപരിഷ്കാരനങ്ങളെ എതിർക്കുന്നവരെ, തുറുങ്കിലടയ്ക്കുമെന്ന് ഭീഷണപ്പെടുത്തി, നിശബ്ദരാക്കലാണ് ഇതിന്റെ ലക്ഷ്യം.

രണ്ടാമത്തെ നിയമം "അനിമൽ പ്രിസർവേഷൻ റഗുലേഷൻ" ആണ്. ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ഗോവധ നിരോധനമാണ്. പശു, കിടാങ്ങൾ തുടങ്ങിയവയെ, മാംസത്തിന് വേണ്ടി കൊല്ലാൻ പാടില്ല. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ഗോവധ നിരോധനത്തിന്



സമാനമാണ് ഈ നിയമം. നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ്, സ്കൂൾ കുട്ടികളുടെ ഉച്ച ഭക്ഷണത്തിൽ നിന്ന്, മാംസം ഒഴിവാക്കി ഉത്തരവിറക്കി. മാംസാഹാരം കഴിക്കുന്ന ദ്വീപ് നിവാസികളെ രോഷാകുലരാക്കിയ നടപടിയാണിത്.

മൂന്നാമത്തെ നിയമം "പഞ്ചായത്ത് റഗുലേഷൻ" ആണ്. രണ്ടിൽ കൂടുതൽ കുട്ടികളുള്ളവർക്ക്, പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പാടില്ലെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. എന്തിന് ഇത്തരമൊരു നിയമമെന്ന്, ആർക്കും ബോധ്യമാവുന്നില്ല. ദ്വീപിലെ വാർഷിക ജനസംഖ്യാവർധനവ് 1.7 ശതമാനം മാത്രമാണ്. ദേശീയ ശരാശരി 2.2 ശതമാനമാണ്. നിയന്ത്രണാതീതമായ ജനസംഖ്യ വർധനവില്ലാത്ത ലക്ഷദ്വീപിൽ എന്തിനാണ് ഇത്തരമൊരു നിയമം ?

നാലാമത്തെ നിയമം "ലക്ഷദ്വീപ് ഡെവലപ്പ്മെന്റ് അതോറിറ്റി റഗുലേഷൻ" ആണ്. ഈ നിയമം അനുസരിച്ച്, ദ്വീപ് നിവാസികളുടെ ഉടമസ്ഥതയിലുള്ള ഭൂമി, മൂന്നുവർഷം കൂടുമ്പോൾ, ഉടമസ്ഥത പുതുക്കി രജിസ്റ്റർ ചെയ്യണം. തലമുറകളായി കൈവശം വെക്കുന്ന ഭൂമി നഷ്ടപ്പെടുത്തുന്നതാണ് ഈ നിയമം. ആരുടെയും അനുവാദം കൂടാതെ ഭരണകൂടത്തിന് ഭൂമി ഏറ്റെടുക്കാനും, സ്ഥിരതാമസക്കാരെ ഒഴിപ്പിക്കാനും നിയമം, ദ്വീപ് ഭരണകൂടത്തിന് അധികാരം നൽകുന്നു. ജനങ്ങൾ ആകെ പരിഭ്രാന്തിയിലാവാൻ പ്രധാന കാരണം ഈ നിയമങ്ങളാണ്.

എന്താണ്, ഈ നടപടികളുടെ ലക്ഷ്യം ? കേന്ദ്ര സർക്കാരാണ്, ഈ നിയമനിർമാണങ്ങളുടെ ചുക്കാൻ പിടിക്കുന്നത്. അഡ്മിനിസ്ട്രേറ്റർ ഒരു ആയുധം മാത്രമാണ്. അതിമനോഹരങ്ങളായ ദ്വീപുകളെ, ടൂറിസം വികസന പദ്ധതികൾക്കായി, കോർപറേറ്റുകൾക്ക് കൈമാറുക എന്നതാണ്, കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. ലക്ഷദ്വീപിനെ, മാലിദ്വീപ് പോലെ വികസിപ്പിക്കുമെന്നാണ് കേന്ദ്ര സർക്കാരിന്റെ വക്താക്കൾ പറയുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'നീതി ആയോഗ്' എന്ന സ്ഥാപനം, വികസന പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞു. ലക്ഷദ്വീപിൽ വലിയ പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുന്നതാണ് ഈ പദ്ധതികൾ. ദ്വീപിലെ ജനങ്ങളുടെ ആവാസ വ്യവസ്ഥ ഇതുമൂലം തകരും.

കോർപറേറ്റുകൾ കണ്ണുവെയ്ക്കുന്ന ഭൂമി, അവിടെ താമസിക്കുന്നവരെ ഒഴിപ്പിച്ച് കൈവശപ്പെടുത്തുക എന്നതാണ് ലക്ഷ്യം. അതിനെ എതിർക്കുന്നവരെ നേരിടാനാണ്, പോലീസ് ആക്ട് ഭേദഗതി. പുതിയ അഡ്മിനിസ്ട്രേറ്റർ ചുമതല എടുത്ത ശേഷം, ഭരണകൂടത്തിന് കീഴിൽ താൽക്കാലികമായി ജോലി ചെയ്തുവന്നിരുന്ന ആയിരത്തോളം ദ്വീപ് നിവാസികളെ പിരിച്ചുവിട്ടു. ദ്വീപിലെ നിർമ്മാണ പ്രവൃത്തി കരാറുകൾ, ഗുജറാത്തുകാരായ കരാറുകാരെ ഏൽപ്പിച്ചു. മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യവും സൃഷ്ടിച്ചു.

ഈ നടപടികൾക്ക് എതിരെയാണ് ലക്ഷദ്വീപ് ജനത പ്രതിഷേധിക്കുന്നത്. തെങ്ങിന് കാവിനിറം പൂശൽ, പ്രതിഷേധിക്കുന്നവരെ തടങ്കലിൽ അടയ്ക്കൽ തുടങ്ങി ഓരോ നടപടിയും ജനാധിപത്യ വിരുദ്ധമാണ്. ഏകാധിപതിയെ പോലെയാണ് അഡ്മിനിസ്ട്രേറ്റർ പെരുമാറുന്നത്. ലക്ഷദ്വീപ് കളക്ടറുടെ കോലം കത്തിച്ചവരെ, തുറുങ്കലടച്ചു. കേരള ഹൈക്കോടതി ഇടപെട്ട് അവരെ മോചിപ്പിച്ചു. ദ്വീപ് നിവാസിയും സിനിമാ പ്രവർത്തകയുമായ ഐഷാ സുൽത്താന, അഡ്മിനിസ്ട്രേറ്ററെ വിമർശിച്ചതിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ടു. കേരള ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചതിനാൽ മാത്രം, അവർ കാരാഗൃഹവാസത്തിൽ നിന്ന് രക്ഷ നേടി.

ലക്ഷദ്വീപിലേക്ക് യാത്രയ്ക്കും, ചരക്ക് കടത്തിനും ആശ്രയിക്കുന്നത് കൊച്ചി-ബേപ്പൂർ തുറമുഖങ്ങളാണ്. ദ്വീപിൽ നിന്നുള്ള നൂറുകണക്കിന് വിദ്യാർഥികൾ ഉപരിപഠനത്തിന് വരുന്നത് കേരളത്തിലേക്കാണ്. കേരളവുമായി വളരെ അടുത്ത ബന്ധമാണ് അവർക്കുള്ളത്. ഇത് തകർക്കാൻ, ദ്വീപിന്റെ എല്ലാ ഇടപാടുകളും മംഗലാപുരം തുറമുഖത്തേക്ക് മാറ്റാൻ തീരുമാനിക്കുകയാണ്. ഭ്രാന്തൻ നടപടികളാണ്, അഡ്മിനിസ്ട്രേറ്റർ സ്വീകരിക്കുന്നത്.

പുതിയ അഡ്മിനിസ്ട്രേറ്ററുടെ ഭ്രാന്തൻ നടപടികൾ അറിഞ്ഞ ഉടനെ, സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി. അഡ്മിനിസ്ട്രേറ്ററെ തിരിച്ചു വിളിക്കണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രപതിക്ക് കത്ത് നൽകി. തുടർന്ന് കേരളത്തിൽ നിന്നുള്ള എൽഡിഎഫ് എംപിമാരും ഏതാനും യുഡിഎഫ് എംപിമാരും കത്ത് എഴുതുകയുണ്ടായി. കേരള എംപിമാർ ലക്ഷദ്വീപ് സന്ദർശിക്കാൻ ഉദ്ദേശിച്ചെങ്കിലും `അഡ്മിനിസ്ട്രേറ്റർ അനുമതി നൽകിയില്ല. ലക്ഷദ്വീപിൽ നടക്കുന്ന ജനാധിപത്യവിരുദ്ധ നടപടിക്കെതിരെ, എല്ലാവരുടെയും പ്രതിഷേധം ഉയരണം. ലക്ഷദ്വീപ് ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ എല്ലാവരും സന്നദ്ധരാവണം. ●

## ഒടുവിൽ വഴങ്ങി

# കേന്ദ്രം വാക്സിൻ നയം തിരുത്തി

**നാനാ കോണിൽ നിന്നുയർന്ന ശക്തമായ വിമർശനം, കേരളമടക്കമുള്ള സംസ്ഥാന സർക്കാരുകളുടെ കടുത്ത സമ്മർദം, ഇടപെടലുകൾ, സുപ്രീംകോടതിയുടെ കർശന സ്വരത്തിലുള്ള താക്കീത്... ഒടുവിൽ, നിൽക്കക്കള്ളിയില്ലാതെ വാക്സിൻ നയം കേന്ദ്രം തിരുത്തി.**




18നും 45നും ഇടയിൽ പ്രായമുള്ളവർക്ക് സൗജന്യമായി വാക്സിൻ നൽകില്ലെന്ന ഏപ്രിൽ 19ലെ പ്രഖ്യാപനം പ്രധാനമന്ത്രി നരേന്ദ്ര മോഡി പിൻവലിച്ചു. 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ജൂൺ 21 മുതൽ പുതിയ നയം നിലവിൽ വരും. സർക്കാർ സ്വമേധയാ എടുത്ത തീരുമാനമായി ഇതിനെ ഒട്ടുമേ കാണേണ്ടതില്ല. ഇങ്ങനെ തീരുമാനിക്കാൻ സർക്കാർ നിർബന്ധിതമായി. ജനകീയ പ്രതിഷേധങ്ങൾ ഫലം കണ്ടു. രാജ്യത്തിന് ആശ്വാസകരമായ തീരുമാനം വന്നിരിക്കുന്നു. എന്നാൽ, വാക്സിൻനയം പൂർണമായും മാറിയിട്ടില്ലെന്നതും കാണണം.

രാജ്യത്ത് ഏത് മഹാമാരിയും നിയന്ത്രണ വിധേയമാക്കേണ്ടത് കേന്ദ്ര ഗവൺമെന്റിന്റെ പരമ പ്രധാനമായ ഉത്തരവാദിത്തമാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ കോവിഡ് മഹാമാരി നിയന്ത്രണ വിധേയമാക്കണമെങ്കിൽ വാക്സിനേഷൻ ഒന്നു മാത്രമാണ് പോംവഴി. രോഗവ്യാപനവും മരണവും തടയാൻ എവിടെയും വാക്സിൻ എത്തണം. എല്ലാവരും സുരക്ഷിതരാകാതെ ആരും ഒറ്റയ്ക്ക് സുരക്ഷിതരാകില്ല. എന്നാൽ, രാജ്യത്തെ വാക്സിനേഷന്റെ സ്ഥിതിയെന്താണ്? ജൂൺ ഏഴുവരെ ഇന്ത്യയിൽ രണ്ട് ഡോസും ലഭിച്ചവർ ജനസംഖ്യയുടെ 3.3 ശതമാനംമാത്രം. പിന്നെ ഒരു ഡോസ് മാത്രം ലഭിച്ച കുറച്ചുപേർ. ഒരു ഡോസുപോലും ലഭിക്കാത്ത ജനകോടികൾ. ഇത്തരമൊരു സാഹചര്യത്തിലായിരുന്നു, സൗജന്യവും സാർവത്രികവുമായ സമ്പൂർണ വാക്സിനേഷന്റെ ഉത്തരവാദിത്തത്തിൽനിന്ന് കേന്ദ്ര സർക്കാർ ഒളിച്ചോടിയത്.

സാർവത്രികവും സൗജന്യവുമായ വാക്സിനേഷൻ നടപ്പാക്കേണ്ടത് കേന്ദ്രത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ്. ലോകത്തെ മിക്കവാറും എല്ലാ രാജ്യവും സൗജന്യമായാണ് ജനങ്ങൾക്ക് വാക്സിൻ നൽകുന്നത്. എന്നാൽ, ഇവിടെ വാക്സിൻ കമ്പനികൾക്ക് വലിയ തോതിൽ ലാഭമുണ്ടാക്കാൻ അവസരമൊരുക്കുകയാണ് മോഡി സർക്കാർ ചെയ്തത്. ഔഷധ കമ്പനികളുടെ സമ്മർദത്തിനും താൽപ്പര്യത്തിനും സർക്കാർ വഴങ്ങി. പാവങ്ങളായ ജനകോടികൾക്ക് വാക്സിൻ

നിഷേധിക്കാൻ സർക്കാർതന്നെ വഴിയൊരുക്കി. മാത്രമല്ല, വാക്സിൻ കമ്പോളത്തിൽ കടുത്ത മത്സരത്തിനും ഇടയായി. കമ്പനികളിൽനിന്ന് വാക്സിൻ വാങ്ങാൻ സംസ്ഥാനങ്ങൾ തമ്മിൽ പ്പോലും മത്സരിക്കേണ്ട സ്ഥിതി. രാജ്യത്ത് വാക്സിൻക്ഷാമം രൂക്ഷമായ സാഹചര്യത്തിലാണ് കേന്ദ്രം ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നും പ്രത്യേകം കാണണം. മഹാമാരിക്കെതിരെ പൊരുതി മടുത്ത്, സാമ്പത്തികമായി ക്ഷീണിച്ചുനിൽക്കുന്ന സംസ്ഥാന സർക്കാരുകളെ പ്രയാസത്തിലാക്കുന്നതുമായിരുന്നു ഏപ്രിലിലെ പ്രഖ്യാപനം.

ഇതിനെതിരെ രാജ്യത്തിനകത്തും പുറത്തും പ്രതിഷേധമുയർന്നു. സംസ്ഥാന സർക്കാരുകൾ രംഗത്തു വന്നു. കോടതി ശക്തിയായി ഇടപെട്ടു. കോവിഡ് വിഷയത്തിൽ സുപ്രീംകോടതി സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിൽ, അതിശക്തമായ ഭാഷയിലാണ് കഴിഞ്ഞ ജൂൺ രണ്ടിന് കേന്ദ്ര സർക്കാരിന് താക്കീത് നൽകിയത്. സർക്കാർ നയങ്ങൾ പൗരന്മാരുടെ അവകാശത്തിൽ കടന്നുകയറിയാൽ മിണ്ടാതിരിക്കാൻ ഭരണഘടന കോടതികളെ അനുവദിക്കുന്നില്ലെന്ന് അന്ന് സുപ്രീംകോടതി വ്യക്തമാക്കി. ജനങ്ങളുടെ അവകാശത്തിൽ ഇടപെട്ടാൽ മൂകസാക്ഷിയായി നോക്കി യിരിക്കില്ലെന്നും, വാക്സിൻനയത്തെ ശക്തിയായി എതിർത്ത് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് മുന്നറിയിപ്പ് നൽകി. സർക്കാർനയം ഏകപക്ഷീയവും യുക്തിരഹിതവുമാണെന്ന് കോടതി അന്നു പറഞ്ഞിരുന്നു. മാത്രമല്ല, വാക്സിനേഷനായി ബജറ്റിൽ നീക്കിവച്ച 35,000 കോടി രൂപ എന്തു ചെയ്തുവെന്നും ചോദിക്കുകയുണ്ടായി. ബജറ്റ് തുക എങ്ങനെ ചെലവാക്കി, വാക്സിൻ സംഭരണം, വില നിർണയം എന്നീ കാര്യങ്ങൾ വ്യക്തമാക്കി ജൂൺ 15ന് സത്യവാങ്മൂലം സമർപ്പിക്കണമെന്നും കോടതി ഉത്തരവിട്ടിരുന്നു. അതിനു മുന്നേയാണ് ഇപ്പോൾ നയംമാറ്റമുണ്ടായത്.

വാക്സിൻ നയംമാറ്റത്തിന് കേന്ദ്ര സർക്കാരിന്റെ കണ്ണു തുറപ്പിച്ചതിൽ കേരളത്തിന്റെ ശക്തമായ ഇടപെടലുകളും നടപടികളും എടുത്തു പറയേണ്ടതുണ്ട്. 18നു മുകളിൽ പ്രായമുള്ള എല്ലാവർക്കും സൗജന്യ വാക്സിൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രിക്ക് പലവട്ടം കത്തെഴുതി. ഇക്കാര്യത്തിൽ യോജിച്ച നീക്കത്തിനായി ബിജെപി ഇതര മുഖ്യമന്ത്രിമാർക്കും പിണറായി കത്തെഴുതി. പല മുഖ്യമന്ത്രിമാരും ഇതിന് പിന്നാലെ രംഗത്തു വന്നു. കേന്ദ്രം സൗജന്യമായി വാക്സിൻ ലഭ്യമാക്കണമെന്ന് പല മുഖ്യമന്ത്രിമാരും ആവശ്യപ്പെടാൻ തുടങ്ങി.

ഇതിനൊക്കെ മുമ്പുതന്നെ കേരളത്തിൽ എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. സൗജന്യ വാക്സിൻ പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം കേരളമാണ്. സർക്കാരിന്റെ നയപ്രഖ്യാപനത്തിലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. സൗജന്യ വാക്സിനേഷനായി, ബജറ്റിൽ 1000 കോടി രൂപ വകയിരുത്തുകയും ചെയ്തു. ഇതോടൊപ്പംതന്നെ, രാജ്യത്തെ കമ്പനികളിൽനിന്ന് സംസ്ഥാന സർക്കാർ നേരിട്ട് വാക്സിൻ വാങ്ങി 18നു മുകളിലുള്ളവർക്ക് വാക്സിനേഷൻ തുടങ്ങി. ഇതിനിടെ, വിദേശ കമ്പനികളിൽനിന്ന് വാക്സിൻ വാങ്ങാനും കേരള സർക്കാർ നടപടി തുടങ്ങി. സർക്കാരിനൊപ്പം ജനങ്ങളും അണിനിരന്നു. വാക്സിൻ ചലഞ്ച് ഏറ്റെടുത്ത ജനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം അയച്ചുകൊണ്ടേയിരിക്കുകയാണ്. സൗജന്യ വാക്സിനായി കേന്ദ്രത്തിൽ സമ്മർദം ചെലുത്തുന്നതിനൊപ്പം കേരളത്തിന്റെ മാതൃകാപരമായ ഈ നടപടികളെല്ലാം കേന്ദ്രത്തിന്റെ മനസ്സുമാറ്റാൻ ഇടയാക്കിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ പരാതിയെ തുടർന്നാണ് നയംമാറ്റമെന്ന് പ്രധാനമന്ത്രി പറഞ്ഞതും ചേർത്തു വായിക്കാം.

കേന്ദ്രം നയം മാറ്റി. ഇനി രാജ്യവ്യാപകമായി വാക്സിനേഷൻ ശക്തമായി നടപ്പാക്കുകയാണ് പ്രധാനം. അതിന് സംസ്ഥാനങ്ങൾക്ക് ആവശ്യമായ വാക്സിൻ അതിവേഗം ലഭ്യമാക്കണം. കേന്ദ്രം വാക്സിൻ സംഭരിച്ച് നൽകുന്നതു സംബന്ധിച്ച് വ്യക്തതയും സുതാര്യതയും ഉറപ്പാക്കണം. വിതരണത്തിലെ താളപ്പിഴകളും കാലതാമസവും ഒഴിവാക്കാൻ അടിയന്തര നടപടികൾ വേണം. വാക്സിൻ ഉൽപ്പാദനത്തെ മുൻനിർത്തി പ്രധാനമന്ത്രി പറഞ്ഞ കാര്യങ്ങളൊക്കെ സമയബന്ധിതമായി നടപ്പാക്കണം. ഇപ്പോൾ , പ്രഖ്യാപിച്ച നയത്തിൽ 75 ശതമാനം വാക്സിൻ കേന്ദ്രം സംഭരിക്കുമ്പോൾ 25 ശതമാനം സ്വകാര്യ ആശുപത്രികൾക്ക് നൽകുമെന്നും പറഞ്ഞിട്ടുണ്ട്. സൗജന്യ വാക്സിനേഷൻ ഉറപ്പാക്കിയാൽ ഇതിന്റെ ആവശ്യമുണ്ടോ എന്നതും പരിശോധിക്കേണ്ടതുണ്ട്. അതിനാൽ തീരുമാനം പിൻവലിച്ച് സൗജന്യവും സാർവത്രികവുമായ വാക്സിനേഷൻ നടപ്പാക്കണമെന്നും സിപിഐ എം പൊളിറ്റ്ബ്യൂറോ ആവശ്യപ്പെട്ടിട്ടുണ്ട്. ●

# മുഖമെത്ര മിനുക്കിയിട്ടും

**എ.സിയാവുദ്ദീൻ**

**കഴിയുന്നത്ര പെട്ടെന്ന് വാക്സിൻ ശേഖരിച്ച് ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ ലോകമാകെ സർക്കാരുകൾ ത്വരിത നടപടി സ്വീകരിച്ചപ്പോൾ മോഡി സർക്കാരിന്റെ മനുഷ്യത്വരഹിതമായ കച്ചവട മനസാണ് രാജ്യം കണ്ടത്. കോർപ്പറേറ്റ് ലോബിക്കു നിർലജ്ജം വഴങ്ങി കൂടിയ വിലക്ക് വാക്സിൻ വാങ്ങാൻ സംസ്ഥാന സർക്കാരുകളെ നിർബന്ധിക്കാനും, സ്വന്തം ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറാനും സ്വകാര്യ മേഖലക്ക് യഥേഷ്ടം വില നിശ്ചയിച്ച് വാക്സിൻ വാങ്ങാൻ അവസരം നൽകി ജീവന് വിലപേശാനും ഒരു മനഃസാക്ഷിക്കുത്തും ഇല്ലാത്ത ഭരണാധികാരിയാണ് താനെന്ന് മോഡി തെളിയിച്ചിരിക്കുകയാണ്.**

നരേന്ദ്ര മോഡി പ്രധാനമന്ത്രി സ്ഥാനത്തെത്തിയ ശേഷം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ച വീര, ശൂര പ്രതിഛായയാകെ ഏഴു വർഷം പിന്നിടുമ്പോൾ തകർന്നടിഞ്ഞ് പടുകുഴിയിലാണ്. രാജ്യത്തെ സാമ്പത്തിക തകർച്ച അതിന്റെ പാരമ്യത്തിലാണ്. നോട്ട് നിരോധനം, മുന്നറിയിപ്പില്ലാതെ നടപ്പാക്കിയ അടച്ചുപൂട്ടൽ, കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗം സൃഷ്ടിച്ച ദുരിതം ഇവയൊക്കെ ചേർന്ന് ജനരോഷം അതിന്റെ ഉച്ചസ്ഥായിൽ നിൽക്കുമ്പോഴാണ് അന്താരാഷ്ട്ര മാധ്യമങ്ങളും



റിപ്പോർട്ടർമാരും മോഡിയുടെ ഇൻഡ്യ എവിടെ എത്തിയെന്ന് വാർത്തകളിലൂടെ, ചിത്രങ്ങളിലൂടെ, വിഡിയോകളിലൂടെ ലോകത്തോട് വിളിച്ചു പറഞ്ഞത്. പാത്രം കൊട്ടലും വിളക്കുതെളിക്കലും ഗോമൂത്രം കുടിയും ചാണകക്കുളിയും അരങ്ങു തകർത്തപ്പോൾ ഓക്സിജനില്ലാതെ പ്രാണവായുവിനു ലഭിക്കാതെ, മരുന്നില്ലാതെ, ചികിൽസ ലഭിക്കാതെ പതിനായിരങ്ങൾ മരിച്ചുവീഴുകയായിരുന്നു. മൃതദേഹങ്ങൾ ഗംഗയിൽ ഒഴുകി നടക്കുന്നു. ശ്മശാനങ്ങളിൽ ഒഴിവില്ലാതെ തെരുവോരത്ത് പ്രിയപ്പെട്ടവരുടെ ചിതയൊരുക്കുന്നവരുടെ നിസ്സഹായത നിറഞ്ഞ മുഖങ്ങളും ലോകം നെടുവീർപ്പോടെ നോക്കി നിന്നു.

കഴിയുന്നത്ര പെട്ടെന്ന് വാക്സിൻ ശേഖരിച്ച് ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ ലോകമാകെ സർക്കാരുകൾ ത്വരിത നടപടി സ്വീകരിച്ചപ്പോൾ മോഡി സർക്കാരിന്റെ മനുഷ്യത്വരഹിതമായ കച്ചവട മനസാണ് രാജ്യം കണ്ടത്. കോർപ്പറേറ്റ് ലോബിക്കു നിർലജ്ജം വഴങ്ങി കൂടിയ വിലക്ക് വാക്സിൻ വാങ്ങാൻ സംസ്ഥാന സർക്കാരുകളെ നിർബന്ധിക്കാനും ,സ്വന്തം ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറാനും സ്വകാര്യ മേഖലക്ക് യഥേഷ്ടം വില നിശ്ചയിച്ച് വാക്സിൻ വാങ്ങാൻ അവസരം നൽകി ജീവന് വിലപേശാ

നും ഒരു മനഃസാക്ഷിക്കുത്തും ഇല്ലാത്ത ഭരണാധി കാരിയാണ് താനെന്ന് മോഡി തെളിയിച്ചു.

അങ്ങനെ ഇൻഡ്യയുടെ പ്രധാനമന്ത്രി അകത്തും രാജ്യത്തിനു പുറത്തും അവഹേളന പാത്രമായി നിൽക്കുന്ന അവസരത്തിലാണ് മുതലാളിത്ത പ്രാമാണിക രാഷ്ട്രങ്ങളുടെ കൂട്ടായ്മയായ G 7 ന്റെ യോഗം ജൂൺ 12, 13 തീയതികളിൽ ഇംഗ്ളണ്ടിലെ കാർബിസ് ബേ എന്ന സുഖവാസ കേന്ദ്രത്തിൽ വച്ച് നടന്നത്. ബ്രിട്ടൻ, കാനഡ, ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ, അമേരിക്ക എന്നീ രാജ്യങ്ങളുടെ മുഖ്യ ഭരണാധികാരികളുടെ വാർഷിക ഒത്തുകൂടലിന്റെ ഒന്നാം പരിഗണന തങ്ങളുടെ സാമ്രാജ്യത്ത ,മുതലാളിത്ത താൽപര്യങ്ങൾ സംരക്ഷിക്കാനും സോഷ്യലിസ്റ്റ് ശക്തികളെ ക്ഷീണിപ്പിക്കാനും അതിന് ഉതകും വിധം രാഷ്ട്രീയ, സാമ്പത്തിക അടവുകൾക്ക് രൂപം നൽകാനുമാണ്. ഒന്നര ദശകത്തോളമായി തുടരുന്ന ലോക സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറാനാവാതെ ഉഴലുന്നതിനിടയിലാണ് അപ്രതീക്ഷിതമായി കടന്നു വന്ന കോവിഡ് 19 മഹാമാരി തകർച്ച പിന്നെയും രൂക്ഷമാക്കിയത്. മുകളിൽ സൂചിപ്പിച്ച അജണ്ടകൾ ചർച്ച ചെയ്യുന്നതിന് അനുബന്ധമായി കോവിഡ് 19 നേരിടൽ, വികസനം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ ഓൺലൈനിൽ അഭിപ്രായം രേഖപ്പെടുത്താൻ അതിഥികളായി സൗത്ത് ആഫ്രിക്ക, ഇൻഡ്യ, ആസ്ട്രേലിയ, തെക്കൻ കൊറിയ എന്നീ രാജ്യങ്ങളെയും ക്ഷണിച്ചിരുന്നു.

ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ഇൻഡ്യയുടെ പ്രധാനമന്ത്രി പ്രസ്തുത യോഗത്തിൽ മുന്നോട്ടു വച്ച നിർദേശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം

* തടസമേതുമില്ലാതെ വാക്സിൻ ഉൽപ്പാദനവും വിതരണവും നടത്താൻ കഴിയണം. അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിന് തടസങ്ങൾ പാടില്ല.
* ഇൻഡ്യയിൽ കോവിഡ് രോഗികളെ കണ്ടെത്തുന്നതിനും ശരിയായ രീതിയിൽ വാക്സിൻ വിതരണം നടത്താനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ അനുഭവവും ഇക്കാര്യത്തിൽ ഇന്ത്യ നേടിയ വൈദഗ്ധ്യവും മറ്റു രാജ്യങ്ങളുമായി പങ്കുവക്കാൻ ഞങ്ങൾ തയാറാണ്.

ഏറ്റവും പരിതാപകരമായ രീതിയിൽ കോവിഡ് പ്രതിരോധം കൈകാര്യം ചെയ്ത, രോഗവ്യാപനം വർധിപ്പിക്കാൻ കഴിയുന്നത്ര അവസരം നൽകിയ ,അശാസ്ത്രീയതയും അന്ധവിശ്വാസവും പ്രോൽസാഹിപ്പിച്ച ,ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ള ഏറ്റവും കുറച്ചു പേർക്ക് വാക്സിൻ നൽകിയ ,മഹാമാരി മൂലം ജീവിതം തുലഞ്ഞവരോട് ഒരു സഹാനുഭൂതിയും കാട്ടാത്ത രാജ്യത്തിന്റെ പ്രധാനമന്ത്രി ഏതുതരം അനുഭവമാണ് മറ്റുള്ളവർക്കു പകർന്നു നൽകുക? ഈ അസുലഭ അവസരം മറയാക്കി കർഷകരെയും തൊഴിലാളികളെയും എങ്ങനെയൊക്കെ ദ്രോഹിക്കാം ,കോവിഡ് ചികിൽസക്കുള്ള മരുന്നിനും ഉപകരണങ്ങൾക്കും നികുതി ചുമത്താം, പെട്രോളിയം ഉൽപന്നങ്ങൾക്ക് വില ദിവസം തോറും വർധിപ്പിച്ച് എങ്ങനെ ജനങ്ങളെ കൊള്ളയടിക്കാം, ജാതി, മത വൈരം മൂർച്ഛിപ്പിച്ച് ജനങ്ങളെ എങ്ങനെയൊക്കെ വിഘടിപ്പിക്കാം ,എതിർശബ്ദങ്ങളെ എപ്രകാരമൊക്കെ അമർച്ച ചെയ്യാം എന്നതിലൊക്കെ നേടിയ വൈദഗ്ധ്യമാണോ നരേന്ദ്ര മോഡി ലോകത്തിന് പ്രദാനം ചെയ്യാൻ പോകുന്നത്?

തീർന്നില്ല. ഇതേ സമ്മേളനത്തിൽ നടത്തിയ മറ്റൊരു പ്രഭാഷണത്തിൽ മോഡി ഇങ്ങനെയും പറഞ്ഞുവത്രെ

* സ്വേഛാധിപത്യം, ഭീകര പ്രസ്ഥാനം , തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കൽ (disinformation) സാമ്പത്തിക സമ്മർദം അടിച്ചേൽപ്പിക്കൽ എന്നിവക്കെതിരെ മാതൃകാപരമായ പ്രവർത്തനമാണ് ഇൻഡ്യ കാഴ്ച വക്കുന്നത്. ഇക്കാര്യങ്ങളിലൊക്കെ ഇൻഡ്യ G 7 രാജ്യങ്ങളുടെ സ്വാഭാവിക സുഹൃത്താണെന്നും മോഡി അവകാശപ്പെട്ടു.(വേവു നോക്കാൻ ചോറ് ഒന്നു മതിയല്ലോ. അവിടെ ഗ്വാണ്ടനാമോ തടവറ. ഇവിടെ അനധികൃത (?) കുടിയേറ്റ തടവറ = സ്വാഭാവിക സൗഹൃദം)
* ജനാധിപത്യ മൂല്യങ്ങൾ ഇൻഡ്യ ഉയർത്തിപ്പിടിക്കുന്നു. അഭിപ്രായ പ്രകടന സ്വാതന്ത്ര്യം സംരക്ഷിക്കാൻ ഞങ്ങൾ പ്രതിബദ്ധരാണ്!

അവകാശവാദങ്ങൾ അതി മനോഹരം. G 7 നേതാക്കൾ സ്വാഭാവികമായും കയ്യടിച്ചിരിക്കും. വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം തിരിച്ചറിയുന്ന ലോക ജനതയുടെ സ്വാഭാവിക വികാരം പക്ഷെ, തികഞ്ഞ അവജ്ഞയായിരിക്കും

മുഖമെത്ര മിനുക്കി നോക്കിയിട്ടും കാര്യമില്ല. അതിനു പിന്നിലെ കരാളത, ഹൃദയശൂന്യത ഇൻഡ്യൻ ജനത തിരിച്ചറിയുന്നുണ്ട്. ●

## ഐടി പ്ലാറ്റ്ഫോംസ്

# ചട്ടം പഠിപ്പിക്കാൻ തന്നെ കേന്ദ്രം

**ദിനേശ് വർമ**




**ഫെയ്സ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റ, വാട്സാപ്, ടെലഗ്രാം തുടങ്ങി ഇന്ത്യയിൽ വൻതോതിൽ ഉപയോഗിക്കുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ ഭാവി എന്താകുമെന്നതിൽ ചർച്ച സജീവമാണ്. ഭരണഘടനാദത്തമായ സുരക്ഷ, സ്വകാര്യത എന്നിവയുടെ ലംഘനമാണ് പുതിയ ചട്ടങ്ങളെന്ന വാദമാണ് ഐടി പ്ലാറ്റ്ഫോമുകൾ മുന്നോട്ടുവയ്ക്കുന്നത്.**

സോഷ്യൽ മീഡിയ ഉൾപ്പെടെ ഐടി പ്ലാറ്റ്ഫോമുകളെ നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മാർഗനിർദേശങ്ങളടങ്ങിയ ചട്ടം പ്രാബല്യത്തിൽ വന്നതോടെ വലിയ വിവാദങ്ങൾക്ക് തിരികൊളുത്തി. 'ഇൻഫർമേഷൻ ടെക്നോളജി റൂൾസ് 2021' കേന്ദ്രം പ്രസിദ്ധപ്പെടുത്തിയത് ഫെബ്രുവരി 25നാണ്. മൂന്നു മാസം കഴിഞ്ഞാൽ ഇതിലെ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുമെന്ന് സർക്കാർ അന്ന് വ്യക്തമാക്കിയിരുന്നു. ഇതോടെ ഫെയ്സ്ബുക്ക്, ട്വിറ്റർ, ഇൻസ്റ്റ, വാട്സാപ്, ടെലഗ്രാം തുടങ്ങി ഇന്ത്യയിൽ വൻതോതിൽ ഉപയോഗിക്കപ്പെടുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ ഭാവി എന്താകുമെന്നതിൽ ചർച്ച സജീവമാണ്.

2000ലെ ഐടി നിയമപ്രകാരം സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെ ഇടനിലക്കാരായി പരിഗണിച്ച്, അവയിൽ വരുന്ന നിയമവിരുദ്ധ ഉള്ളടക്കങ്ങളുടെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിവാക്കിയിരുന്നു. 'സേഫ് ഹാർബർ' എന്നറിയപ്പെടുന്ന ഈ പരിരക്ഷ പുതിയ ചട്ടങ്ങൾ നിലവിൽ വന്ന മെയ് 25ന് ഇല്ലാതായി. ഒരു നിയമവിരുദ്ധ ഉള്ളടക്കം പ്രസിദ്ധീകരിച്ചാൽ അതിട്ട ആളോടൊപ്പം പ്ലാറ്റ്ഫോമും നിയമനടപടി നേരിടാം. പുതിയ മാർഗനിർദേശങ്ങളുടെ സാധുതയെ ചോദ്യംചെയ്ത് വാട്സാപ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചു. കേരള ഹൈക്കോടതിയിലും ഇതുസംബന്ധിച്ച് ഹർജിയുണ്ട്. ഭരണഘടനാദത്തമായ സുരക്ഷ, സ്വകാര്യത എന്നിവയുടെ ലംഘനമാണ് പുതിയ ചട്ടങ്ങളെന്ന വാദമാണ് ഹർജി നൽകിയവരുൾപ്പെടെ ഐടി പ്ലാറ്റ്ഫോമുകൾ മുന്നോട്ടുവയ്ക്കുന്നത്. പുതിയ ചട്ടം പറയുന്നു: ഓരോ പ്ലാറ്റ്ഫോമും ഇന്ത്യയിലുള്ള ഒരാളെ സ്ഥാപനത്തിന്റെ ചുമതലക്കാരനായി (ചീഫ് കംപ്ലയൻസ് ഓഫീസർ) വയ്ക്കണം. പുതിയ മാനദണ്ഡങ്ങൾ പ്രകാരമാണോ പോസ്റ്റുകളെന്ന് പരിശോധിക്കണം. സംശയാസ്പദമായവ നീക്കണം.

നിയമവിരുദ്ധ ഉള്ളടക്കങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ ഐടി പ്ലാറ്റ്ഫോമുകളിലെ തന്നെ ചുമതലക്കാരുൾപ്പെട്ട സമിതി രൂപീകരിക്കണം. അതിന്റെ തലപ്പത്ത് ഹൈക്കോടതി ജഡ്ജിയിൽ കുറയാത്ത ഒരാളായിരിക്കണം. മേൽപ്പറഞ്ഞ രണ്ടു തട്ടിലും പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾ കേന്ദ്ര ഐടി വകുപ്പ് നേരിട്ട് ഇടപെട്ട് നടപടിയെടുക്കണം. ഇവയാണ് പുതിയ ചട്ടത്തിന്റെ കാതൽ. നിയന്ത്രണത്തിന്റെയും നടപടിയുടെയും ആത്യന്തിക അധികാരം കേന്ദ്ര

സർക്കാരിന് കൈവരികയാണ്. രാഷ്ട്രപതിയുടെ അസാധാരണമായ ഒരുത്തരവിലൂടെ എല്ലാ ഐടി പ്ലാറ്റ്ഫോമുകളെയും കേന്ദ്ര ഐടി വകുപ്പിന്റെ കീഴിൽ കൊണ്ടുവന്നിരുന്നു.

## കെണി മെസേജിങ് ആപ്പുകൾക്ക്

എല്ലാ പ്ലാറ്റ്ഫോമുകളെയും ദോഷകരമായി ബാധിക്കുന്ന ചട്ടങ്ങളാണ് ഇതിലുള്ളതെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. നിലവിലുണ്ടായിരുന്ന സുരക്ഷയും സ്വകാര്യതാ സംരക്ഷണവും ആവിഷ്കാര സ്വാതന്ത്ര്യവും ഹനിക്കപ്പെടും. ഏറ്റവും ദോഷകരമായി ബാധിക്കുക വാട്സാപ്, ടെലഗ്രാം തുടങ്ങി മെസേജിങ് ആപ്പുകളെയാണ്. ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പോകുന്ന സന്ദേശം 'എൻക്രിപ്റ്റ്' ചെയ്ത് അഥവാ മറ്റുള്ളവർക്ക് മനസ്സിലാകാത്തവിധം രഹസ്യ കോഡുകൾ വഴിയാണ് കൈമാറുന്നത്. കേന്ദ്രം പറയുന്നത് ഏതു സന്ദേശവും ഏതു ഘട്ടത്തിൽവച്ചും പരിശോധിക്കാനും ചോർത്താനും കഴിയണമെന്നാണ്. ഇത് സന്ദേശത്തിന് നിലവിലുള്ള സ്വകാര്യത നഷ്ടപ്പെടുത്തും.

മറ്റൊന്ന്, സന്ദേശത്തിന്റെ ഉറവിടമേത്? ആര്? എന്ന വിവരങ്ങൾ കൂടി കൈമാറണമെന്നാണ്. മെസേജിങ് ആപ് രംഗത്തെ വിദഗ്ധർ പറയുന്നത് രാജ്യവിരുദ്ധമോ നിയമവിരുദ്ധമോ അധിക്ഷേപകരമോ ആയ ഏതു സന്ദേശവും നീക്കാനും അത് ഇട്ടവർക്കെതിരെ നടപടിയെടുക്കാനും ഇപ്പോൾ സംവിധാനമുണ്ട്. എന്നാൽ, 'ആക്ഷേപകരമായത് ഏത്' എന്ന് നിശ്ചയിക്കാനുള്ള അധികാരംകൂടി കേന്ദ്ര ഐടി വകുപ്പിന് ലഭിക്കുന്നതോടെ അതിന്റെ ലക്ഷ്യം മാറുമെന്നാണ്.

ബോംബെ ഐഐടിയിലെ വിവരസാങ്കേതികവിദ്യാ വിദഗ്ധനായ ഡോ. മനോജ് പ്രഭാകരൻ പറയുന്നത് നിലവിലുള്ള 'എൻക്രിപ്ഷൻ' രീതി വളഞ്ഞ വഴിയിലൂടെ പൊളിച്ചാൽ ക്രിമിനലുകളായിരിക്കും അത് കൂടുതൽ ഉപയോഗിക്കുക എന്നാണ്. നരേന്ദ്ര മോഡി അധികാരത്തിൽ വന്നശേഷമാണ് ഐടി പ്ലാറ്റ്ഫോമുകളിലെ സുരക്ഷയും സ്വാതന്ത്ര്യവും ചോദ്യംചെയ്യുന്ന നീക്കമുണ്ടായത്. നെറ്റ്ഫ്ലിക്സ് ഉൾപ്പെടെ ഒടിടി പ്ലാറ്റ് ഫോമുകളിൽ വരുന്ന സീരീസുകളിലെ ഉള്ളടക്കത്തിനെതിരെ വൻ പ്രചാരണം നടത്തിയിരുന്നു. ഇപ്പോൾ, പുതിയ ചട്ടത്തിന്റെ വരുതിയിൽ ഒടിടികളും ഉൾപ്പെടുന്നു.



## എന്താണ് ലക്ഷ്യം?

സമൂഹത്തിൽ വലിയ സ്വാധീനമായി മാറിക്കഴിഞ്ഞു സാമൂഹ്യ മാധ്യമങ്ങളുൾപ്പെടെയുള്ള ഐടി പ്ലാറ്റ്ഫോമുകൾ. അതിർവരമ്പുകൾ കടക്കുമ്പോൾ നിയന്ത്രിക്കാനുള്ള സംവിധാനം നിശ്ചയമായും ആവശ്യമാണ്. ഇപ്പോൾ തന്നെ അത്തരം നിയന്ത്രണ സംവിധാനങ്ങളുണ്ട്. കാലാനുസൃതമായി അവ പരിഷ്കരിക്കുകയാണ് വേണ്ടത്.

ഏറ്റവുമൊടുവിൽ, ഇന്ത്യയിലെ സോഷ്യൽ മീഡിയ കമ്പനികൾക്ക് കേന്ദ്ര സർക്കാർ കർശനമായ ഒരു നിർദേശം കൊടുത്തു. 'മഹാമാരിയുമായി ബന്ധപ്പെടുത്തി പ്രചരിക്കുന്ന തെറ്റായ ഉള്ളടക്കങ്ങൾ നീക്കണം.' എന്നാൽ, അതോടൊപ്പം ചേർത്ത് മറ്റൊന്നുകൂടി പറഞ്ഞു; മഹാമാരിയെ നേരിടുന്നതിൽ കേന്ദ്ര സർക്കാരിന്റെ വീഴ്ച ചൂണ്ടിക്കാട്ടുന്ന ഉള്ളടക്കങ്ങളും നീക്കണം.

ട്വിറ്റർ അടക്കമുള്ള സോഷ്യൽ മീഡിയകൾ അത് വിസമ്മതിച്ചു. തുടർന്നാണ് ഓരോ കാരണം പറഞ്ഞ് അവരോട് കേന്ദ്ര സർക്കാർ പ്രതികാര നടപടികൾ തുടങ്ങിയത്.

വിമർശിക്കുന്നത് ആരൊക്കെയാണോ, ഏതു വഴിയിലൂടെയാണോ അവയെല്ലാം അവസാനിപ്പിക്കുകയാണ് ഇന്ത്യയിലെ പുതിയ 'ജനാധിപത്യം'! പുതിയ ചട്ടങ്ങൾ സംബന്ധിച്ച് ഐടി പ്ലാറ്റ്ഫോമുകൾ നിയമയുദ്ധത്തിലേക്ക് നീങ്ങുന്നതിനാൽ സംഘപരിവാർ അധികാരകേന്ദ്രങ്ങൾ 'നിയമം' പ്രയോഗിച്ചേക്കാം. പക്ഷേ, ജനങ്ങളുടെ മുന്നിൽ 'സുരക്ഷ, സ്വകാര്യത, സ്വാതന്ത്ര്യം' എന്നിവയെല്ലാം ഒരു ചോദ്യചിഹ്നമായി അവശേഷിക്കും. ●

# ചക്രസ്തംഭന സമരം കേരളം ഒറ്റക്കെട്ടായി പങ്കെടുത്തു

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിനം പ്രതി മോദി സർക്കാർ വർധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കോർപറേറ്റുകൾക്ക് കൊള്ളലാഭം



ഉണ്ടാക്കുകയാണ് ഇതുമൂലം മോദി സർക്കാർ ലക്ഷ്യമിടുന്നത്. വമ്പിച്ച വിലവർധനവ് തൊഴിലാളികളെയും ജനങ്ങളെയും പട്ടിണിയിലേക്ക്











തള്ളിവിടുകയാണ്. ആഗോളവിപണിയിൽ ക്രൂഡ് ഓയിലിന് വില താഴുമ്പോഴും ഇന്ത്യയിൽ ദിനംപ്രതി വർധനവാണ് നടപ്പിലാക്കുന്നത്.



പൊതുഗതാഗതത്തെയും ചരക്കുനീക്കത്തെയും സാരമായി ബാധിക്കുന്ന ജനദ്രോഹ നടപടികൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിൽ



സംയുക്ത ട്രേഡ് യൂണിയൻ സമരസമിതിയുടെ നേതൃത്വത്തിൽ സംസ്ഥാനത്താകെ 2021 ജൂൺ 21ന് രാവിലെ 11 മുതൽ 11.15 വരെ നീണ്ടുനിന്ന ചക്രസ്തംഭന സമരം നടത്തി. കേരളമാകെ ഒറ്റക്കെട്ടായി പങ്കെടുത്ത സമരം വൻവിജയമായിരുന്നു.



# സിഐടിയു സ്ഥാപക ദിനാചരണം



സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസിൽ നടന്ന സ്ഥാപക
ദിനാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ്
സ. ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തുന്നു














ദിനംപ്രതി ഉയരുന്ന പെട്രോൾ, ഡീസൽ വിലവർധനവിനെതിരെ കേരള സ്റ്റേറ്റ് ആട്ടോ ടാക്സി ആന്റ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന അടിസ്ഥാനത്തിൽ സംഘടിപ്പിച്ച കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് മുന്നിലെ സമരത്തിന് ഭാഗമായി തിരുവനന്തപുരം ഏജീസിന് മുന്നിൽ നടന്ന ധർണ ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ.എസ്. സുനിൽകുമാർ ഉൽഘാടനം ചെയ്യുന്നു.

